583

# ഭൂമിശാസ്ത്രം

രണ്ടാം ഭാഗം

V. V. PUBLISHING HOUSE,
ERNAKULAM.

No: 589

# GEOGRAPHY

## Part II for Form II

EDITED BY

S. Sivarama Iyer B. A., D. Com.

# ഭൂമിശാസ്ത്രം

രണ്ടാം ഭാഗം

FOR

## FORM II

V. V. PUBLISHING HOUSE,
ERNAKULAM.

Vidya Vilasam Press, Ernakulam – 1941

# ലോവർ സെക്കണ്ടറി ഭൂമിശാസ്ത്രം

## രണ്ടാം ഭാഗം

## അദ്ധ്യായം 1.

### അർദ്ധഗോളങ്ങൾ

ഭൂമി ഒരു ഗോളമാണെന്നു നിങ്ങൾ ധരിച്ചിട്ടുണ്ടല്ലൊ. അതിനെ അർദ്ധഗോളങ്ങളായും തിരിക്കാം. കിഴക്കെ അർദ്ധഗോളം, പടിഞ്ഞാറെ അർദ്ധഗോളം എന്നൊക്കെ പറയുന്നതു നിങ്ങൾ കേട്ടിട്ടുണ്ടാകും. കിഴക്കെ അർദ്ധഗോളത്തെ പഴയ ലോകമെന്നും, പടിഞ്ഞാറെ അർദ്ധഗോളത്തെ പുതിയ ലോകമെന്നും പറയുന്നു. ഭൂഗോളത്തെ വടക്കെ അർദ്ധഗോളമെന്നും തെക്കെ അർദ്ധഗോളമെന്നും കൂടി വിഭജിക്കാമെന്നു ധരിക്കുക.

ഭൂഗോളം നോക്കിയാൽ താഴെ കാണുന്ന 5 സംഗതികൾ പ്രത്യക്ഷമാകുന്നതാണ്.

1. ഭൂഗോളത്തിൻെറ ഉപരിഭാഗത്തു സ്ഥലത്തേക്കാൾ വളരെയധികം ജലമുണ്ട്.

ഭൂമിയുടെ ഉപരിതലത്തിൽ മുക്കാൽ ഭാഗവും വെള്ളമാണ്. ഭൂമിയുടെ ഉപരിതലത്തിൻെറ ആകെ വിസ്താരം 19 കോടി ചതുരശ്രനാഴികയാകുന്നു. അതിൽ 14

കോടിയും വെള്ളമാണ്. ബാക്കിയുള്ള 5 കോടി മാത്രമാണ് സ്ഥലത്തിന്റെ വിസ്താരം.

2. കരയിൽ അധികഭാഗവും വടക്കെ അൎദ്ധഗോളത്തിലാണ്.

വടക്കെ അൎദ്ധഗോളത്തിൽ തെക്കെ അൎദ്ധഗോളത്തിലുള്ളതിന്റെ മൂന്നിരട്ടി കരയുണ്ട്.

കരയുടെ വലിയ വിഭാഗങ്ങളെ ഭൂഖണ്ഡങ്ങളെന്നു പറയുന്നു. യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങൾ ചേൎന്നാൽ പഴയ ലോകമായി. ഈ 3 ഖണ്ഡങ്ങളും കൂടി 200 ഡിഗ്രി അക്ഷാംശരേഖാസ്ഥലത്തോളം നീണ്ടുകിടക്കുന്നു. യൂറോപ്പും ഏഷ്യയും വാസ്തവത്തിൽ യൂറേഷ്യ എന്നൊരു ഒററ ഖണ്ഡമാണ്. അവയെ രണ്ടു ഖണ്ഡങ്ങളായി കരുതുന്നതു ആചാരംകൊണ്ടു മാത്രമാണ്. വടക്കെ അമേരിക്കയും തെക്കെ അമേരിക്കയും ചേൎന്നാൽ പുതുലോകമായി. ഈ ഖണ്ഡം 140 ഡിഗ്രി അക്ഷരേഖകളിൽ വ്യാപിച്ചുകിടക്കുന്നു. ഓസ്ത്രേലിയ, ന്യൂസീലാണ്ടു, മലയ ദ്വീപുസമൂഹം, പസിഫിക്കുസമുദ്രത്തിലെ ദ്വീപുകൾ എന്നിവ ചേൎന്നാൽ ഓസ്ത്രേലേഷ്യയായി. ഓസ്ത്രേലേഷ്യ എന്നതിന് ഏഷ്യയുടെ തെക്കുഭാഗം എന്നൎത്ഥമാകുന്നു.

ഏഷ്യയ്ക്കു 1 കോടി 64 ലക്ഷം ചതുരശ്രനാഴികയും; യൂറോപ്പിനു 39 ലക്ഷം ചതുരശ്രനാഴികയും, ആഫ്രിക്കയ്ക്കു 1 കോടി 16 ലക്ഷം ചതുരശ്രനാഴികയും; വടക്കെ അമേരിക്കയ്ക്കു 94 ലക്ഷം ചതുൎശ്രനാഴിയും; തെക്കേ അമേരിക്കയ്ക്കു 69 ലക്ഷം ചതുരശ്രനാഴികയും; ഓസ്ത്രേലേഷ്യയ്ക്കു 43 ലക്ഷം ചതുരശ്രനാഴികയും വിസ്താരമുണ്ട്.

# അദ്ധ്യായം 2.

മേഖലകൾ.

ഭൂമി സൂൎയ്യനെ പ്രദക്ഷിണം ചെയ്യുന്ന ഒരു ഗോളമാണ്. ഭൂമിയുടെ ഭ്രമണപഥത്തിനു ഭ്രമണവൃത്തം എന്നു പേരിടാം. ഈ ഭ്രമണപഥം ശരിയായ ഒരു വൃത്തമല്ല; അതു ഏതാണ്ടു അണ്ഡാകൃതിയുള്ളതാണ്. അതുകൊണ്ടു കൊല്ലത്തിൽ ചില സമയത്തു മററു സമയത്തേക്കാളധികം ഭൂമി സൂൎയ്യന്നടുത്തു വരുന്നു. ഭൂമി കൊല്ലത്തിലൊരിക്കൽ സൂൎയ്യനെ പ്രദക്ഷിണം ചെയ്യുന്നുണ്ടെങ്കിലും ഭൂമിയുടെ അച്ചുതണ്ട് എല്ലാസമയത്തും ഒരേതരത്തിൽ ചാഞ്ഞാണ് നില്ക്കുന്നതു്. ഈ സംഗതി നിങ്ങൾ പ്രത്യേകം മനസ്സിരുത്തി ഗ്രഹിക്കേണ്ടതാണ്.

ഈ പ്രദക്ഷിണത്തിൽ ഭൂമിയുടെ ഒരു ഭാഗം ഒരു സമയത്തു സൂൎയ്യൻെറ നേരെ കീഴിൽവരും. ഭൂമി തിരിഞ്ഞുകൊണ്ടിരിക്കുന്നതിനാൽ ഇങ്ങിനെ സൂൎയ്യൻെറ നേരെ കീഴിൽ വരുന്ന ഭാഗം മാറിക്കൊണ്ടിരിക്കും. ഇങ്ങിനെ വരുന്നതു കൊല്ലത്തിൽ ഒരു ദിവസമായിരിക്കും. ഒരേ ഒരു രേഖയിന്മേലുള്ള സ്ഥലമായിരിക്കും ഇങ്ങിനെ വരുന്നതു്. ഈ രേഖയ്ക്കു ട്രോപ്പിക്കു ഓഫ് കാപ്രിക്കോണെന്നു പേർ. ചിലർ ഇതിനെ മകരരേഖ എന്നു വിളിക്കുന്നുണ്ട്. ഇങ്ങിനെ മറെറാരു രേഖയുണ്ട്. ഇതിനു ട്രോപ്പിക്കു ഓഫ് കാൻസർ എന്നു പേർ. ചിലർ ഇതിനെ കൎക്കടകരേഖയെന്നു പറയുന്നു. ഈ രണ്ടു രേഖകൾക്കും നടുവിലുള്ളതുതാണു

മദ്ധ്യരേഖ. മാച്ച് 21-ാംനു-യും സെപ്തംബർ 22-ാംനു-യും സൂൎയ്യൻ മദ്ധ്യരേഖയിന്മേലാണ്. ജൂൺ 21-ാംനു- സൂൎയ്യൻ ട്രോപ്പിക്ക ഓഫ് കാൻസറിന്മേലും ഡിസംബർ 22-ാംനു- സൂൎയ്യൻ ട്രോപ്പിക്ക ഓഫ് കാപ്രിക്കോണിന്മേലുമാണ്. മകരരേഖയിന്മേൽ സൂൎയ്യൻ സ്ഥിതിചെയ്യുന്ന ദിവസം ഉത്തരധ്രുവത്തിലുള്ളവർ സൂൎയ്യനെ കാണുന്നതേയില്ല.

ഭൂമിയിലുള്ള ചൂടാസകലം വന്നുചേരുന്നതു സൂൎയ്യനിൽനിന്നാകുന്നു. ഭൂമിയിലുള്ള സകല സ്ഥലത്തും ഒരുപോലെ ഉഷ്ണമില്ല. സൂൎയ്യനു നേരെ കീഴിലുള്ള ഒരു സ്ഥലത്തുള്ള സൂൎയ്യനിൽനിന്ന് അകന്നിരിക്കുന്ന ഒരു സ്ഥലത്തുള്ളതിലധികം ചൂടുണ്ട്. മദ്ധ്യരേഖയിന്മേൽ സൂൎയ്യൻ മററു സ്ഥലത്തേക്കാളധികം കാലം നില്ക്കുമല്ലൊ. അവിടെ സൂൎയ്യരശ്മി നന്ന കുറച്ചു സ്ഥലത്താണു പതിക്കുന്നതു്. ധ്രുവങ്ങൾക്കടുത്തു സൂൎയ്യൻ ഒരിക്കലും തലയ്ക്കുനേരെ വരുന്നതല്ല. അതുകൊണ്ട് അവിടെ പതിക്കുന്ന രേഖകൾ മദ്ധ്യരേഖയിന്മേലേക്കാളധികം വിസ്താരമുള്ള സ്ഥലത്താണു പതിക്കുന്നതു്. വായുമണ്ഡലത്തിൽക്കൂടി കടക്കുമ്പോൾ സൂൎയ്യരശ്മികൾക്കു ചൂടു നഷ്ടമാകുന്നു. മദ്ധ്യരേഖയിന്മേൽ പതിക്കുന്ന രശ്മികൾ കടക്കുന്നതിലധികം വായുമണ്ഡലത്തിൽക്കൂടി ധ്രുവപ്രദേശങ്ങളിൽ പതിക്കുന്ന രശ്മികൾക്കു കടക്കേണ്ടതുണ്ട്. മദ്ധ്യരേഖയിന്മേൽ പതിക്കുന്ന രശ്മികൾ ഋജുരേഖകളും ധ്രുവപ്രദേശങ്ങളിൽ പതിക്കുന്ന രശ്മികൾ വക്രരേഖകളുമാണ്. ഋജുരശ്മികൾ വക്രരശ്മികളേക്കാളധികം ഉഷ്ണം നല്കുന്നു.

സൂൎയ്യരശ്മികൾ ഭൂമിയെ ചൂടുപിടിപ്പിക്കുന്നുവെന്നു നാം കണ്ടുവല്ലോ. വായുമണ്ഡലത്തിൽക്കൂടി കടക്കുമ്പോൾ രശ്മികൾ വായുവെ ചൂടുപിടിപ്പിക്കുന്നു. എന്നാൽ വായു സ്പൎശിക്കുന്ന കരയും വെള്ളവുമാണ് അതിനെ അധികം ചൂടുപിടിപ്പിക്കുന്നതു. മരുഭൂമികളിൽ പകൽ സമയത്തു വായുവിനു അത്യധികമായ ചൂടു ഉണ്ടാകുന്നു. രാത്രി അത്ര തന്നെ തണുപ്പുമുണ്ടാകും.

മദ്ധ്യരേഖയിൽ നിന്നു ധ്രുവങ്ങളിലേക്കു പോകുന്തോറും ചൂടു കുറയുന്നുവെന്നു നാം കണ്ടുവല്ലോ. അതുകൊണ്ടു ശീതോഷ്ണസ്ഥിതിയിലും വ്യത്യാസം വരുന്നു. ശീതോഷ്ണസ്ഥിതിയിലുള്ള വ്യത്യാസമനുസരിച്ചു ഭൂമിയുടെ ഉപരിതലത്തെ പ്രത്യേക ഖണ്ഡങ്ങൾ അഥവാ മേഖലകളാക്കിത്തിരിയ്ക്കാം. മദ്ധ്യരേഖയുടെ ഇരുവശവുമുള്ള ഭാഗമാണു ഏററവും ചൂടുകൂടിയ പ്രദേശം. ആ പ്രദേശത്തിനു ഉഷ്ണമേഖലയെന്നു പേർ. ഏററവും തണുപ്പുള്ള സ്ഥലം ധ്രുവപ്രദേശമാണു്. ഉത്തരധ്രുവത്തിനു സമീപമുള്ള പ്രദേശത്തിനു ഉത്തരശീതമേഖലയെന്നും ദക്ഷിണധ്രുവത്തിനു സമീപമുള്ള പ്രദേശത്തിനു ദക്ഷിണശീതമേഖലയെന്നും പേർ. ഉഷ്ണമേഖലയ്ക്കും ശീതമേഖലയ്ക്കും നടുവിലുള്ള പ്രദേശം ശീതോഷ്ണമേഖലയാണ്. ശീതോഷ്ണമേഖല വടക്കുഭാഗത്തും തെക്കുഭാഗത്തുമുണ്ടു്. വടക്കുള്ളതു കക്കിടകരേഖയ്ക്കും ഉത്തരധ്രുവരേഖയ്ക്കും (ആർട്ടിക്ക്സക്കിൾ) മദ്ധ്യേ കിടക്കുന്നു. തെക്കുള്ളതു മകരരേഖയ്ക്കും ദക്ഷിണായനരേഖയ്ക്കും (അൻടാർട്ടിക്കുസക്കിൾ) മ

ദ്ധ്യേ കിടക്കുന്നു. ഉത്തരധ്രുവരേഖയ്ക്കും ഉത്തരധ്രുവത്തിനും നടുവിലുള്ള സ്ഥലമാണു ഉത്തരശീതമേഖല. ദക്ഷിണധ്രുവരേഖയ്ക്കും ദക്ഷിണധ്രുവത്തിനും നടുവിലുള്ള സ്ഥലമാണു ദക്ഷിണശീതമേഖല. മകരരേഖ മദ്ധ്യരേഖയുടെ $23\frac{1}{2}°$ വടക്കും കർക്കിടകരേഖ $23\frac{1}{2}°$ തെക്കും ആകുന്നു. ഇവയ്ക്കു മദ്ധ്യേകിടക്കുന്ന സ്ഥലത്തിനാണ് ഉഷ്ണമേഖല എന്നു പറയുന്നത്.

ഭൂമിയുടെ ഉപരിഭാഗത്തുള്ള 5 വൃത്തങ്ങൾ താഴെ കാണുന്നവയാണ്.




(1) മദ്ധ്യരേഖ.

(2) കർക്കിടകരേഖ.

(3) മകരരേഖ.
(4) ഉത്തരധ്റുവരേഖ.
(5) ദക്ഷിണധ്റുവരേഖ.

5 മേഖലകഠം നോക്കുക.

(1) ഉഷ്ണമേഖല.
(2) വടക്കെശീതോഷ്ണമേഖല.
(3) തെക്കെശീതോഷ്ണമേഖല.
(4) വടക്കെശീതമേഖല.
(5) തെക്കെശീതമേഖല.

# അദ്ധ്യായം 3.

## ചന്ദ്രൻ.

ചന്ദ്രനും ആകാശസ്ഥിതമായ ഒരു ഗോളമാണ്. അതിനു ഭൂമിയുടെ അമ്പതിലൊരുഭാഗമേ വലിപ്പമുള്ളു. ഭൂമിയിൽനിന്നു ചന്ദ്രനിലേക്കു 240,000 നാഴികയാണു ദൂരം. സൂൎയ്യന്റെ വെളിച്ചം പ്രതിഫലിച്ചാണ് ചന്ദ്രൻ പ്രകാശിക്കുന്നതു്. ചന്ദ്രനു സ്വയം പ്രകാശമില്ല.

ചന്ദ്രൻ ഒരു ഉപഗ്രഹമാണ്. അതു ഭൂമിയെ ചുററുന്ന ഒരു ഗ്രഹമാണ്. ഭൂമിയെ ഒരിക്കൽ ചുററുവാൻ ചന്ദ്രനു 27 ദിവസവും 8 മണിക്കൂറുംമതി. പക്ഷേ, ചന്ദ്രൻ ഭൂമിയെ ചുററുന്ന സമയത്തു ഭൂമി തിരിഞ്ഞുകൊണ്ടിരിക്കുന്നതിനാൽ ഒരു സ്ഥാനത്തുനിന്നു പുറപ്പെട്ട ചന്ദ്രനു വീണ്ടും അവിടെ എത്തുവാൻ 29½ ദിവസം വേണ്ടിവരുന്നു. ഈ ണമയത്തെയാണു നാം ഒരു ചന്ദ്രമാസമെന്നു പറയുന്നതു്.

ചന്ദ്രനിൽ കാണുന്ന കളങ്കം മലകൾ ആണെന്നാണു ഭൂമിശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ആ മലകൾ ഒരുകാലത്തു അഗ്നിപർവ്വതങ്ങളായിരുന്നു. ചന്ദ്രനിൽ വായുവില്ല; വെള്ളമില്ല; സസ്യമൃഗാദികളില്ല; ശബ്ദവുമില്ല. അതു ഒരു മൃതഗോളമാണെന്നത്ഥം.

ആകാശത്തിൽ ചന്ദ്രൻെറ സ്ഥാനത്തിന്നു മാററം സംഭവിക്കുന്നതുപോലെ ആകൃതിക്കും മാററം സംഭവിക്കുന്നു. ചന്ദ്രന്നു സ്വയമായ പ്രകാശം ഇല്ലെന്നു പറഞ്ഞുവല്ലൊ. സൂൎയ്യൻെറ വെളിച്ചം പ്രതിഫലിച്ചിട്ടാണു ചന്ദ്രൻ പ്രകാശിക്കുന്നതു്. സൂൎയ്യൻെറ വെളിച്ചം ചന്ദ്രൻെറ ഒരു ഭാഗത്തുമാത്രമേ തട്ടുവാൻ തരമുള്ളു. അതു സൂൎയ്യന്നു നേരെയുള്ള ഭാഗത്തുതന്നെയാണ് തട്ടുന്നതു്. പൌൎണ്ണമിനാൾ മാത്രമേ ആ ഭാഗം നമ്മുടെ നേരെ വരികയുള്ളു. സൂൎയ്യനേയും ഭൂമിയേയും ഘടിപ്പിക്കുന്ന ഒരു രേഖയുണ്ട്. അതിന്നു ചന്ദ്രൻ അടുത്തുവരുന്തോറും ചന്ദ്രൻെറ പ്രകാശമാനമായ ഭാഗം നാം കുറച്ചു കുറച്ചു കാണുന്നു. സൂൎയ്യൻ അസ്തമിക്കുന്ന സമയത്തായിരിക്കും പൂൎണ്ണചന്ദ്രൻെറ ഉദയം. പൂൎണ്ണചന്ദ്രൻ അസ്തമിക്കുമ്പോൾ സൂൎയ്യൻ ഉദിക്കും. പൂൎണ്ണചന്ദ്രൻ ആകാശത്തിൻെറ മദ്ധ്യത്തിൽ നിൽക്കുമ്പോൾ സൂൎയ്യൻ ഭൂമിയുടെ മറുഭാഗത്തു ആകാശത്തിൻെറ മദ്ധ്യത്തിലായിരിക്കും.

പൌൎണ്ണമി കഴിഞ്ഞു ഒരാഴ്ചക്കു ശേഷം ചന്ദ്രനെ നോക്കുക. അന്നു ചന്ദ്രഗോളത്തിൻെറ പകുതി മാത്രമേ നാം കാണുന്നുള്ളു. പിന്നെ ചന്ദ്രൻ ക്രമേണ കുറഞ്ഞുവരുന്നു. ഒടുവിൽ ചന്ദ്രനെ അശേഷംതന്നെ കാണാതാകുന്നു.

ചന്ദ്രന്റെ പ്രകാശമാനമായ ഭാഗമാസകലം അന്നു നമ്മിൽനിന്നു മറഞ്ഞിരിക്കുകയാണു്. അന്നു് അമാവാസിയാകുന്നു. സൂൎയ്യന്റെ വെളിച്ചംതട്ടുന്ന ചന്ദ്രാൎദ്ധഭാഗം അന്നു നമ്മിൽനിന്നു മറഞ്ഞിരിക്കുന്നു. പിന്നെ നാം ചന്ദ്രന്റെ ഭാഗങ്ങളെ—കലകളെ—അല്പാല്പമായി കണ്ടുതുടങ്ങുന്നു. ഒടുവിൽ നാം പൂൎണ്ണചന്ദ്രനെ കാണുന്നു. അന്നു പൌൎണ്ണമിയാണു്.

സമുദ്രതീരത്തിനടുത്തു വസിക്കുന്നവർ സമുദ്രത്തിലെ വെള്ളം ദിവസം രണ്ടുപ്രാവശ്യം കയറുകയും ഇറങ്ങുകയും ചെയ്യുന്നതു കണ്ടിട്ടുണ്ടാകും. ഇതിനു വേലിയേററമെന്നും വേലിയിറക്കമെന്നും പേർ. സമുദ്രജലത്തെ ഏററവുമധികം ആകൎഷിക്കുന്നതു ചന്ദ്രഗോളമാണു്. ചന്ദ്രൻ ഭൂമിയിൽ ഒരു സ്ഥലത്തിന്റെ നേരെ മുകളിൽ നില്ക്കുന്നുവെന്നു വിചാരിക്കുക. അപ്പോൾ ചന്ദ്രഗോളത്തിനടുത്തുള്ള വെള്ളം അതു ഏററവുമധികം ശക്തിയോടുകൂടി ആകൎഷിക്കും. അകലെയുള്ള ആകൎഷണം കുറഞ്ഞുവരും. ഭൂമിയുടെ മറുഭാഗത്തു ആകൎഷണശക്തി ഏററവും കുറഞ്ഞിരിക്കും. ചന്ദ്രൻ ഭൂമിയിൽനിന്നു എല്ലായ്പോഴും ഒരേ അകലത്തായിരിക്കയില്ല. ഏററവും അടുത്തിരിക്കുന്ന സമയത്തു ചന്ദ്രന്റെ ആകൎഷണം ഏററവും ശക്തിയുള്ളതായിരിക്കും. അന്നുണ്ടാകുന്ന അലയ്ക്കു സ്പ്രിങ്ങ്ടൈഡെന്നുപേർ. ചന്ദ്രൻ ഏററവുമധികം അകന്നിരിക്കുമ്പോൾ ആകൎഷണം ഏററവും കുറഞ്ഞിരിക്കും. അന്നുണ്ടാകുന്ന അലയ്ക്കു നീപ്പ്ടൈഡെന്നു പേർ.

ചന്ദ്രഗോളത്തിനനേരെയുള്ള സമുദ്രത്തിലെ വെള്ളം ഭൂമിയുടെ ഒരുഭാഗത്തു കയറുമ്പോൾ മറുഭാഗത്തും അത്തരത്തിലുള്ള ഒരു കയററമുണ്ടാകാൻ വഴിയുണ്ട്. അപ്പോൾ ഒരു ദിവസം ഒരു സ്ഥലത്തു രണ്ടുപ്രാവശ്യം വെള്ളം കയറുന്നു. അപ്രകാരംതന്നെ രണ്ടുപ്രാവശ്യം വെള്ളം ഇറങ്ങാനം വഴിയുണ്ട്.

വേലിയേററസമയത്തു സമുദ്രത്തിലെ വെള്ളം സാധാരണയായി മൂന്നടിയിൽ അധികം പൊങ്ങാറില്ല. എന്നാൽ, നദീമുഖങ്ങളിലും ഉൾക്കടലുകളിലും കയററം വളരെ അധികമായിരിക്കും. നോവാസ്കോഷിയയിലുള്ള ഫ്ലോറിഡ ഉൾക്കടലിൽ വെള്ളം 60 അടി കയറുമത്രെ. മലബാർ തീരത്തു ഈ കയററം 4 അടി മാത്രമാണ്. കല്ക്കത്തയിൽ 11 അടിയും റംഗൂണിൽ 16 അടിയും കയറുന്നതാണ്.

വെള്ളത്തിൻെറ ഈ കയററമിറക്കം സമുദ്രത്തിൽ ഗതാഗതം ചെയ്യുന്നതിനു വളരെ ഉപകരിക്കുന്നു. സമുദ്രത്തിൽ യാത്ര ചെയ്തിട്ടുള്ളവക്കു ഈ കയററമിറക്കത്തിൻെറ ആവശ്യവും ഉപകാരവും നല്ലപോലെ അറിയാം. കൊച്ചിരാജ്യത്തുള്ള കായലുകളിൽക്കൂടി ചെറുവഞ്ചികൾ ഗതാഗതം ചെയ്യുന്നുണ്ടല്ലോ. "ഇപ്പോൾ കയററമുള്ള സമയമാണ്," എന്നും മററും തോണിക്കാർ പറയുന്നതു കേൾക്കാം. കയററമുള്ള സമയത്തു കയററത്തിൻെറ ഗതി നോക്കി വഞ്ചി കുത്തിയാൽ വഞ്ചിക്കാരനു എളുപ്പമാണ്. അപ്രകാരംതന്നെ ഇറക്കമുള്ള സമയത്തു ഇറക്കത്തിൻെറ

ഗതി നോക്കിയാണ വഞ്ചി കുത്തുന്നതെങ്കിൽ വഞ്ചിക്കാര ന എളുപ്പമുണ്ട്.




വേലിയേററവും വേലിയിറക്കവും.

# അദ്ധ്യായം 4.

## ഏഷ്യ.

### സമുദ്രതീരം.

ഏഷ്യയും യൂറോപ്പും കൂടിച്ചേൎന്ന സ്ഥലവിഭാഗമാണ ലോകത്തിലെ ഏററവും വലിയ ഭൂഖണ്ഡം. ഏഷ്യയ്ക്ക ഇന്ത്യയുടെ 12 ഇരട്ടിയും, യൂറോപ്പിന്ന ഇന്ത്യയുടെ $2\frac{1}{2}$ ഇരട്ടിയും വിസ്താരം കാണും. മററ ഭൂഖണ്ഡങ്ങൾ യൂറേഷ്യയുടെ നാലുഭാഗത്തുമായി കിടക്കുന്നു. മദ്ധ്യധരണ്യാഴിയാണ യൂറോപ്പിനെ ആഫ്രിക്കയിൽനിന്ന വേർതിരിക്കുന്നത്. ജിബ്രാൾട്ടർ കടലിടുക്കിൽ യൂറോപ്പും ആഫ്രിക്കയും തൊടുന്നുണ്ട എന്നുതന്നെ പറയാം. ഏഷ്യയ്ക്കും ആഫ്രിക്കയ്ക്കും

മദ്ധ്യേ ചെങ്കടൽ കിടക്കുന്നു. ചെങ്കടലിന്റെ തെക്കെ അററത്തു ബാബൽമാൻഡബു കടലിടുക്കിൽ ഏഷ്യയും ആഫ്രിക്കയും തൊട്ടുകിടക്കുന്നുവെന്നുതന്നെ പറയാം. ഏഷ്യയ്ക്കും അമേരിയ്ക്കക്കും മദ്ധ്യേ കിടക്കുന്നതു ബെറിങ്ങ് കടലിടുക്കാണ്. അവിടേയും രണ്ടു ഭൂഖണ്ഡങ്ങളും തൊട്ടുകിടക്കുന്നുവെന്നുതന്നെ പറയാം. ഏഷ്യയെ ഓസ്ട്രേലിയയുമായി യോജിപ്പിച്ചിരുന്ന ഒരു വൻകര ഉണ്ടായിരുന്നുവെന്നു ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ആ വൻകരയുടെ ശകലങ്ങളാണ് ഇന്നു ഏഷ്യയ്ക്കും ഓസ്ട്രേലിയയ്ക്കും മദ്ധ്യേ കിടക്കുന്ന ദ്വീപുകൾ.

യൂറോപ്പും ഏഷ്യയും ചേർന്ന യൂറേഷ്യ വാസ്തവത്തിൽ ഒരു ഭൂഖണ്ഡമാണ്. ഈ രണ്ടു ഭൂഖണ്ഡങ്ങളേയും വേർതിരിക്കുന്ന യൂറൽ മലകൾ വാസ്തവത്തിൽ സ്വാഭാവികമായ ഒരതിരല്ല. സ്വാഭാവികമായ ഒരതിരാകാനുള്ള വലിപ്പം ആ മലകൾക്കില്ല. ആ മലകൾ വെറും രാഷ്ട്രീയമായ ഒരു അതിരാണ്.

സൂവസ്സതോടു മുതൽ ബെറിങ്ങ് കടലിടുക്കുവരെ ഏഷ്യ നീണ്ടുകിടക്കുന്നു. ഈ നീളം 6,700 നാഴികയാണ്. ഈ ഖണ്ഡത്തിന്റെ ഏററവുമധികമായ വീതി 5,300 നാഴികയുമാണ്. ആകെ 170,00,000 ചതുരശ്ര നാഴിക വിസ്താരമുണ്ട്. ഭൂമിയിലുള്ള സ്ഥലവിഭാഗത്തിന്റെ മൂന്നിലൊരുഭാഗമാണിതു്.

ഏഷ്യയും യൂറോപ്പും വടക്കെ അർദ്ധഗോളത്തിലാണു സ്ഥിതിചെയ്യുന്നതു്. ഏഷ്യ യൂറോപ്പിനേക്കാളധികം

വടക്കോട്ടും തെക്കോട്ടും നീണ്ടുകിടക്കുന്നു. അതുകൊണ്ട് ഏഷ്യയുടെ വടക്കെഅററം യൂറോപ്പിൻെറ വടക്കെ അററത്തേക്കാൾ തണുത്തും, തെക്കെഅററം യൂറോപ്പിൻെറ തെക്കെ അററത്തേക്കാൾ ചൂടുള്ളതായും ഇരിക്കുന്നു.

യൂറോപ്പിൻെറ കടൽത്തീരത്തു ഏഷ്യയുടെ കടൽത്തീരത്തുള്ളതിനേക്കാളധികം വിടവുകളുണ്ട്. അതുകൊണ്ടു യൂറോപ്പിലെ ഏതു സ്ഥലവും സമുദ്രതീരത്തുനിന്നു വളരെ അധികം ദൂരത്തല്ല.

# അദ്ധ്യായം 4

ഇനി നമുക്ക് ഏഷ്യയുടെ തീരത്തുള്ള വിടവുകൾ, മുനമ്പുകൾ, ദ്വീപുകൾ എന്നിവ ഏതെല്ലാമാണെന്നു നോക്കാം.

ദക്ഷിണതീരം—ഈ തീരത്തു 3 അർദ്ധദ്വീപുകളുണ്ട്. യൂറോപ്പിലും ഇതുതന്നെയാണെന്നു സ്ഥിതി. അറേബിയയെ ഐബീരിയൻ അർദ്ധദ്വീപിനോടു താരതമ്യം ചെയ്യുക. ഇന്ത്യയെ ഇററലിയോട് ഉപമിക്കാം. സിലോണും സിസിലിയും തമ്മിൽ സാദൃശ്യമുണ്ട്. ഇന്തോ-ചൈന അർദ്ധദ്വീപിനെ ബാൾക്കൻ അർദ്ധദ്വീപുകളുമായി ഉപമിക്കാം

പൂർവ്വതീരം—ഈ ഭാഗത്തു് ഏഷ്യക്കു രണ്ടു തീരങ്ങളുണ്ടെന്നു പറയാം. അവ അന്തർത്തീരവും ബഹിർത്തീരവുമാണ്. മലൈഅർദ്ധദ്വീപിൻെറ തെക്കെഅററ

ത്തുള്ള ഢമേനിയാമുനമ്പിനെ പ്രദക്ഷിണംവെച്ച തെക്കെ ചൈനക്കടലിൽ പ്രവേശിക്കുക. ഈ കടലിൽ സയാം, ടോങ്ക്കിങ്ങ് എന്നിങ്ങനെ രണ്ട് ഉൾക്കടലുകളുണ്ട്. ഈ കടലിനെ ബോർണിയോ, ഫിലിപ്പൈൻസ് എന്നീ ദ്വീപുകൾ പസിഫിക്കസമുദ്രത്തിൽനിന്നു വേർതിരിക്കു ന്നു. ഈ കടലിൽനിന്നു ഫോർമോസ കടലിടുക്കിൽ കൂടുക. ഈ കടലിടുക്കു ഫോർമോസയ്ക്കും ചൈന യ്ക്കുംനടുവിൽ കിടക്കുന്നു. ഈ കടലിടുക്കിൽക്കൂടി മഞ്ഞ ക്കടലിലേയ്ക്കു കടക്കാം. ഈ കടലിനെ യൂറോപ്പിലേ നോ ത്തുകടലുമായി ഉപമിക്കുക. മഞ്ഞക്കടലിന്റെ ഏററ വും അകഭാഗത്തുള്ള കടൽ പെച്ചിലി ഉൾക്കടലാണ്. പിന്നെ കൊറിയാകടലിടുക്കിൽക്കൂടി ജാപ്പാൻകടലിൽ കടക്കാം. ജാപ്പാൻകടലിൽനിന്നു ടാർട്ടറി കടലിടുക്കിൽ കൂടി ഒക്കോട്സക്കടലിൽ പ്രവേശിക്കാം. കംച്ചട്ക്ക എന്ന അർദ്ധദ്വീപ് ഈ കടലിനെ ബെറിങ്ങ്കടലിൽ നിന്നു വേർതിരിക്കുന്നു.

വടക്കെതീരം—ഈ തീരത്തു വിടവുകൾ ദുർല്ലഭമാ ണ്. ഇവിടെയുള്ള കടൽ മഞ്ഞുകൊണ്ടു മൂടിയതുമാ ണ്. ഈ തീരത്തു ജനവാസമില്ല; വിളവുകളുമില്ല. നൌകാശയങ്ങളും ഇല്ല.

പടിഞ്ഞാറെതീരം— ഈ തീരത്തു മൂന്നു കടലുകളു ണ്ട്. അവ മദ്ധ്യധരണ്യാഴി, കരിങ്കടൽ, കാസ്പിയൻ കടൽ എന്നിവതന്നെ.

മദ്ധ്യധരണ്യാഴിയുടെ കിഴക്കെതീരം സിരിയയെ

തൊട്ടുകിടക്കുന്നു. ഈ കടലിന്റെ വടക്കുകിഴക്കേമൂലയിലാണു സൈപ്രസ്സ്ദ്വീപുകൾ.

സിറിയയുടെ വടക്കുഭാഗത്താണ് ഏഷ്യാമൈനർ എന്ന അർദ്ധദ്വീപ്. ഈ അർദ്ധദ്വീപു പടിഞ്ഞാട്ടു നീണ്ടുകിടക്കുന്നു. ഇതിന്റെ അററത്താണു ബാബാമുനമ്പ്. ഈ അർദ്ധദ്വീപിന്റെ തെക്കുഭാഗത്തു മദ്ധ്യധരണ്യാഴിയും; ഏജിയൻകടലും; ഡാർഡനൽസ്കടലിടുക്കും; മർമോറകടലും കിടക്കുന്നു. പടിഞ്ഞാറുഭാഗത്തു ബോസ്ഫറസ്സും; വടക്കുഭാഗത്തു കരിങ്കടലും കാണാം. ഏജിയൻകടലിലാണു ഗ്രീക്കുദ്വീപുകൾ. കാസ്പിയൻകടലിന്റെ തെക്കുഭാഗത്തു പേർഷ്യയും; കിഴക്കുഭാഗത്തു റഷ്യൻ തുർക്കിസ്ഥാനവും; പടിഞ്ഞാറുഭാഗത്തു കൊക്കേഷ്യയും സ്ഥിതിചെയ്യുന്നു.

ഏഷ്യയുടെ പൂർവ്വതീരത്തുള്ള ദ്വീപുകളാസകലം തന്നെ അഗ്നിപർവ്വതങ്ങളുള്ളവയാകുന്നു. അവയിൽ പ്രധാനമായവ അല്യൂഷ്യൻ ദ്വീപുകൾ, സഖേലിയൻ ദ്വീപ്, കുറൈൽദ്വീപുകൾ, ജാപ്പാൻദ്വീപുകൾ, ലൂച്ചുദ്വീപുകൾ, ഫൊർമോസ്, ഫിലിപ്പൈൻദ്വീപുകൾ, എന്നിവയാകുന്നു.

# അദ്ധ്യായം 5.

## ഏഷ്യ.

### ഭൂപ്രകൃതി—ഉന്നതതടങ്ങൾ.

ഏഷ്യയിലെ ഉന്നതതടങ്ങളെ പശ്ചിമോന്നതതടങ്ങൾ, പൂർവ്വോന്നതതടങ്ങൾ, ദക്ഷിണോന്നതതടങ്ങൾ എന്നിങ്ങിനെ വിഭജിക്കാം.

ഹിന്തുക്കുഷ് മലനിരയുടെ പടിഞ്ഞാറെ അററത്തുനിന്നു ഹിമാലയത്തിന്റെ കിഴക്കെ അററത്തേയ്ക്ക് ഒരു വര വരയ്ക്കുക. പിന്നെ ഈ സ്ഥലങ്ങളെ ഏഷ്യയുടെ വടക്കുകിഴക്കേ മൂലയുമായി യോജിപ്പിക്കുക. നമുക്ക് ഒരു ത്രികോണം സിദ്ധമാകും. ഈ ത്രികോണത്തിന്നകത്താണ് ഏഷ്യയിലെ ഉന്നതതടങ്ങളിലധികഭാഗവും.

ഇന്ത്യയുടെ വടക്കുഭാഗത്താണ് ലോകത്തിലെ ഏററവും ഉയരമുള്ള മല. പാമീർ ഉന്നതതടമാണ് ഏഷ്യയിലെ ഉന്നതതടങ്ങളുടെ കേന്ദ്രസ്ഥാനം—ആരംഭസ്ഥാനം. അവിടെനിന്നു കാരക്കൊറം, ഹിമാലയം, കൂൻലൻ, ഹിന്തുക്കുഷ്, തിയാൻഷാൻ എന്നീ മലകൾ പുറപ്പെടുന്നു. ഇവിടെയുള്ള ഉന്നതതടങ്ങൾ ഏഷ്യയുടെ പകുതിഭാഗമാണെന്നു പറയാം. ഈ ഉന്നതതടങ്ങൾക്കുതന്നെ യൂറോപ്പിലെ ഏററവും ഉയൎന്ന മലകളേക്കാൾ പൊക്കമേറും. ഇവിടെയുള്ള മലകളിൽ ഏതു സമയത്തും മഞ്ഞുണ്ടായിരിക്കും. ഈ മലകളുടെ മദ്ധ്യേ ഉന്നതതടങ്ങളുമുണ്ട്. ഹി

മാലയത്തിന്നും കന്റലനിന്നും മദ്ധ്യ തിബററൻ ഉന്നത തടം കിടക്കുന്നു. അതിന്നു സമുദ്രനിരപ്പിൽനിന്നു 3 നാഴിക പൊക്കം കാണും. കന്റലനിന്റെ അപ്പുറത്തായി ടാറിംബെസിൻ എന്ന ഉന്നതതടം കിടക്കുന്നു. ടാറിംനദിയുടെ തടമായതുകൊണ്ടാണ് ഈ പേർ കിട്ടിയതു്. ടാറിംനദി ലോബ്നോർ എന്ന തടാകത്തിലേയ്ക്കു പ്രവഹിക്കുന്നു. ഉന്നതതടത്തിന്റെ കിഴക്കെ അതിരു കിൻഗൻ മലകളാണ്. അതിന്ന് അപ്പുറത്തു മങ്കോളിയൻ ഉന്നതതടം കിടക്കുന്നു. അതിലൊരു ഭാഗമാണ് ഗോബി മരുഭൂമി. ഹിമാലയത്തിന്റെ കിഴക്കെ അററത്തുനിന്നു മലകൾ സമാനരേഖകളായി ഇന്തോ-ചൈനയിലേക്കു നീണ്ടുകിടക്കുന്നു.

പശ്ചിമോന്നതതടം അറേബിയൻകടലിന്നും കരിങ്കടലിന്നും മദ്ധ്യേ കിടക്കുന്നു. ഇതിന്നു തിബററിനോളം പൊക്കമില്ല. ഇതിനെ മൂന്നു ഭാഗങ്ങളാക്കിത്തിരിക്കാം. അവ ഇറാൻ, ഏഷ്യാമൈനർ, അറേബിയ എന്നിവതന്നെ. ഇറാൻ അറബിക്കടലിന്നും കാസ്പിയൻ കടലിന്നും മദ്ധ്യ കിടക്കുന്നു. സിന്ധുനദീതടത്തിൽനിന്നും ഈ ഉന്നതതടം സുലേമാൻ മലകളാൽ വേർതിരിക്കപ്പെട്ടിരിക്കുന്നു. വടക്കുഭാഗത്തു ഹിന്ദുക്കുഷ്, എൽബർഗസ് എന്നീ മലകൾ കിടക്കുന്നു. ഏഷ്യാമൈനറിലെ ഉന്നതതടം കരിങ്കടലിന്നും കാസ്പിയൻകടലിന്നും മദ്ധ്യത്തിലാണ്. അറേബിയാ ചെങ്കടലിന്നു കിഴക്കുഭാഗത്താണ്.

ഇന്ത്യയുടെ തെക്കെ അററമാണ് ദക്ഷിണോന്നതതടം. അതിന്റെ വടക്കുഭാഗത്തു വിന്ധ്യനും പടിഞ്ഞാറു പശ്ചിമഘട്ടവും കിഴക്കു പൂർവ്വഘട്ടവും കിടക്കുന്നു.

മൈതാനങ്ങളും നദികളും.

ഏഷ്യയിലെ മൈതാനങ്ങളെ ഉത്തരമൈതാനം, മെസോപ്പെറേറാമിയൻ മൈതാനം, സിന്ധുഗംഗാതടം, പൂർവ്വമൈതാനം എന്നിങ്ങിനെ വേർതിരിക്കാം.

ഉത്തരമൈതാനം:—സൈബീര്യയാണ് ഉത്തരമൈതാനം. ഇവിടെയുള്ള ഓബി, യെനിസി, ലീന എന്നീ നദികൾ ഏഷ്യയിലെ ഉന്നതതടങ്ങളിൽ ഉത്ഭവിച്ചു വടക്കോട്ടു ഒഴുകുന്നു. മൈതാനം പരന്നിരിക്കുന്നതുകൊണ്ടു നദികളുടെ ഗതി സാവധാനമാണ്. നദികൾക്കു പോഷകനദികളും ധാരാളമുണ്ട്. അതുകൊണ്ടു വടക്കുനിന്നു തെക്കോട്ടും കിഴക്കുനിന്നു പടിഞ്ഞാട്ടും തോണിയിൽ യാത്ര ചെയ്യാം. പടിഞ്ഞാറൻ സൈബീര്യയിലെ പ്രധാന നദി ഓബിതന്നെ. യെനിസി എന്ന നദി നേരെ വടക്കോട്ടാണു പ്രവഹിക്കുന്നതു്. അതിന്റെ ഒരു പോഷകനദി ഉത്ഭവിക്കുന്നതു ബൈക്കൽ തടാകത്തിൽ നിന്നാകുന്നു. തണുപ്പുകാലത്തു ഈ നദികളിൽ മഞ്ഞുറച്ചുപോകുന്നു. വേനല്ക്കാലത്താണെങ്കിൽ തെക്കുഭാഗത്തുള്ള മഞ്ഞായിരിക്കും, ആദ്യംതന്നെ ഉരുകിപ്പോകുന്നതു്. മഞ്ഞുരുകിയുണ്ടാകുന്ന വെള്ളത്തിനു പുറത്തുപോകാനും തരമില്ല. അപ്പോൾ തെക്കുഭാഗത്തുള്ള സ്ഥലങ്ങൾ നനഞ്ഞു ചീത്തയാകുന്നു. ഈ നദികൾ പ്രവഹിക്കുന്നതു സമുദ്രത്തിലേക്കാണ്. ആ സമുദ്രം മഞ്ഞുമൂടിക്കിടക്കുന്നതുകൊണ്ടു അതിൽ കപ്പലുകൾ പ്രവേശിക്കുന്നതുമല്ല.

മെസോപ്പെറേറാമിയൻ മൈതാനം:— മെസോപ്പെറേറാമിയ എന്ന വാക്കിനുതന്നെ നദീതടമെന്നാണർത്ഥം.

ഈ പ്രദേശം യൂഫ്രട്ടീസ്സ്, ടൈഗ്രീസ്സ് എന്നീ നദികളുടെ തടമാണ്. പേർഷ്യൻ ഉൾക്കടലിൽനിന്ന വടക്കപടിഞ്ഞാട്ടാണ് ഈ മൈതാനം നീണ്ടുകിടക്കുന്നത്.

സിന്ധുഗംഗാതടം:— ലോകത്തിലെ മൈതാനങ്ങളിൽവെച്ച ഏററവും പ്രധാനമായവയിൽ ഒന്നാണിത്. ഈ പ്രദേശം വളരെ ഫലപുഷ്ടിയുള്ളതും ജനത്തിരക്കുള്ളതുമാണ്. സിന്ധുവും ഗംഗയുമാണ് പ്രധാനനദി. ബ്രഹ്മപുത്ര ഗംഗയുടെ ഒരു പോഷകനദിയുമാകുന്നു.

ഇവിടത്തെ വലിയ നദികളിൽകൂടി വലിയ കപ്പലുകൾക്ക നിർബ്ബാധം സഞ്ചരിക്കാവുന്നതിനാൽ സമുദ്രത്തിൽനിന്നും വളരെ ഉള്ളിലായി നദികളിന്മേൽ തുറമുഖങ്ങളുണ്ട്.

പൂർവ്വമൈതാനം:—ഇവിടെ വളരെ അർദ്ധദ്വീപുകളുണ്ട്. ഉന്നതതടത്തിൻെറ കിഴക്കെ ചരിവിൽനിന്ന ഉത്ഭവിക്കുന്ന നദികളാണ് ഇവിടേക്ക ഒഴുകുന്നത്. അവയിൽ പ്രധാനമായവ ആമൂർ, ഹോയങ്ങ്ഹോ, യാങ്ങ്ടീസുകിയാങ്ങ്, സിക്കിയാങ്ങ്, മെക്കോങ്ങ്, മീനാം എന്നിവതന്നെ. ആമൂർ നദി യബ്ലനോയി മലകളിൽ ഉത്ഭവിക്കുന്നു. അതിൻെറ ഉത്ഭവസ്ഥാനം വളരെ ഫലപുഷ്ടിയുള്ള പ്രദേശമല്ല. പക്ഷേ, മുഖത്തുള്ള സ്ഥലം വളരെ ഫലപുഷ്ടിയുള്ളതാണ്. ആ നദിക്ക ഗംഗാനദിയുടെ ഇരട്ടി നീളമുണ്ട്. ഗതാഗതത്തിന്ന ഉപയോഗപ്പെടുത്താവുന്നതുമാണ്.

ഹോയങ്ങ്ഹോവും യാങ്ങ്ടീസുകിയാങ്ങും ചൈനയിൽകൂടി പ്രവഹിക്കുന്നു. മങ്കോളിയൻ ഉന്നതതട

ത്തിൽ വരുമ്പോൾ ഹോയങ്ങഹോ വലുതായ ഒരു വളവു വളയുന്നു. ഈ നദി ഒഴുകിച്ചേരുന്നതു പെച്ചിലി ഉൾക്കടലിലേക്കാകുന്നു. ഈ നദിയുടെ തടത്തിൽ മഞ്ഞനിറത്തിലുള്ള ഒരു മണ്ണുണ്ടു്. ഈ മണ്ണ വളരെ ഫലപുഷ്ടിയുള്ളതാകുന്നു. ഈ മണ്ണുള്ളതുകൊണ്ടു ഹോയങ്ങ്ഹോതടം ഗംഗാതടത്തേക്കാളധികം ഫലപുഷ്ടിയുള്ളതാണു്. ചിലപ്പോൾ നദി കരകവിഞ്ഞു ഒഴുകുന്നു. ആ സമയത്തുണ്ടാകുന്ന നഷ്ടം കുറച്ചൊന്നുമല്ല. അതിനാൽ നദിയെ ചീനക്കാരുടെ ദുഃഖമെന്നു പറയുന്നു.

യാങ്ങ്ടീസ്യകിയാങ്ങ് ലോകത്തിലെ പ്രധാന നദികളിലൊന്നാണു്. ഇതു ചൈനയുടെ മദ്ധ്യത്തിൽക്കൂടി ഒഴുകുന്നു. ഇതിന്റെ തടത്തിൽ അനവധി പട്ടണങ്ങളുണ്ടു്.

സിക്കിയാങ്ങ് നദി മററുള്ള രണ്ടു നദികളെപ്പോലെ തന്നെ പ്രയോജനമുള്ളതല്ല.

മെക്കോങ്ങ് നദി ടിബെററൻ ഉന്നതതടത്തിന്റെ കിഴക്കുഭാഗത്തുത്ഭവിക്കുന്നു. വെള്ളച്ചാട്ടങ്ങൾ കാരണം ഗതാഗതസൌകര്യമില്ല.

ആമുഡേറിയ, സർഃഡേറിയ എന്നീ നദികൾ ആറൽ കടലിലേക്കും; ജോർഡൻ ഡെഡ് കടലിലേക്കും; ടാറിം ലോബ്നോർ തടാകത്തിലേക്കും ഒഴുകുന്നു.

# അദ്ധ്യായം 6.

## ഏഷ്യ.

### കാലാവസ്ഥ.

സമുദ്രക്കരയിൽ നിന്നു വളരെ അകലെ ഇരിക്കുന്ന സ്ഥലങ്ങളിലെ കാലാവസ്ഥ മിതമൊ സുഖകരമൊ ആയിരിക്കാൻ തരമില്ല. അവിടങ്ങളിലെ കാലാവസ്ഥ അമിതമായിരിക്കും. ഉഷ്ണമുള്ളപ്പോൾ അത്യുഷ്ണമായും തണുപ്പുള്ളപ്പോൾ അത്യധികം തണുപ്പായും കാണുന്ന ഒരു കാലാവസ്ഥയെയാണ് അമിതമായ കാലാവസ്ഥയെന്നു പറയുന്നതു്. ഏഷ്യക്കു 6,700 നാഴിക നീളവും 5,300 നാഴിക വീതിയുമുണ്ടെന്നും ഏഷ്യയുടെ ആകെ വിസ്താരം 1 കോടി 70 ലക്ഷം ചതുരശ്രനാഴികയാണെന്നും നാം പഠിച്ചുവല്ലൊ. ഇങ്ങിനെയുള്ള ഒരു വൻകരയിലെ പല സ്ഥലങ്ങളിലും കാലാവസ്ഥ സുഖകരമായതായിരിപ്പാൻ തരമില്ല.

ഏഷ്യയിൽ അധികഭാഗവും ഉത്തരാർദ്ധഗോളത്തിലാണല്ലൊ. അപ്പോൾ ഏഷ്യയിലെ ശീതകാലത്തു (മഞ്ഞുകാലത്തു) സൂര്യൻ മകരരേഖയിന്മേലാണ്. സൂര്യൻ വളരെ തെക്കോട്ടു മാറിയാണ് നില്ക്കുന്നതു് എന്നാണിതിന്റെ അൎത്ഥം. അപ്പോൾ ഏഷ്യയിലെ നടുവും വടക്കുഭാഗവും വളരെ ശൈത്യമുള്ള സ്ഥലങ്ങളായിരിക്കും. അന്നു ആ പ്രദേശങ്ങൾ യൂറോപ്പിലേയും വടക്കേ അമേരിക്കയിലേയും സ്ഥലങ്ങളേക്കാൾ തണുപ്പുള്ളവയാണ്.

അതിന്നു രണ്ടു കാരണങ്ങളുണ്ടു്. ഏഷ്യയുടെ നടുവിൽ
മലകളും ഉന്നതതടങ്ങളുമാണുള്ളതെന്നു നാം കണ്ടുവ
ല്ലൊ. അവിടങ്ങളിലെ വായു അത്യധികമായ തണുപ്പു
ള്ളതാണു്. സൂൎയ്യരശ്മികൾ ഋജുവായി പതിക്കുന്ന സ്ഥല
ത്തുനിന്നു വളരെ അകലെയാണു്, ഏഷ്യയുടെ വടക്കേ
അററം. എന്നുമാത്രമല്ല, തെക്കുനിന്നുള്ള ചൂടിനെ നടുവിലു
ള്ള മലകൾ തടുക്കുന്നതുമാണല്ലൊ. അതുകൊണ്ടു ചൂടുള്ള
യാതൊരു വായുവും അവിടെ എത്തുകയില്ല. തണുപ്പുള്ള
വായു ഘനമുള്ളവയുമാണു്. ഉന്നതസ്ഥാനത്തിരിക്കുന്ന
ഈ ഘനമുള്ള വായു നാലുദിക്കിലേക്കും കാററായി ഊതു
ന്നു. ഈ കാററു വരണ്ടതാണു. ജലബാഷ്പമുള്ളതല്ല. സമുദ്ര
ത്തിന്നടുത്തുള്ള സ്ഥലത്തു മാത്രമേ ഇതു ബാഷ്പസംപൂൎണ്ണ
മാകയുള്ളു. ചൈന, തെക്കെചൈന, സിലോൺ എന്നി
വിടങ്ങളിൽ ഈ കാററുകൊണ്ടു അല്പം മഴയുണ്ടാകുന്നു. ഇ
ന്ത്യയുടെ വടക്കുഭാഗത്തു് ഹിമാലയമുള്ളതുകൊണ്ടു ഈ ത
ണുത്ത കാററു ഇന്ത്യയിലേക്കു കടക്കുന്നില്ല. കാലാവസ്ഥ
യെ നിൎണ്ണയിക്കുന്നതിൽ മലകൾക്കുള്ള സ്ഥാനം എന്തെ
ന്നു നിങ്ങൾ ഗ്രഹിച്ചുവെല്ലൊ.

ഉഷ്ണകാലത്തെ സ്ഥിതിയെന്തെന്നു നോക്കുക. അന്നു
സൂൎയ്യരശ്മികൾ മദ്ധ്യരേഖയുടെ വടക്കുഭാഗത്തു ഋജുവാ
യി പതിക്കുന്നു. കൎക്കടകരേഖയിന്മേലുള്ള സ്ഥലങ്ങളിൽ
അന്നു അത്യുഷ്ണമാണു്. അന്നു ഇന്ത്യയിലെ പഞ്ചാബാണു്
ഏററവും ഉഷ്ണമുള്ള ഭാഗം. തിബെററൻ ഉന്നതതടത്തിലും
ഗോബി മരുഭൂമിയിലും അന്നു ചൂടിനു കുറവില്ല. അതുകൊ

ണ്ട് മദ്ധ്യരേഖയിലേയും ഇന്ത്യയിലേയും വായു ചൂടുപിടി കുന്നു. ചൂടുള്ളവായുവിനു ഘനം കുറഞ്ഞിരിക്കുമല്ലോ. അ പ്പോൾ സമുദ്രത്തിൽ നിന്നു തണുത്ത കാററു വീശുന്നു. ഈ കാററുകൊണ്ടാണ് ഏഷ്യയിലെ മിക്ക ഭാഗങ്ങളിലും മഴ ഉണ്ടാകുന്നതു്.

കാലാവസ്ഥയനുസരിച്ച് ഏഷ്യയെ നാലു പ്രത്യേക ഖണ്ഡങ്ങളാക്കിത്തിരിക്കാം. അവ 1. തണുത്ത വടക്കൻ പ്രദേശം; 2. അമിതമായ ചൂടും തണുപ്പുള്ള മദ്ധ്യഭാഗം; 3. വഷക്കാററുകൾ ഊതുന്ന കിഴക്കും, തെക്കുകിഴക്കുമുള്ള പ്രദേശം; 4. ചുട്ടു വരണ്ടിരിക്കുന്ന വടക്കുപടിഞ്ഞാറ് എന്നിവതന്നെ.

## 1. തണുത്ത വടക്കൻപ്രദേശം.

ഈ പ്രദേശം ഉത്തരധ്രുവസമുദ്രത്തിലേക്കു ചാഞ്ഞു കിടക്കുന്നു. തെക്കുനിന്നുള്ള ചൂടുവായുവും ഇങ്ങോട്ടു കടക്കു ന്നില്ല. മലകൾ ആ വായുവെ തടഞ്ഞുനിറുത്തുന്നു. അതു കൊണ്ടു ഇവിടത്തെ ശീതകാലം അത്യധികമായ തണുപ്പു ള്ളതാണ്. ഭൂമിയിലെ "ശീതധ്രുവം" ഇവിടെയാണ്. സൈബീരിയയിലെ നദീമുഖങ്ങൾ 8 മാസക്കാലത്തോളം മഞ്ഞുമൂടിക്കിടക്കുന്നു. ഡിസംബർമുതൽ ഏപ്രിൽവരെ യുള്ള കാലത്ത് ബൈക്കൽ തടാകം മഞ്ഞുമൂടിക്കിടക്കുന്നു. വേനല്ക്കാലം വളരെ ഹ്രസ്വമാണ്; എങ്കിലും ചൂടുള്ളതാ കുന്നു. വെർക്കോയാൻസ് എന്ന സ്ഥലമാണ് ലോക ത്തിൽ ജനാവാസമുള്ള ഏററവും തണുത്ത പ്രദേശം. ഈ പ്രദേശം പരന്ന ഒരു സ്ഥലമാകകൊണ്ടു മഴയും മഞ്ഞും

എല്ലാ സ്ഥലത്തും തുല്യമായി കാണുന്നു. എല്ലാഭാഗത്തും വളരെയധികം മഴയില്ല.

2. മദ്ധ്യോന്നതതടം.

ഇവിടത്തെ കാലാവസ്ഥയെ രൂപവൽക്കരിക്കുന്നത് സമുദ്രത്തിൽനിന്നുള്ള അകലവും ഉയരവുമാണ്.

ഇവിടെ അമിതമായ ചൂടും തണുപ്പുമുണ്ട്. വേനൽക്കാലത്തു അത്യുഷ്ണവും ശീതകാലത്തു അത്യധികമായ തണുപ്പുമാണ്. മഴ എല്ലാവിടേയും നന്ന കുറവാകുന്നു. ടാറിം തടത്തിലൊ ഗോബി മരുഭൂമിയിലൊ സസ്യങ്ങൾ തന്നെയില്ല. കിൻഗാൻ മലകളെ കുറച്ചു മേഘങ്ങൾ കടക്കുന്നില്ലെന്നില്ല. മങ്കോളിയയിൽ കുറച്ചു മഴ പെയ്യുന്നതുകൊണ്ട് അവിടം പുൽത്തകിടിയാണ്. ഉൗർഗ എന്ന സ്ഥലത്തു കൊല്ലത്തിൽ 7 ഇഞ്ചു മഴയാണ് പെയ്യുന്നതു്. തിബെററിൽ അധികഭാഗത്തും മഴ കുറവാണ്. കിഴക്കുള്ള താഴ്വരകളിലേക്കു മഴക്കാററുകൾ കടക്കുന്നുണ്ട്. അവിടെ പെയ്യുന്ന മഴകാരണം അവിടം കാടുകൾ നിറഞ്ഞിരിക്കുന്നു. അവിടെ ഗോതമ്പു, മില്ലട്സ്, മെയിസ്സ, എന്നിവ കൃഷിചെയ്യുന്നു.

3. വർഷക്കാററുവീശുന്ന പ്രദേശം.

രാജ്യത്തിന്റെ അകഭാഗത്തുള്ള വായുവിലെ അമരം ഏഷ്യയിലെ കാലാവസ്ഥയെ സാമാന്യത്തിലധികം നിയന്ത്രിക്കുന്നുണ്ട്. ഉഷ്ണക്കാലത്തു വായുവിന്റെ അമരം നന്ന കുറവാണ്. അക്കാലത്തു പടിഞ്ഞാറ സമുദ്രത്തിൽനിന്നു വർഷവാഹിനിക്കാററ് ഉൗതുന്നു. പടിഞ്ഞാറഭാഗത്തു

റിന്നു വരുന്ന ഈ കാററുകൊണ്ട് ഇന്ത്യയിലും ബമ്മയിലും മഴപെയ്യുന്നു. ചൈനയിലും ജപ്പാനിലും ശാന്തസമുദ്രത്തിൽനിന്നു വഷ്വാഹിനിക്കാററു ഊതുന്നു.

ശീതകാലത്ത് അമരം അധികമാണ്. അപ്പോൾ വടക്കുകിഴക്കുഭാഗത്തുനിന്നു വരണ്ട കാററ് ഇന്ത്യയിൽ ഊതുന്നു. ചൈനയിൽ അക്കാലത്തു ഊതുന്ന കാററു വടക്കുപടിഞ്ഞാറുനിന്നു വരുന്ന വരണ്ട കാററാണ്. സയാം, ആസ്സാം എന്നീ സ്ഥലങ്ങളിലും വർഷവാഹിനിക്കാററു ഊതുന്നു.

4. വടക്കുപടിഞ്ഞാറൻഏഷ്യ.

ഭൂഖണ്ഡത്തിന്റെ അകഭാഗത്തെ വായുവിന്നുണ്ടാകുന്ന അമച്ചയുടെ വ്യത്യാസംകൊണ്ട് ഈ ഭാഗത്തും മാററം വരുന്നു. വേനൽക്കാലത്തു ഇവിടെ വടക്കുപടിഞ്ഞാറൻ കാററും ശീതകാലത്തു വടക്കുകിഴക്കൻകാററും ഊതുന്നു. രണ്ടു കാററുകളും കരയിൽനിന്നാണ് വരുന്നതു. അതുകൊണ്ടു അവയിൽ ജലബാഷ്പം നന്ന കുറവാണ്. അതുകൊണ്ട് ഈ പ്രദേശത്തു പുൽത്തകിടികൾ സുലഭമായി കാണാം. ഇറാക്കു, ബൊക്കാറ മുതലായ സ്ഥലങ്ങളിൽ വെള്ളം കെട്ടിനിറുത്തിയാണ് കൃഷി നടത്തുന്നതു്. ബാഗ്ദാദ്, ടെവിറൻ എന്നീ സ്ഥലങ്ങളിൽ കൊല്ലത്തിൽ 9 ഇഞ്ചു മഴയും, ഏഡനിൽ 2ഇഞ്ചു മഴയുമാണ് പെയ്യുന്നതു.

ഈസ്റ്റ്ഇൻഡീസു ദ്വീപുസമൂഹവും മലയാ ഉപദ്വീപും ക്രാന്തിവലയത്തിലാണ്. കാലാവസ്ഥ ഏതാണ്ടു മിതശീതോഷ്ണമുള്ളതാണ്. മഴ സമൃദ്ധിയായി പെയ്യുന്നു.

# അദ്ധ്യായം 7

## ഏഷ്യ.

### സസ്യങ്ങൾ.

കാലാവസ്ഥയുടെ സ്ഥിതിയാണ് സസ്യാദികളെ രൂപവൽക്കരിക്കുന്നതു്.

സസ്യങ്ങളെ സംബന്ധിച്ചേടത്തോളം ഏഷ്യയെ നാലു പ്രത്യേക ഖണ്ഡങ്ങളാക്കാം. അവ (1) ഉത്തരമൈതാനം; (2) മലയാ ഉപദ്വീപ്; (3) തെക്കുപടിഞ്ഞാറൻ ഏഷ്യ; (4) തെക്കുകിഴക്കൻ ഏഷ്യ എന്നിവയാകുന്നു.

### 1. ഉത്തരമൈതാനം.

സൈബീരിയയെയാണ് ഉത്തരമൈതാനമെന്നു പറയുന്നതു്. അതിനെ വടക്കുനിന്നു തെക്കോട്ട് ടൂൺഡ്ര, കാടുകൾ, സ്റ്റെപ്പികൾ എന്നിങ്ങിനെ വേർതിരിക്കാം.

ഉത്തരധ്രുവസമുദ്രത്തെ തൊട്ടുകിടക്കുന്ന ടൂൺഡ്രകളിൽ മഞ്ഞു സുലഭമാണ്. അവിടെ പൂപ്പായൽ, പുല്ല്, ലിച്ചൻസ് എന്നിവയല്ലാതെ മററു യാതൊന്നും വളരുകയില്ല. അതിനു തെക്കാണു വനപ്രദേശം. ആ പ്രദേശം രാജ്യമാസകലം—പടിഞ്ഞാറെ അററംമുതൽ കിഴക്കെ അററംവരെ—പരന്നുകിടക്കുന്നു. കാടുകൾക്കും തെക്കുകിടക്കുന്ന സ്റ്റെപ്പികളാണു സൈബീരിയയിലെ ഏററവും പ്രധാനമായ ഭാഗം. അതിന് 50 മുതൽ 100 നാഴികവരെ വീതി കാണും. ട്രാൻസു സൈബീരിയൻ തീവണ്ടിപ്പാത അ

തിൽക്കൂടിയാണു പോകുന്നതു്. ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാകുന്നു. ഗോതമ്പാണു പ്രധാന വിള.

## 2. മലയാളപ്രദേശീപ്.

ഇവിടെ കാടുകൾ സുലഭമാണ്. തേക്കാണു പ്രധാന മരം. നെല്ലു സമൃദ്ധിയായി വളരുന്നു. റബ്ബർത്തോട്ടങ്ങളും ധാരാളം കാണാം.

## 3. തെക്കുപടിഞ്ഞാറൻ ഏഷ്യ.

മഴ നന്ന കുറവാണെന്നു പറഞ്ഞുവല്ലൊ. അധികം പുൽത്തകിടികളാണ്. മരുഭൂമികളും ദുർല്ലഭമല്ല. അറേബിയയിൽ ഈന്തപ്പന സുലഭമായി വളരുന്നു. ഈ പ്രദേശങ്ങളിൽ ആടുവളർത്തൽ ധാരാളമായി നടത്തിവരുന്നു.

## 4. തെക്കുകിഴക്കൻ ഏഷ്യ.

വർഷവാഹിനിക്കാറ്റുകൾ ഊതുന്ന ഇന്ത്യ, ബർമ്മ, ചൈന, ഇന്തോ-ചൈന എന്നി രാജ്യങ്ങളെ ഈ വിഭാഗത്തിലുൾപ്പെടുത്താം. ഈ പ്രദേശങ്ങളിൽ കാടുകൾ സുലഭമാണല്ലൊ. ഇന്ത്യയിലെ തേക്ക്, വീട്ടി, കരിമരം എന്നിവ പ്രസിദ്ധമാണ്. ജനങ്ങൾ കൃഷി ചെയ്തു് ഉപജീവനം സമ്പാദിക്കുന്നു. നെല്ലു തന്നെയാണു പ്രധാന വിള. എല്ലു തരത്തിലുള്ള ധാന്യവും കൃഷി ചെയ്തുവരുന്നു.

# അദ്ധ്യായം 8.

ഏഷ്യ.

വ്യവസായങ്ങൾ:

കാലാവസ്ഥ, സസ്യങ്ങൾ എന്നീ രണ്ടു സംഗതികൾ മനസ്സിലാക്കിയാൽ ഏഷ്യയിലെ ജനങ്ങളുടെ തൊഴിലുകളെന്തെന്നു ഗ്രഹിക്കാം.

ഏഷ്യയിലെ ജനങ്ങളുടെ പ്രധാന തൊഴിലുകൾ കൃഷി, ആടുകളെ മേയ്ക്കൽ, നായാട്ടു, മത്സ്യംപിടുത്തം, വ്യവസായങ്ങൾ എന്നിവയാണ്.

ഇന്ത്യ, ചൈന, ഇന്തോ-ചൈന, ജപ്പാൻ എന്നിവിടങ്ങളിൽ കൃഷി സുലഭമായി നടക്കുന്നു. നെല്ല്, മെയിസു, മില്ലെട്ട്സ്, ഗോതമ്പ് എന്നിവയാണ് പ്രധാന വിളവുകൾ. ഉഷ്ണരാജ്യങ്ങളിലെ ജനങ്ങളുടെ പ്രധാന ഭക്ഷണം നെല്ലരിയാണെന്നു പറയേണ്ടതില്ലല്ലോ. ഏഷ്യയുടെ തെക്കും തെക്കുകിഴക്കും ഭാഗങ്ങളിൽ കരിമ്പു സുലഭമായി കൃഷിചെയ്യുന്നു, സുഗന്ധദ്രവ്യങ്ങൾ, പച്ചമരുന്നുകൾ എന്നിവ തെക്കെ ഏഷ്യയിൽ സുലഭമാണ്. ഇന്ത്യ, ഏഷ്യാമൈനർ, ജാപ്പാൻ എന്നിവിടങ്ങളിൽ പുകയില കൃഷി ചെയ്തുവരുന്നു, ഇന്ത്യ, ചൈന, ഏഷ്യാമൈനർ, കൊക്കേഷ്യ, തുർക്കിസ്ഥാൻ എന്നിവിടങ്ങളിലെ ഒരു വിളവാണ് പരുത്തി. ഇന്ത്യയിലെ ചണം സുപ്രസിദ്ധമാണല്ലോ.

തെക്കുപടിഞ്ഞാറൻ ഏഷ്യയിലെ ജനങ്ങളുടെ പ്രധാന തൊഴിലാണ് ആടുകളെ മേയ്ക്കൽ.

സൈബീരിയയിലെ ജനങ്ങൾ നായാട്ടു നടത്തിവരുന്നു.

സമുദ്രതീരത്തുള്ളവർ മത്സ്യംപിടിച്ചും ഉപജീവനം കഴിക്കുന്നു.

ഇനി പറയേണ്ടതു വ്യവസായങ്ങളെപ്പററിയാണ്.

ഏഷ്യയിൽ വളരെ കുറച്ചു വ്യവസായം മാത്രമേ നടക്കുന്നുള്ളു. യൂറോപ്പിലെ വ്യവസായങ്ങളോടൊ അമേരിക്കയിലെ വ്യവസായങ്ങളോടോ താരതമ്യം ചെയ്താൽ ഏഷ്യയിലെ വ്യവസായങ്ങൾ നന്ന നിസ്സാരങ്ങളാണ്.

ഏഷ്യയിലെ പ്രധാന വ്യവസായരാജ്യങ്ങൾ ഇന്ത്യയും ജാപ്പാനുമാണ്.

ഇന്ത്യയിലെ പ്രധാന വ്യവസായം പരുത്തിവ്യവസായമാണ്. ഈ വ്യവസായത്തിൽ ദിനംപ്രതി ഏർപ്പെട്ടിരിക്കുന്നതു് 500,000 ആളുകളുമാണ്. കൊല്ലത്തിൽ 500 കോടി വാര തുണി ഇവിടെ ഉണ്ടാക്കിവരുന്നു. 379 യന്ത്രശാലകളിൽ പരുത്തിവ്യവസായം നടക്കുന്നു. മിക്ക യന്ത്രശാലകളും ബോംബെയിലാണ്. ബോംബെ, ഷോലാപുരം, അഹമ്മദബാദ് എന്നിവിടങ്ങളിലാണ് പരുത്തിവ്യവസായം പ്രധാനമായി നടക്കുന്നതു്.

ഇന്ത്യയിലെ രണ്ടാമത്തെ പ്രധാനവ്യവസായം ചണവ്യവസായമാണ്. ബങ്കാളത്തിലാണ് ഈ വ്യവസായം അധികം നടക്കുന്നതു്. 100 യന്ത്രശാലകളിൽ ഈ വ്യവസായം നടക്കുന്നു.

ഇന്ത്യയിലെ മൂന്നാമത്തെ വ്യവസായം ചായവ്യവസായമാണ്. 10,00,000 ജനം ഇതിൽ ഏർപ്പെട്ടിരിക്കുന്നു.

ബീഹാരിലെ ജമഷ്ദ്പുരത്തിലുള്ള ഇരിമ്പുവ്യവസായം ഏഷ്യയിൽവച്ച് ഏററവും വലിയതാണ്.

രോമവ്യവസായം, തീപ്പെട്ടി ഉണ്ടാക്കൽ, പഞ്ചസാര ഉണ്ടാക്കൽ എന്നിവയാണ് ഇന്ത്യയിലെ മററു വ്യവസായങ്ങൾ.

ബങ്കാളത്തിലേയും മദ്രാസിലേയും തോൽവ്യവസായം പ്രസിദ്ധമാണ്.

ബങ്കാളത്തിൽ കടലാസ്സുണ്ടാക്കിവരുന്നു.

ലാഹൂർ, അമൃതസരസ്സ്, ശ്രീനഗരം എന്നിവിടങ്ങളിൽ സാൽവകൾ ഉണ്ടാക്കിവരുന്നു.

മദ്രാസ്, തഞ്ചാവൂർ, കാശി, ജയപുരം എന്നിവിട



ങ്ങളിൽ ചെമ്പ്, പിത്തള എന്നിവകൊണ്ടുള്ള പാത്രങ്ങ ൾ ഉണ്ടാക്കുന്നു.

ജപ്പാനിലെ പ്രധാന വ്യവസായം പരുത്തിവ്യവസായംതന്നെ. അവിടെ പട്ടുണ്ടാക്കലും നടന്നുവരുന്നു. അവിടത്തെ കളിക്കോപ്പുകളും തീപ്പെട്ടികളും പ്രസിദ്ധമായവയാണ്.

ചൈനയിലെ പ്രധാനവ്യവസായം പട്ടുപുഴുവിനെ വളർത്തലാണ്.

പേർഷ്യയിൽ പനിനീരും അത്തറും ഉണ്ടാക്കിവരുന്നു. ഇവിടെയും ഇറാക്കിലും ധാരാളം എണ്ണഖനികളുണ്ട്.

കൊക്കേഷ്യയിലെ ബാക്കു എന്ന സ്ഥലത്തു നിന്നു മണ്ണെണ്ണ കഴിച്ചെടുക്കുന്നു.

മലയാളപെനിൻസുലയിൽനിന്നു വെള്ളത്തീയം (ടിൻ) കുഴിച്ചെടുക്കുന്നു.

---

# അദ്ധ്യായം 9.

## ഏഷ്യ

### ഗതാഗതവും വാണിജ്യവും.

ഗതാഗതമാർഗ്ഗങ്ങളെ സ്ഥലമാർഗ്ഗങ്ങൾ, ജലമാർഗ്ഗങ്ങൾ, ആകാശമാർഗ്ഗങ്ങൾ എന്നിങ്ങിനെ വിഭാഗിക്കാവുന്നതാണല്ലോ.

സ്ഥലമാർഗ്ഗങ്ങളെത്തന്നെ തീവണ്ടിപ്പാതകളെന്നും കാരവൻ (കച്ചവടസംഘം) മാർഗ്ഗങ്ങളെന്നും തിരിക്കാം.

ഏഷ്യയിലെ പ്രധാന തീവണ്ടിപ്പാതകൾ (1) ട്രാൻസ്സൈബീരിയൻപാത; (2) ഒറിയൻററൽ എക്സ്പ്രസ്സ്പാത: (3) മദ്ധ്യേഷ്യൻപാത; (4) അറേബിയയിലെ പാത എന്നിവയാകുന്നു.

ട്രാൻസ്സൈബീരിയൻപാത

ഇതിന്നു 4000 നാഴിക നീളമുണ്ട്. ഇതു യൂറോപ്പിലെ റഷ്യയുടെ നടുവിലുള്ള മോസ്ക്കോവിൽനിന്നു പുറപ്പെടുന്നു. ഇതിന്റെ അവസാനസ്ഥലം വ്ളോഡിവാസ്റ്റക്കാണ്. മൂന്നാഴ്ചകൊണ്ടാണ് ഈ ദൂരമാസകലം സഞ്ചരിച്ചെത്തുന്നതു്. വാരിസ്മാറ എന്ന സ്ഥലത്താണ് ഈ പാത വോൾഗയെ കടക്കുന്നതു്. യെനിസിനദിയിന്മേലെ പാലം കസ്നോയിറസ്ക് എന്ന സ്ഥലത്താണ്. പാത പിന്നെ ഇർകട്സ്കിലെത്തുന്നു. ഇർകട്സ്ക് വളരെ പ്രധാനമായ ഒരു പട്ടണമാണ്. അവിടെനിന്നു പാത ബൈക്കൽതടാകതീരത്തെത്തുന്നു. പിന്നെ ഇതു യാബ്ളനോയമലകളെ കടന്നു ഹാർബിൻ എന്ന സ്ഥലത്തു ചെല്ലുന്നു. അവിടെനിന്ന് ഒരു ശാഖ തെക്കോട്ടു പെപ്പിങ്ങ്, പോർട്ട് ആർതർ എന്നീ സ്ഥലങ്ങളിലേയ്ക്കു പോകുന്നു. പാത അവസാനിക്കുന്നതു വ്ളാഡി വാസ്റ്റക്കിലുമാണ്.

ഒറിയന്ററൽ എക്സ്പ്രസ്സ്പാത.

പാരിസ്സിൽനിന്നാണ് ഇതു പുറപ്പെടുന്നതു്. മററനേക പാതകളുമായി യോജിച്ച് ഇതു കോൺസ്റ്റാൻററി

നോപ്പിലിലെത്തുന്നു. അവിടെനിന്ന് അതു ആലപ്പോ, മോസൽ, ബാഗ്ഡാഡ്, ബസ്രാ എന്നീ പട്ടണങ്ങളിലെത്തുന്നു. ഈ പാത ഇന്ത്യവരെ നീട്ടിക്കൊണ്ടുപോകാമെന്നാണ് അഭിപ്രായം. യൂറോപ്പിൽനിന്ന് ഇന്ത്യയിലേയ്ക്കുള്ള കരമാർഗ്ഗമാണിതു്.

### മദ്ധ്യേഷ്യൻപാത.

കാസ്പിയൻകടലിന്റെ തീരത്തുനിന്നു പുറപ്പെടുന്നു. പിന്നെ ഇതു മെർവ്, ബൊക്കാറ, സമർക്കണ്ട് എന്നീ സ്ഥലങ്ങളിലേക്കു പോകുന്നു.

### അറേബിയയിലെ പാത.

ആലപ്പോവിൽനിന്നും ഒരു പാത ഡമസ്കസ്സ്പട്ടണത്തിൽക്കൂടി അറേബിയയിലെ മെക്ക, മെഡീന എന്നീ സ്ഥലങ്ങളിലേയ്ക്കു പോകുന്നു. ജെറൂസലം, ഹീഫാ, ജെഡ എന്നീ സ്ഥലങ്ങളും തീവണ്ടിപ്പാതവഴി ആലപ്പോവിനോടു സംഘടിതമായിരിക്കുന്നു.

ഇനി പറയേണ്ടതു കാരവൻമാർഗ്ഗങ്ങളെപ്പററിയാണ്. പണ്ടത്തെ കച്ചവടസംഘക്കാരെയാണ് കാരവൻസു എന്നു പറയുന്നതു്. അവർ ഒട്ടകങ്ങൾ, കഴുതകൾ മുതലായ മൃഗങ്ങളുടെ പുറത്താണു സാമാനങ്ങൾ കയററിക്കൊണ്ടുപോയിരുന്നതു്. ഏഷ്യയിലെ പ്രധാന കാരവൻമാർഗ്ഗങ്ങൾ സൈബീരിയയിലാണ്. അവിടത്തെ ഇർകൂസ്ക് എന്ന പട്ടണമാണ് കാരവൻമാർഗ്ഗങ്ങളുടെ ഉല്പത്തിസ്ഥാനം. അവിടെനിന്നു നാലു മാർഗ്ഗങ്ങൾ പറപ്പെടുന്നുണ്ടു്. ഒരു മാർഗ്ഗം കിയാക്കോവിലേക്കും പെപ്പിങ്ങിലേക്കും

പോകുന്നു. മറ്റൊന്നു യാക്ക്ട് സ്കിൽ അവസാനിക്കുന്നു. മൂന്നാമത്തൊന്നു എമൂർനദീതീരത്തുകൂടി ഏഷ്യയുടെ പൂർവ്വതീരത്തെത്തുന്നു. നാലാമത്തെ മാർഗ്ഗം യൂറൽമലകൾവരെ പോകുന്നു. അറേബിയയിൽനിന്നു പുറപ്പെടുന്ന ഒരു മാർഗ്ഗം ഡമസ്കസ്സ് എന്ന പട്ടണത്തിലെത്തുന്നു.

ഏതു പരിഷ്കൃതരാജ്യത്തും റോഡുകൾ സുലഭമാണെന്നു പറയേണ്ടതില്ലല്ലോ.

ജലമാർഗ്ഗങ്ങളിൽ പ്രധാനമായവ നദികളും കനാലുകളും ആണ്. ലോകത്തിലെവിടേയും നദികളും കനാലുകളും ഗതാഗതമാർഗ്ഗങ്ങളാണ്. പക്ഷേ, ചൈനക്കാരെപ്പോലെ യാതൊരു ജനങ്ങളും ജലമാർഗ്ഗങ്ങളെ ഇത്ര സാധാരണമായി ഉപയോഗിക്കുന്നില്ല. അവരുടെ തോണികളും പ്രത്യേകതരത്തിലുള്ളവയാണ്. ചൈനയുടെ വടക്കുഭാഗത്തു വളരെയധികം കനാലുകളില്ല. കനാലുകളിൽ പ്രധാനമായവ ഇംപീരിയൽ കനാലുകളാണ്. അവ കുത്തിയതു് ഏതാണ്ട (1938_ലേക്കു) 1220 കൊല്ലങ്ങൾക്കു മുമ്പാണ്. ഈ കനാലുകൾ തെക്കുള്ള ഹാങ്ച്ചൂ മുതൽ വടക്കുള്ള ടീൻസ്റ്റൻവരെ എത്തുന്നു. ദക്ഷിണചൈനയിലെ നദികളിൽ വെള്ളച്ചാട്ടമുള്ളതുകൊണ്ട ഗതാഗതസൌകര്യം നന്നേ കുറയും. യാങ്ട്സീസ്യാങ്ങാണു ഗതാഗതസൌകര്യം ഏററവുമധികമുള്ള നദി.

1933 ജൂലായി 7-നു മുതൽ വിമാനങ്ങൾ കറാച്ചിയിൽനിന്നു ജോഡ്പുരം, ദൽഹി, കാൺപുരം എന്നീ സ്ഥലങ്ങളിൽക്കൂടി കൽക്കത്തയിലെത്തി. പിന്നെ കല്ക്ക

ത്തയിൽ നിന്നു വിമാനങ്ങൾ റംഗൂൺ, സിങ്കപ്പൂർ എന്നീ പട്ടണങ്ങളിലെത്തി അവിടെനിന്നു 1934 ൽ വിമാനങ്ങൾ ആസ്ത്രേലിയയിലെ പോർട്ടുഡാർവിൻ, ബ്രിസ്ബെയിൻ എന്നീ സ്ഥലങ്ങളിലേക്കു പറന്നു. ഇന്നു യൂറോപ്പിൽനിന്നു പുറപ്പെടുന്ന മൂന്നു കമ്പനിക്കാരുടെ വിമാനങ്ങൾ പശ്ചിമേഷ്യവഴി ഇന്ത്യയിലെത്തി ആസ്ത്രേലിയക്കു പോകുന്നു. ഈ കമ്പനിക്കാർ ഇംപീരിയൽ എയർ ലൈൻസു, കെ. എൽ. എം. റോയൽ ഡച്ച് എയർ ലൈൻസു, എയർഫ്രാൻസു എന്നിവർ തന്നെ. ഇവരുടെ വിമാനങ്ങൾ ആഴ്ചയിൽ 5 തവണ പറക്കുന്നു. 1938_ൽ ഹോങ്ങ്കോങ്ങിനെ ബാങ്കോക്കുമായി വിമാനമാർഗ്ഗം സംഘടിപ്പിച്ചു. അപ്പോൾ ഓസ്ത്രേലിയയിലേക്കുള്ള ദൂരം 400 നാഴിക കുറഞ്ഞിരിക്കുന്നു.

ഏഷ്യയിലെ രാജ്യങ്ങൾ തമ്മിൽതന്നെ കച്ചവടം നടക്കുന്നു. എന്നാൽ ഗതാഗത സൌകര്യം കുറവാകയാൽ കച്ചവടം വളരെ പുഷ്ടിയായി നടക്കുന്നുവെന്നു പറവാൻ തരമില്ല. ഇന്ത്യയും ജാപ്പാനുമായുള്ള കച്ചവടം നിസ്സാരമല്ല. ഇന്ത്യയിൽനിന്നു 20 കോടി ഉറുപ്പിക വിലയ്ക്കുള്ള സാമാനങ്ങൾ 1937_ൽ ജാപ്പാനിലേക്കു അയക്കുകയും, 30 കോടി ഉറുപ്പിക വിലയ്ക്കുള്ള സാമാനങ്ങൾ ജപ്പാനിൽ നിന്നു ഇവിടെ ഇറക്കുകയും ചെയ്തിരിക്കുന്നു. പരുത്തി, പട്ടു, രോമം, ചായ, തോൽ, കുതിരകൾ എന്ന സാധനങ്ങളാണ് ഏഷ്യയിലെ രാജ്യങ്ങൾതമ്മിൽ കൈമാററം ചെയ്യുന്നതു്.

ഏഷ്യയിലെ വിദേശവാണിജ്യം അധികവും നടത്തു
ന്നതു യൂറോപ്യന്മാരാണ്. പരുത്തിസ്സാമാനങ്ങൾ, പട്ടുസാ
മാനങ്ങൾ, ചണസ്സാമാനങ്ങൾ, യന്ത്രങ്ങൾ മുതലായവ
യാണ് പ്രധാന ഇറക്കുമതികൾ. ചായ, പട്ട്, കാപ്പി, എ
ണ്ണക്കുരുക്കൾ, രോമം, മരം, മണ്ണെണ്ണ എന്നിവയാണ് പ്ര
ധാന കയറുമതികൾ.

ജാപ്പാനിൽനിന്നു സംസ്കൃതവിഭവങ്ങളാണ് ഇപ്പോ
ൾ അധികമായും കയററി അയയ്ക്കുന്നതു്. വ്യവസായാഭി
വൃദ്ധിയിൽ ജപ്പാൻ ഇപ്പോൾതന്നെ ഗ്രേറബ്രിട്ടനോടു
കിടപിടിക്കുവാൻ തുടങ്ങീട്ടുണ്ട്.

# അദ്ധ്യായം 10.

## ഏഷ്യ.

### ജനം.

ഏഷ്യയാണല്ലോ ഭൂമിലെ ഏററവും വലിയ ഭൂഖ
ണ്ഡം. അതുകൊണ്ടു ഏഷ്യയിൽ മററു ഖണ്ഡങ്ങളിലുള്ളതി
നേക്കാളധികം ജനമുണ്ടായിരിക്കേണമല്ലോ. ഭൂമിയിൽ ഇ
ന്നാകെ 200 കോടി ജനമുള്ളതിൽ പകുതിയും 100 കോ
ടിയും ഏഷ്യയിലാണ് നിവസിക്കുന്നതു്. ഇന്ത്യയിലെ ജന
സംഖ്യ 35 കോടിയാണെന്നു നിങ്ങൾ ധരിച്ചിട്ടുണ്ടല്ലോ.
ചൈനയിൽത്തന്നെ 40 കോടി ജനമുണ്ട്. ജപ്പാനിൽ ഏ
ഴുകോടി ജനം നിവസിക്കുന്നു. അറേബിയ, മദ്ധ്യേഷ്യയി

ലെ ഉന്നതതടങ്ങൾ, വടക്കുള്ള ശീതപ്രദേശങ്ങൾ എന്നിവിടങ്ങളിൽ നന്ന കുറച്ചു ജനം മാത്രമേ അധിവസിക്കുന്നുള്ളു.

ഏഷ്യയിലെ ജനങ്ങളെ കൊക്കേഷ്യൻ, മങ്കോളിയൻ, നീഗ്രോ എന്നിങ്ങിനെ 3 വൎഗ്ഗമാക്കിത്തിരിക്കാം.

താഴെ കാണുന്നവർ കൊക്കേഷ്യൻ വൎഗ്ഗക്കാരാണ്.

(1) കൊക്കേഷ്യയിലെ ജോർജിയൻസ്.

(2) അറേബിയയിലേയും സിരിയയിലേയും സെമിററിക്ക വൎഗ്ഗക്കാർ.

(3) ഏഷ്യാമൈനറിലെ അർമീനിയൻസും കുർഡുകളും.

(4) പേർഷ്യയിലെ ഐറേനിയന്മാർ.

(5) ആഫ്ഗൻകാർ.

(6) ബലൂചികൾ.

(7) ഹിന്ദുക്കൾ.

(8) ദക്ഷിണ സൈബീരിയ; റഷ്യൻ തുൎക്കിസ്ഥാൻ എന്നിവിടങ്ങളിലെ സ്കമോണിയൻസ്.

(9) ഇന്ത്യയിലും ഇന്തോ ചൈനയിലും ഉള്ള ബ്രിട്ടീഷുകാർ.

(10) ഇന്ത്യയിലും മററുമുള്ള പരന്ത്രീസ്സുകാർ, മററു യൂറോപ്പ്യന്മാർ.

ഏഷ്യയിലെ ജനങ്ങളിൽ മൂന്നിൽ രണ്ടു ഭാഗക്കാർ മങ്കോളിയൻ വൎഗ്ഗക്കാരാണ്. അവരെ വടക്കൻ മങ്കോളിയർ, തെക്കൻ മങ്കോളിയർ, ഓഷ്യാനിക്കമങ്കോളിയർ എന്നിങ്ങിനെ തിരിക്കാം.

വടക്കൻസൈബീരിയ, തെക്കൻസൈബീരിയ, തുക്കിസ്ഥാൻ, തുക്കി, ജപ്പാൻ, കൊറിയ, മഞ്ചൂറിയ, മങ്കോളിയ എന്നിവിടങ്ങളിലെ ജനങ്ങൾ വടക്കൻ മങ്കോളിയരാണ്.

തെക്കൻ മങ്കോളിയരിൽ തിബററ, ചൈന, ഇന്തോചൈന, ബാക്കു, ഇന്ത്യയിലെ ഹിമാലൻചുരങ്ങൾ എന്നിവിടങ്ങളിലെ ജനങ്ങൾ ഉൾപ്പെട്ടം.

മലൈഅർദ്ധദ്വീപ്, ഈസ്റ്റ്ഇൻഡീസ്, ഫൊർമോസ എന്നിവിടങ്ങളിലെ ജനങ്ങൾ ഓഷ്യാനിക്കമങ്കോളിയരാണ്.

ആൻഡമൻദ്വീപ്, മലയോപദ്വീപ്, ഈസ്റ്റ്ഇൻഡീസ് എന്നിവിടങ്ങളിലെ ജനങ്ങളിൽ കുറെപേർ നീഗ്രോവർഗ്ഗത്തിൻെറ ഒരു ശാഖയായ നീഗ്രിറേറാവർഗ്ഗക്കാരാണ്.

ലോകത്തിൽ ഇന്നു പ്രചാരത്തിലിരിക്കുന്ന സകലമതങ്ങളുടേയും ഉല്പത്തിസ്ഥാനം ഏഷ്യയാണ്. ഹിന്തുമതം, ബുദ്ധമതം, മുഹമ്മദീയമതം, ക്രിസ്തുമതം, കൺഫൂഷിയൻ മതം, പാർസിമതം എന്നിവയെല്ലാം ഏഷ്യയിൽ ഉത്ഭവിച്ചവയാണ്. ഇന്ത്യയിലെ ജനങ്ങളിൽ അധികഭാഗക്കാരും ഹിന്തുക്കളാണല്ലോ. ചൈന, ജപ്പാൻ, ബമ്മ, തായി, ഇൻഡോ, ചൈന എന്നിവിടങ്ങളിൽ ബുദ്ധമതം പ്രചാരത്തിലിരിക്കുന്നു. ചൈനയിലെ മറെറാരു മതമാണു കൺഫൂഷിയൻമതം. ജപ്പാനിൽ ഷിൻേറാമതമാണ് പ്രധാനമായതു്. അറേബിയയിൽ ഉത്ഭവിച്ച മുഹമ്മദ്മതം ഇന്നു

പശ്ചിമേഷ്യയിലാസകലം പ്രചാരത്തിലിരിക്കുന്നു. പാഴ്സികളെ പേർഷ്യയിലും ഇന്ത്യയിലും കാണാം. ക്രിസ്ത്യാനികൾ എവിടേയുമുണ്ട്.

# അദ്ധ്യായം 11.

## ഏഷ്യ.

### രാഷ്ട്രീയവിഭാഗങ്ങൾ.

രാഷ്ട്രീയമായി ഏഷ്യയെ ബ്രിട്ടീഷേഷ്യാ, പരന്ത്രീസ്സേഷ്യാ, ഡച്ചേഷ്യാ, റഷ്യനേഷ്യാ, ടൎക്കീഷേഷ്യാ, അമേരിക്കനേഷ്യാ, സ്വതന്ത്രയേഷ്യാ എന്നിങ്ങിനെ വിഭാഗിക്കാം.

### എ. ബ്രിട്ടീഷ് ഏഷ്യാ.

1. ഇന്ത്യ, 2. ബൎമ്മ, 3. ബലൂചിസ്ഥാനിന്റെ ഒരു ഭാഗം, 4. സിലോൺ, 5, സ്ട്രെയിട്സ് സെററിൽമെൻറ്സ്, 6. മലെ സംരക്ഷിതരാജ്യങ്ങൾ, 7. ഏഡൻ, 8. സൈപ്രസ്സ്, 9. ഹോങ്ങ്കോങ്ങ്, 10. ബോർണിയോവിലൊരുഭാഗം, 11. പാലസ്റ്റൈൻ.

### ബി. പരന്ത്രീസ്സേഷ്യാ.

1. ആനാം, 2. കംബോഡിയാ, 3. കൊച്ചിൻചൈന, 4. ടോങ്ങ്കിങ്ങ്, 5. ഇന്ത്യയിലെ പുതുച്ചേരി മുതലായ സ്ഥലങ്ങൾ.



സി. ഡച്ചേഷ്യാ

1. സുമാട്ര, 2. ജാവ, 3. സിലബീസു, 4, ബ്ലൈസു
5. സണ്ട—എന്നീ ദ്വീപുകൾ.

ഡി. റഷ്യനേഷ്യ

1. സൈബീരിയ, 2. മദ്ധ്യേഷ്യ, 3. ട്രാൻസു കൊ
ക്കേഷ്യ.

ഇ. തക്കിയേഷ്യ

ഏഷ്യാമൈനർ.

എഫ്. അമേരിക്കനേഷ്യാ

ഫിലിപ്പൈൻ ദ്വീപുകൾ.

ജി. സ്വാതന്ത്ര്യയേഷ്യാ

1. ചൈന, 2. മങ്കോളിയ, 3. ജപ്പാൻ, 4. ഇറാൻ 5. അഫ്ഗാനിസ്ഥാൻ, 6. തായിലണ്ട്, 7. ഇറാക്ക്, 8. സിരിയ, 9. ഹെജാസ്, 10. തുക്കിസ്ഥാൻ, 11. കൊക്കേസ്യാ, 12. ട്രാൻസ്ജോർഡൻ 13. മഞ്ചൂക്കോ.

എച്ച്. പറങ്കി ഏഷ്യാ

ഇന്ത്യയിലെസ്ഥലങ്ങൾ.

---

# അദ്ധ്യായം. 12.

## ഏഷ്യ—ബ്രിട്ടീഷ് ഏഷ്യ

### 1. ഇന്ത്യ

ഏഷ്യയുടെ തെക്കെ അററത്തുള്ള അൎദ്ധദ്വീപുകളിൽ നടുവിലത്തേതും ഏററവും പ്രധാനമായതുമാകുന്നു. ഹിമാലയപൎവ്വതം ഈ രാജ്യത്തെ ഏഷ്യയുടെ മറുഭാഗങ്ങളിൽനിന്നു വേർതിരിക്കുന്നു.

ഭൂപ്രകൃതിയനുസരിച്ച സിന്ധുഗംഗാമൈതാനം, ദക്ഷിണഖണ്ഡം എന്നിങ്ങിനെ രണ്ടു ഭാഗങ്ങളാക്കി തിരിക്കാം. സിന്ധുഗംഗാതടം ലോകത്തിലെ ഏററവും ഫല

പുഷ്ടിയുള്ള ഭാഗങ്ങളിൽ ഒന്നാണ്. ദക്ഷിണഖണ്ഡം ഒരു പീഠഭൂമിയാണ്.

പ്രധാന നദികൾ സിന്ധു, ഗംഗ, ബ്രഹ്മപുത്രാ, മഹാനദി, ഗോദാവരി കൃഷ്ണ എന്നിവയാകുന്നു.

നെല്ല്, പരുത്തി, ഗോതമ്പ്, പുകയില, ചണ എന്നിവയാണു പ്രധാന വിളവുകൾ.

ഗതാഗതത്തിന്നു സ്ഥലമാർഗ്ഗങ്ങളും ജലമാർഗ്ഗങ്ങളും സുലഭമായുണ്ട്. ഏതാണ്ട 40000 നാഴിക നീളമുള്ള തീവണ്ടിപ്പാതകളും അത്രതന്നെ നീളമുള്ള കല്ലിട്ടതല്ലിയ റോഡുകളും അത്രതന്നെ കനാലുകളുമുണ്ട്

പരുത്തി, ചണ, പട്ട എന്നിവകൊണ്ടുള്ള വ്യവസായങ്ങൾ സമൃദ്ധിയായി നടന്നുവരുന്നു.

ബ്രിട്ടീഷ്യസാമ്രാജ്യത്തിലുൾപ്പെട്ട ഇന്ത്യയുടെ വിസ്താരം യൂനൈറ്റഡ് കിംഗ്ഡത്തിന്റെ ഏതാണ്ട 12 ഇരട്ടിയാകുന്നു.

പ്രധാന പട്ടണങ്ങൾ കല്ക്കത്ത, ബോംബെ, മദ്രാസ്, കറാച്ചി, അലഹബാദ്, ദൽഹി, കാശി, ആഗ്ര, ലാഹൂർ, നാഗപുരം, പാട്ന, സിംല എന്നിവയാണ്. കല്ക്കത്തയാണ് ഏഷ്യയിലെ പ്രധാന കച്ചവടസ്ഥലം.

ഭരണകർത്താവു വൈസരോയിയാണ്. അദ്ദേഹത്തെ സഹായിപ്പാൻ ഒരു കാര്യനിർവ്വഹണസഭയുണ്ട്. നിയമനിർമ്മാണസഭയെ കൌൺസിൽ ഓഫ് സ്റ്റേറ്റെന്നും; ലെജിസ്ലേറ്റിവ് അസംബ്ലിയെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു.

2. ബൎമ്മ.

1937 ഏപ്രിൽ 1-ാംനു-വരെ ഈ രാജ്യം ഇന്ത്യാസാമ്രാജ്യത്തിൻെറ ഒരു വിഭാഗമായിരുന്നു. 2,36,738 ചതുരശ്രനാഴിക വിസ്താരമുണ്ട്. ഈ രാജ്യം ഇന്ത്യയിൽനിന്നു ഒരു മലനിരയാൽ വേർതിരിക്കപ്പെട്ടിരിക്കുന്നു. ആ മലനിരയിൽ തീവണ്ടിപ്പാതകളൊ റോഡുകളൊ ഇല്ല. അതുകൊണ്ടു ഇന്ത്യയിൽനിന്നു കപ്പൽമാൎഗ്ഗമായിത്തന്നെ ബൎമ്മയ്ക്കുപോകണം. ജനങ്ങൾ മങ്കോളിയൻ വൎഗ്ഗക്കാരാണ്. പ്രധാന നഗരം റംഗൂണാകുന്നു. മാണ്ടലപോലെയാണ് വേറെ ഒരു പ്രധാന നഗരം.

3 ബലൂചിസ്ഥാൻ.

ബലൂചിസ്ഥാനത്തുള്ള ബ്രിട്ടീഷു വിഭാഗത്തിൻെറ വിസ്താരം 8,428 ചതുരശ്രനാഴികയാണ്. അതു ബലൂചിസ്ഥാനത്തിൻെറ വടക്കുപടിഞ്ഞാറെ അററമാണ്. ക്വെററയാണ് പ്രധാന നഗരം. ബൊലൻചുരത്തിൻെറ വടക്കെ അററത്തുനിന്നു 28 നാഴിക അകലെയാണ് ഈ നഗരം. ഇതു പ്രധാനമായ ഒരു സൈനിക സങ്കേതസ്ഥാനമാണ്.

4. സിലോൺ.

ഇന്ത്യയുടെ തെക്കുഭാഗത്തു കിടക്കുന്ന വലിയൊരു ദ്വീപാണ് സിലോൺ. അതിന്നു 25,000 ചതുരശ്രനാഴിക വിസ്താരമുണ്ട്.

ദ്വീപിൻെറ നടുവിൽ മലകൾ കിടക്കുന്നു. മലകളുടെ നാലുഭാഗത്തും മൈതാനങ്ങളുണ്ട്.

ഭൂപ്രകൃതിയനുസരിച്ച ദ്വീപിനെ കുന്നിൻപ്രദേശം, കടൽത്തീരമൈതാനം, വടക്കൻമൈതാനം എന്നിങ്ങിനെ വിഭാഗിക്കാം

വടക്കുകിഴക്കുനിന്നു തെക്കുപടിഞ്ഞാട്ട നീണ്ടുകിടക്കുന്ന മലനിരകളും അവയുടെ നിലയിലുള്ള താഴ്‌വരകളുമാണ് കുന്നിൻപ്രദേശത്തു കാണുന്നതു്. ഇവിടെ പണ്ടുണ്ടായിരുന്ന കാട്ടിൽ അധികഭാഗവും ഇല്ലാതായിരിക്കുന്നു.

സമുദ്രതീരത്തിനു സമുദ്രനിരപ്പിൽനിന്നു 1000 അടിയിൽ കുറവാണ് ഉയരം. ഇവിടെ ഇന്ത്യയുടെ പശ്ചിമതീരത്തെന്നപോലെ കായലുകളുണ്ട്. മഴ സുലഭമാണ്. സിലോണിലെ സുഗന്ധദ്രവ്യങ്ങൾ സുപ്രസിദ്ധമത്രെ.

വടക്കെ അററത്തുള്ള മൈതാനത്തിനു സമുദ്രനിരപ്പിൽനിന്നു 300 അടിയിലധികം ഉയരമില്ല. കൊല്ലത്തിൽ 40 ഇഞ്ചു മഴ പെയ്യും.

ദ്വീപിനു 250 നാഴിക നീളവും 140 നാഴിക വീതിയും കാണും.

ഇവിടെയുള്ള ആദാമിന്റെ ശിഖരം എല്ലാ മതക്കാരും ഒരു പുണ്യസ്ഥലമായി കരുതുന്നു. ഹിന്തുക്കൾ അതിനെ ശിവനടിപാദമെന്നും, ബുദ്ധമതക്കാർ ശ്രീപാദമെന്നും സിംഹളന്മാർ സിമന്റെ മലയെന്നും പറയുന്നു.

55,00,000 ജനം നിവസിക്കുന്നു. 60 ശതമാനവും ബുദ്ധമതക്കാരാണ്. 20 ശതമാനം ഹിന്തുക്കളും; 10 ശതമാനം ക്രിസ്ത്യാനികളും, 10 ശതമാനം മുഹമ്മദീയരുമാണ്.

കൊളംബോവാണു തലസ്ഥാനം. അതു പടിഞ്ഞാറെതീരത്തു സ്ഥിതിചെയ്യുന്നു. നല്ലൊരു നൌകാശയമുണ്ടു്. സമുദ്രമാൎഗ്ഗങ്ങളും തീവണ്ടിമാൎഗ്ഗങ്ങളും സമ്മേളിക്കുന്നു.

ത്രിങ്കോമലിയിലുള്ള നൌകാശയം ലോകത്തിലെ സ്വാഭാവികനൌകാശയങ്ങളിൽ രണ്ടാമത്തേതാണ്.

ഗവർണ്ണരാണ് ഭരണകത്താവു്.

## 5. സ്റ്റ്രെയിട്സ് സെററിൽമെൻറ്സ്

ഇതിൽ പെനാങ്ങ്, മലാക്കാ, സിംഗപ്പൂർ, കൊക്കോസുദ്വീപുകൾ ക്രിസ്തുമസ്സുദ്വീപു, യാമ്പുവാൻദ്വീപു എന്നിവ ഉൾപ്പെട്ടും. വിസ്താരം 1,500 ച: നാഴിക.

സിംഗപ്പൂരും, പെനാങ്ങുമാണ് പ്രധാന നഗരങ്ങൾ. അവരണ്ടും ദ്വീപുകളിലാണ്. സിംഗപ്പൂർ ദ്വീപിനെ ഇപ്പോൾ പ്രധാന കരയുമായി തീവണ്ടിയാൽ ബന്ധിച്ചിരിക്കുന്നു. നൌകാശയം ദ്വീപിൻെറ തെക്കുഭാഗത്താണ്. 5 ലക്ഷം ജനം നിവസിക്കുന്നു. ലോകത്തിലെ വലിയ തുറമുഖപട്ടണങ്ങളിൽ ഒന്നാണ് സിംഗപ്പൂർ.

## 6. മലൈസംരക്ഷിതരാജ്യങ്ങൾ.

മുൻപറഞ്ഞ സ്റ്റ്രെട്സ് സെററിൽമെൻറസ് മലയഅൎദ്ധദ്വീപിൻെറ തെക്കെ അററത്താണ്. സംരക്ഷിതരാജ്യങ്ങൾ അവയുടെ വടക്കുഭാഗത്തു കിടക്കുന്നു. ഈ പ്രദേശങ്ങൾക്കു ഏതാണ്ടു 38,500 ചതുരശ്രനാഴിക വിസ്താരം കാണും. റബ്ബർതോട്ടങ്ങൾ സുലഭമാണ്. തെങ്ങിൻതോട്ടങ്ങളും ധാരാളമുണ്ടു്. വെള്ളത്തീയം (ടിൻ) ഖനനമാണ്, പ്രധാന വ്യവസായം. കുലാലംപൂരാണ് പ്രധാനപട്ടണം.

7. ഏഡൻ.

ഈ കോളനിക്ക 75 ചതുരശ്രനാഴികമാത്രമാണ് വിസ്താരം. ആകെ ജനം 46,638. ഏഡനിൽത്തന്നെ ഒരു സംരക്ഷിതരാജ്യമുണ്ട്. അതിന്നു 42,000 ച: നാഴിക വിസ്താരം കാണും. ഒരു ഗവണ്ണരാണ് ഭരണകത്താവ്; അദ്ദേഹംതന്നെയാണ് സൈന്യാധിപനും.

8. സൈപ്രസ്സ്.

ഈ ദ്വീപു മദ്ധ്യധരണ്യാഴിയുടെ വടക്കുകിഴക്കു മൂലയിൽ കിടക്കുന്നു.

9. ഹോങ്ങ്കോങ്ങ്.

ഏഷ്യയുടെ പൂവ്വതീരത്തു കിടക്കുന്ന ഒരു ദ്വീപാണു.

10. ബോർണിയൊ.

ബോർണിയൊ ആണ് ലോകത്തിൽവച്ചു വലിപ്പംകൊണ്ടു രണ്ടാമത്തെ ദ്വീപ്. ഇതിന്റെ വടക്കുഭാഗം മാത്രമാണ് ബ്രിട്ടീഷുകാരുടെ അധിനത്തിലുള്ളതു്. കാട്ടുകാടും സുലഭമായുണ്ട്.

11. പാലസ്റ്റൈൻ.

പാലസ്റ്റൈൻ 1941-ലെ മഹായുദ്ധത്തിനു മുൻപു ടക്കിസാമ്രാജ്യത്തിലുൾപ്പെട്ടിരുന്നു. സന്ധിക്കുശേഷം അതിന്റെ ബ്രിട്ടീഷുഭരണത്തിൽ സവ്വരാജ്യസഖ്യം വിട്ടുകൊടുത്തു. ജെറൂസലം ആണു പ്രധാന നഗരം. അതു ക്രസ്ത്യാനികളുടെയും മുസ്ലിംകളുടേയും യഹൂദന്മാരുടെയും ഒരു പുണ്യ നഗരമാണ് ഹയിഫയാണ് പ്രധാന തുറമുഖം. ഭരണം ഒരു ഹൈക്കമ്മീഷണറുടെ കീഴിലാണ്.

# അദ്ധ്യായം 13.

## ഏഷ്യ—പരന്ത്രീസ്സ് ഏഷ്യ

### ഫ്രഞ്ചു ഇന്തോ-ചൈന

കൊച്ചിൻചൈന എന്ന ഉപനിവേശവും മററ



സംരക്ഷിതപ്രദേശങ്ങളും കൂടിയാണ് ഫ്രഞ്ച് ഇന്തോ-ചൈന.

ഫ്രഞ്ച് ഇന്തോ-ചൈനയെ മൂന്നു ഖണ്ഡങ്ങളാക്കി തിരിക്കാം. അവ കംബോഡിയ, ആനാം, ടോങ്ക്കിങ്ങ് എന്നിവതന്നെ.

കംബോഡിയ—കൊച്ചിൻചൈന.

നെല്ലാണു പ്രധാനവിള. സയാമിന്റെ തുടർച്ചയായി കിടക്കുന്നു. സൈഗോൺ ആണു തുറമുഖം. കയററുമതികളിൽ മുക്കാൽ ഭാഗവും നെല്ലുതന്നെ. മെക്കോങ്ങാണ് പ്രധാന നദി. മത്സ്യംപിടിത്തം ജനങ്ങളുടെ പ്രധാന തൊഴിലുകളിൽ ഒന്നാണ്. നോംപെൻ എന്നാണ് പ്രധാന നഗരത്തിന്റെ പേർ.

ആനാം

മലംപ്രദേശമാണ്. പഞ്ചസാരയും, ചായയും ഇവിടെ ഉണ്ടാകുന്നു. ഹ്യൂവാണ് പ്രധാന നഗരം. ടൂറെൻ ആണ് തുറമുഖം.

ടോങ്ക്കിംഗ്

റെഡ്നദിയുടെ തടമാണ്. നെല്ലാണ് പ്രധാന വിള. ഹെയ്ഫോങ്ങാണു പ്രധാന തുറമുഖം.

ഫ്രഞ്ച് ഇന്തോ-ചൈനയുടെ തലസ്ഥാനമായ ഹാനോയി ഇവിടെയാണ്.

2. ഇന്ത്യയിലെ സ്ഥലങ്ങൾ

ആകെ 196 ചതുരശ്രനാഴിക വിസ്താരം വരുന്ന സ്ഥലമുണ്ട്. ചന്ദ്രനഗരം, മാഹി, പുതുശ്ശേരി, കാരിക്കൽ, യാനം എന്നിവയാണ് സ്ഥലങ്ങൾ.

## 3. സിറിയ

1914-ൽ തുടങ്ങിയ ലോകമഹായുദ്ധത്തിനു ശേഷം ഉണ്ടായ ഒരു രാജ്യമാണ് ഇതു്. ഇതിനെ ലെവാൻറയിൻ സ്റ്റേററ്സ് എന്നു പറയാറുണ്ട്. ടക്കി സാമ്രാജത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിച്ചശേഷം സർവ്വരാജ്യസഖ്യത്തിൽ നിന്നു ഈ രാജ്യത്തെ ഫ്രഞ്ചുഭരണത്തിനു ഏല്പിച്ചുകൊടുത്തു. ഇപ്പോൾ ഇതു ഒരു റിപ്പബ്ലിക്ക് ആണെങ്കിലും ഒരു ഹൈക്കമ്മീഷണരാണ് പ്രധാന അധികാരി.

സിറിയ, ലെബാനോൻ എന്നിങ്ങിനെ രണ്ടു രാജ്യങ്ങൾ ഒന്നു ചേൎന്നാണ് ലെവാൻറയിൻ സ്റ്റേററ്സ് എന്നു പറഞ്ഞുവരുന്നതു്.

ബെയ്റൂട്ടാണ് ലെബാനോനിലെ പ്രധാന പട്ടണവും തുറമുഖവും.

ഡമാസ്കസ്, ആലെപ്പോ, ഹോംസ് എന്നിവയാണ് സിറിയിലെ മററു പ്രധാന പട്ടണങ്ങൾ.

## ഡച്ചേഷ്യാ (പൂൎവ്വേന്ത്യാദ്വീപുകൾ)

ഈസ്റ്റ് ഇൻഡീസ് എന്നു പറയുന്ന ദ്വീപുകളിൽ അധികം എണ്ണവും ഡച്ചുകാരുടെ അധീനത്തിലാണ്. ഏററവും വലിയ ദ്വീപുകൾ സുമാട്രയും, ബോർണിയോവും ആണ്. എന്നാൽ ഏററവും പ്രധാനമായതു ജാവയാണ്.

ബോർണിയോവിൻെറ വടക്കേഭാഗം ഇംഗ്ലീഷുകാരുടെ അധീനത്തിലാണെന്നു പറഞ്ഞുവല്ലൊ. സിലബീസ്സ്, മുളുക്കാസ്സു മുതലായവ മററു ദ്വീപുകളാണ്. ജാവയ്ക്കു്




ഐക്യസംസ്ഥാനത്തിന്റെ പകുതി മാത്രമേ വലിപ്പമുള്ളു. സുമാട്ര, ജാവ എന്നീ ദ്വീപുകളിൽനിന്നു മണ്ണെണ്ണ, കല്ക്കരി, തകരം എന്നിവ കുഴിച്ചെടുക്കുന്നു. ജാവയിലെ പ്രധാന പട്ടണം ബറേറവിയയാണ്. അവിടേയ്ക്കു വിമാനസർവ്വീസ്സുണ്ട്.

റഷ്യനേഷ്യാ

സൈബീരിയ:—

സൈബീരിയയിൽ അധികം ഭാഗവും താഴ്ന്ന ഒരു മൈതാനമാണ്. അവിടത്തെ പ്രധാന നദികൾ ഓബി, യെനിസി, ലീന എന്നിവയാണ്. അവയുടെ മുഖത്ത് എന്നും മഞ്ഞുണ്ട്. വടക്കേഭാഗം ടൂൺഡ്രകളാണ്. അവിടെ വലിയ വൃക്ഷങ്ങൾ വളരുന്നില്ല. ശീതകാലത്ത് ആ പ്രദേശമാസകലം മഞ്ഞുകൊണ്ടു മൂടിക്കിടക്കുന്നു. അപ്പോൾ അവിടത്തെ ജ

നം തെക്കോട്ടു മാറുന്നു. വേനൽക്കാലത്തു് അവർ വീണ്ടും ടൺഡ്രയിലേക്കുതന്നെ പോകുന്നു. റെയിൻഡീർ എന്ന മാനാണു് അവരുടെ പ്രധാന സ്വത്തു്. അതിന്റെ പാൽ അവർ കുടിക്കുകയും മാംസം തിന്നുകയും ചെയ്യുന്നു.

സ്വാഭാവികസ്ഥിതയനുസരിച്ചു സൈബീര്യയെ ടൺഡ്രുകൾ, വനംപ്രദേശം, സവാനപ്രദേശം. സ്റ്റെപ്പികൾ, മരുഭൂമി, മലംപ്രദേശം എന്നിങ്ങിനെ വിഭാഗിക്കാം.

വനംപ്രദേശങ്ങളിലെ ജനങ്ങളുടെ പ്രധാന തൊഴിൽ മീൻപിടിത്തമാണു്.

സവാനയാണു് ഏററവും ജനത്തിരക്കുള്ള പ്രദേശം. അവിടെ ഗോതമ്പു കൃഷിചെയ്യുന്നു.

സ്റ്റെപ്പികളിൽ ഇന്നും മേച്ചിൽക്കാരാണു നിവസിക്കുന്നതു്. അവരുടെ പ്രധാന സ്വത്തു് ഒട്ടകം, ആടു, കന്നുകാലി, കുതിര എന്നിവയാണു്.

മരുഭൂമി സ്റ്റെപ്പി മുതൽ പേർഷ്യയുടെ അതിരുവരെ തെക്കോട്ടു നീണ്ടുകിടക്കുന്നു. ചില സ്ഥലങ്ങളിൽ പരുത്തി കൃഷിചെയ്യുന്നു.

ചൈനയുടെ അതിർത്തിയിലാണു് മലംപ്രദേശം. അവിടെ ധാതുക്കൾ സുലഭമാണു്.

ഓംസ്കു്, ടേമസ്കു്, ഇർകൂസ്കു് എ,ന്നിവയാണു് പ്രധാന പട്ടണങ്ങൾ.

# അദ്ധ്യായം 14.

## ഏഷ്യ—തുർക്കിയേഷ്യ.

### ഏഷ്യാമൈനർ.

ഏഷ്യാമൈനറിനെ അനറ്റോലിയാ, എന്നും പറയാറുണ്ടു്. പടിഞ്ഞാട്ടു തള്ളിക്കിടക്കുന്ന ഒരു അർദ്ധദ്വീപാണിതു്.



വടക്കേതീരത്തു വിടവുകളും നല്ല നൌകാശയങ്ങളു മില്ല. പടിഞ്ഞാറെതീരത്തു വിളവുകൾ സുലഭമാണ്. ഏഷ്യയുടെ പടിഞ്ഞാറെ അററമായ ബാബാമുനമ്പ് ഇവിടെയാകുന്നു. ദക്ഷിണതീരത്തെ വിടവുകളിൽ പ്രധാനമായവ അഡേലിയഉൾക്കടലും, ഇസ്കാൻഡറൂൺ ഉൾക്കടലുമാണ്.

ടോറസ്സ്, പോൺട്രിക്ക എന്നിങ്ങിനെ രണ്ടു മലകളുണ്ട്. കിസിൽഇർമാക്കാണ് പ്രധാന നദി.

പരുത്തി, യവം, മുന്തിരിങ്ങ, ഓലിവ്സ്, ഫിഗ്സ് എന്നിവ കൃഷിചെയ്തുവരുന്നു.

ജനങ്ങളിൽ തുക്കികൾ, ഗ്രീക്കുകാർ, ആർമിനിയൻകാർ, അറബികൾ, ജൂതന്മാർ എന്നിവരെ കാണാം. തുക്കികളും അറബികളും മുഹമ്മദീയരാണ്. ഗ്രീക്കുകാരും ആർമിനിയൻകാരും ക്രിസ്ത്യാനികളുമാണ്.

അങ്കാറയാണ് പ്രധാന പട്ടണം. തുക്കി ഒരു റിപ്പബ്ലിക്കായതിനു ശേഷം രാജ്യത്തിന്റെ തലസ്ഥാനം ഈ പട്ടണമായി. തുക്കിയുടെ ഭരണാധിപനായ പ്രസിഡണ്ട് ഇവിടെയാണ് താമസിക്കുന്നത്.

സ്മിർണയാണ് പ്രധാന തുറമുഖം. സ്കട്ടാരി, ടെബിസോണ്ട എന്നിവ മററു പട്ടണങ്ങളാണ്. പ്രസിദ്ധമായ ട്രോയി ഏഷ്യാമൈനറിലാണ്.

## അമേരിക്കനേഷ്യാ

ഫിലിപ്പൈൻസ്ദ്വീപുകളാണ് അമേരിക്കനേഷ്യാ. ആകെ 3,000 ദ്വീപുകളുണ്ട്. വിസ്താരം 1,15,026 ച

ചതുരശ്രനാഴിക കാണും. ജാപ്പാനെക്കാൾ അല്പം ചെറിയതാണ്.

1937-ൽ ആകെ 1,20,00,000 ജനം കാണും. 90 ശതമാനവും ക്രസ്ത്യാനികളാണ്. 5 ലക്ഷം മുസ്ലീമുകളുണ്ട്

ഈ രാജ്യം ഇപ്പോൾ ഐക്യനാടുകളുടെ കീഴിലാണു. 1946-ൽ പൂർണ്ണസ്വാതന്ത്ര്യം കിട്ടുമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. മാനിലയാണ് പ്രധാനപട്ടണം.

പറങ്കിയേഷ്യ

പറങ്കികൾക്കു ഇന്ത്യയിൽ ആകെ 1338 ചതുരശ്രനാഴിക വിസ്താരമുള്ള സ്ഥലമുണ്ട്. മൂന്നു പ്രത്യേക സ്ഥലങ്ങളാണവ. അവയെല്ലാം പശ്ചിമതീരത്താണ്. ഗോവ, ഡാമൻ, ഡ്യു എന്നിവയാണവ.

---

# അദ്ധ്യായം 4

---

## ഏഷ്യ—സ്വതന്ത്രയേഷ്യ

---

### 1. ഇറാൻ (പേർഷ്യ)

ഇറാൻ ഉന്നതതടത്തിന്റെ പടിഞ്ഞാറുഭാഗമാണ്. കടലിൽ നിന്നു ഈ രാജ്യത്തേക്ക് പ്രവേശിപ്പാൻ ഞെരുക്കമാണ്. വടക്കുപടിഞ്ഞാറെ മൂലയിൽ മഴ സുലഭമായി പെയ്യുന്നു.

കന്നുകാലികളെ മേയ്ക്കലാണ് ജനങ്ങളുടെ പ്രധാനതൊഴിൽ. എങ്കിലും ഗോതമ്പ്, യവം, നെല്ല് എന്നി

വ കൃഷിചെയ്തുവരുന്നു. ഈന്തപ്പഴം പ്രധാനമായ ഒരു കയററുമതിയാണ്.

ഈ രാജ്യത്തിന്നു ഇന്ത്യയുടെ പകുതി വലിപ്പം കാണും. എന്നാൽ അവിടെ ബോംബെ സംസ്ഥാനത്തില്വ്രത്ര ജനമില്ല. അതായതു, രണ്ടുകോടി ജനമില്ല. റോഡുകളും തീവണ്ടിപ്പാതകളും ദുർല്ലഭമാണ്.

ടെഹറാനാണ് തലസ്ഥാനം. ഭരണകർത്താവിൻെറ പേർ ഷാ എന്നാകുന്നു. അദ്ദേഹം താമസിക്കുന്നതു ടെഹറനിലാണ്. ഇസ്പ്ഹാനായിരുന്നു പണ്ടത്തെ തലസ്ഥാനം. ട്രാബിസ്സ വലിയ ഒരു കച്ചവടസ്ഥലമാണ്. ബുഷയർ എന്നു പേരായി ഒരു തുറമുഖണ്ട്.

2. ആഫ്ഗനിസ്ഥാൻ.

ഇറാൻ ഉന്നതതടത്തിൻെറ കിഴക്കെ ഭാഗമാണ് ആഫ്ഗനിസ്ഥാൻ. ഇവിടെ പേർഷ്യയിലുള്ളതിലധികം മലകളുണ്ട്. പാറ, മണൽ, മഞ്ഞുമൂടിയ മലകൾ, കൃഷിചെയ്വാൻ സൌകര്യമില്ലാത്ത കുന്നുകൾ, എന്നിവയാണ് നാം കാണുന്നതു്. കാബൂലാണ് പ്രധാനനദി. ഹെൽമണ്ട് മറെറാരു നദിയാണ്.

കാബൂലാണ് തലസ്ഥാനം. ഈ നഗരം കാബൂൽ നദിയിന്മേൽ സ്ഥിതിചെയ്യുന്നു. തെക്കെ അതിർത്തിയിലാണ് കണ്ടഹാരം; പടിഞ്ഞാറുഭാഗത്തുള്ള നഗരമാണ് ഹീററ്.

3. ട്രാൻസ്ജോർഡൻ.

പാലസ്റ്റൈൻ രാജ്യത്തിന്നു കിഴക്കുകിടക്കുന്ന ഭാഗമാണ് ഇതു്. പ്രസിദ്ധമായ ജോർഡൻ (യോർദ്ദാൻ) നദി ഇ

തിന്നും പാലസ്റ്റൈനും മദ്ധ്യത്തിൽക്കൂടിയാണ് ഒഴുകുന്നതു്. ജോർഡൻ നദി വീഴുന്നതു് ഡെഡ്സീ (ചാവുകടൽ) എന്നുപറയുന്ന തടാകത്തിലാണ്. ഈ തടാകത്തിലെ വെള്ളത്തിൽനിന്നും പലതരം ഉപ്പുകൾ എടുത്തുവരുന്നു. ഈ രാജ്യം ഭരണകാര്യത്തിൽ സ്വാതന്ത്ര്യമാണെങ്കിലും ബ്രിട്ടീഷു സംരക്ഷണവും മേൽനോട്ടവും ഉണ്ടു്. ഒരു സുൽത്താനാണു ഭരണം.

4. മെസോപ്പൊട്ടേമിയ—അഥവാ—ഇറാക്കു.

അറേബിയ, ഇറാൻ എന്നീ ഉന്നതതടങ്ങൾക്കു മദ്ധ്യേ കിടക്കുന്നു. യൂഫ്രട്ടീസ്സു, ടൈഗ്രീസ്സു എന്നിവയാണ് പ്രധാന നദികൾ. ഇവ രണ്ടും ചേന്നു ഷററൽ ആരബായി തീരുന്നു. ഈ നദി പേർഷ്യൻ ഉൾക്കടലിലേയ്ക്കു പ്രവഹിക്കുന്നു. ഒരുകാലത്തു് ഇറാക്കു സമ്പൽസമൃദ്ധിയുള്ളതായിരുന്നു. ഇപ്പോൾ അങ്ങിനെ അല്ല, ബാഗ്ഡാഡാണു തലസ്ഥാനം. ഇതു ടൈഗ്രീസ്സുനദിയിന്മേൽ സ്ഥിതിചെയ്യുന്നു. ബാഗ്ഡാഡ് ഒരു വിമാനത്താവളമാണ്. ഷററൽ ആരബിന്മേലുള്ള ഒരു തുറമുഖമാണ് ബസ്രാ. ബസ്രയ്ക്കടുത്തു മണ്ണെണ്ണഖനികളുണ്ടു്. മോസൂൽ മററൊരു പട്ടണമാണ്.

6. കൊക്കേഷ്യാ

കൊക്കേഷ്യൻ മലകളുടെ നേരെ തെക്കുഭാഗത്തു കിടക്കുന്നു. സാമാന്യം ഫലപുഷ്ടിയുള്ള ഒരു പ്രദേശമാണ്. നെല്ലു്, ഗോതമ്പ്, മെയിസ്, മധുരനാരങ്ങ, മൽബറി, വീഞ്ഞു എന്നിവ വളരുന്നു. ബാക്കു എന്ന നഗരത്തിനു സമീപം മണ്ണെണ്ണഖനികളുണ്ടു്. ഈ നഗരം കരിങ്കടലിന്മേ

ലുള്ള ബാറമും ആയി തീവണ്ടിപ്പാതകളാൽ ബന്ധിക്ക പ്പെട്ടിരിക്കുന്നു. മണ്ണെണ്ണ കയറുന്ന പ്രധാന തുറമുഖങ്ങ ളിൽ ഒന്നാണ് ബാറമും. ടാഫ്ളിസാണ് കൊക്കേഷ്യയ യിലെ പ്രധാന നഗരം. ഇപ്പോൾ കൊക്കോഷ്യയയിൽ രണ്ടു സ്വതന്ത്ര രാജ്യങ്ങളുണ്ട്.

## 7. തുർക്കിസ്ഥാൻ.

തുർക്കിസ്ഥാൻ ഇപ്പോൾ സ്വതന്ത്രങ്ങളായ രണ്ടു രാ ജ്യങ്ങളാണ്. നന്ന താഴ്ന്ന ഒരു പ്രദേശമാണ്. സമുദ്ര ത്തിൽനിന്നു വളരെ ദൂരത്താകയാൽ മഴ ദുർല്ലഭമാണ്. അ മുഡേറിയാ സർഡേറിയ എന്നിങ്ങിനെ രണ്ടു നദികളുണ്ട്. ഈ നദികളുടെ തീരത്തു ഗോതമ്പ്, യവം, പരുത്തി, പു കയില, കമ്പളങ്ങ, മുന്തിരിങ്ങ എന്നിവ കൃഷിചെയ്യുന്നു.

മെർവ്, ബൊക്കാറ, സമർക്കണ്ടു, ടാകഷൻററ എ ന്നിവയാണു പ്രധാന പട്ടണങ്ങൾ. ഇവയെല്ലാം വ്യാപാര കേന്ദ്രങ്ങളാണ്. പേർഷ്യയിലെ ചവിട്ടികൾ, പിച്ചളപ്പാ ത്രങ്ങൾ, ആഭരണങ്ങൾ, രത്നങ്ങൾ, വസ്ത്രങ്ങൾ, ഫലങ്ങ ൾ, കുതിരകൾ എന്നിവയാണു പ്രധാന കച്ചവടസ്സാമാന ങ്ങൾ.

## 8. അറേബിയ—അഥവാ—ഹെഡ്ജാസ്

വലിയൊരു അർദ്ധദ്വീപാണ്. ഇന്ത്യയുടെ മൂന്നിൽ രണ്ടു ഭാഗമുണ്ട്. തെക്കുപടിഞ്ഞാറാണ് ഏററവും ഉയ ൎന്ന ഭാഗം. ചെങ്കടൽത്തീരം നന്ന ചെങ്കുത്തായി കിടക്കു ന്നു. വളരെ ഉഷ്ണമുള്ള പ്രദേശമാണ്. മഴ നന്ന കുറവാണ്.

മൂന്നിലൊരുഭാഗം മരുഭൂമിയാണ്. മേച്ചിൽക്കാരാണു ജനങ്ങളിൽ അധികഭാഗവും. അവരെ ബെഡൂവിയൻസു എന്നു പറയുന്നു. ഒട്ടകങ്ങൾ, ആടുകൾ, കന്നുകാലികൾ, കഴുതകൾ എന്നിവയാണ് അവരുടെ പ്രധാന സമ്പത്ത്.

പട്ടണങ്ങൾ ഒന്നുകിൽ മുഹമ്മദീയപുണ്യക്ഷേത്രങ്ങളൊ അല്ലെങ്കിൽ വ്യാപാരകേന്ദ്രങ്ങളൊ ആണ്. മെക്കയാണു പ്രധാന പട്ടണം. ജിഡയാണു മെക്കയുടെ തുറമുഖം. ഓമാനിലെ പ്രധാന പട്ടണമാണു മസ്കറ്റ. അറേബിയയിലെ സ്വതന്ത്രരാജ്യമാണു ഹെഡ്ജാസ്.

9. മങ്കോളിയാ.

ഏഷ്യയുടെ മദ്ധ്യത്തിലുള്ള ഒരു പ്രദേശമാണ്. ഇന്ത്യയേക്കാൾ വലിപ്പമുണ്ട്. ഗോബി അഥവാ ഷാമോ എന്ന മരുഭൂമി ഇവിടെയാണ്. മേച്ചിൽക്കാരാണു ജനങ്ങൾ. ഉഗർഗയാണ് തലസ്ഥാനം.

10. മഞ്ചൂക്കോ.

ഈ രാജ്യത്തിന് അടുത്തകാലംവരെ മഞ്ചൂറിയാ എന്നായിരുന്നു പേർ. ലോകത്തിലെ ഏററവും പുതിയ രാജ്യമാണിത്. 1934-ൽ ആണ് ഇതു സ്വതന്ത്രമായത്.

തലസ്ഥാനം സിങ്കിങ്ങാണ്. ഇതിനു ബീൻസിററി എന്നൊരു പേർകൂടിയുണ്ട്. മുക്ഡൻ എന്ന സ്ഥലത്തു നിന്നു വടക്കുഭാഗത്താണ് ഈ നഗരം. മുക്ഡനിൽ നിന്നു ഇവിടേയ്ക്കു തീവണ്ടിപ്പാതയുണ്ട്. ഈ നഗരത്തിനു 100 കൊല്ലത്തിലധികം പഴക്കമില്ല. പണ്ടുകാലത്ത് ഇതു വെറം ഒരു മേച്ചിൽസ്ഥലമായിരുന്നു. പിന്നെ ഇതു ചെറി

യൊരു നഗരമായി. അന്ന് ഇതിനു ചുററും മതിലുണ്ടായിരുന്നു. 1900_ലാണു ചൈനീസ്സ ഈസ്റ്റേൻ തീവണ്ടിപ്പാത പണിതീന്നത്. 6 കൊല്ലം കഴിഞ്ഞപ്പോറം ജപ്പാൻകാർ തെക്കൻ മഞ്ചൂക്കോ പാത പണിചെയ്തു. ചാങ്ങ്ച്ചൂ എന്ന സ്ഥലത്തെ ഒരു തീവണ്ടികേന്ദ്രമാക്കി. ഈ കേന്ദ്രമാണു പിന്നീടു സിങ്കിങ്ങായതു്. ഇവിടത്തെ പ്രധാന കെട്ടിടങ്ങളിലൊന്നാണു തീവണ്ടിസ്റ്റേഷൻ. നഗരത്തിന്റെ ആകെ വിസ്താരം 200 ചതുരശ്രകിലോമീററാകുന്നു. നഗരത്തിൽ അനവധി നല്ല പാതകളുണ്ട്. അവയിൽ ചിലവയ്ക്കു 180 അടിവരെ വീതികാണും. സോയ എന്നു പേരായ ഒരുതരം പയറ് ഇവിടെനിന്നു സുലഭമായി കയററി അയയ്ക്കുന്നു. ഈ നഗരം ഡൈരൻ എന്ന സ്ഥലത്തുനിന്നു 435 നാഴിക വടക്കാണ്.

മുക്ഡൻ, ഹാർബിൻ എന്നിവ ഈ രാജ്യത്തെ മററു പട്ടണങ്ങളാണ്. ഈ പട്ടണങ്ങറം രണ്ടും അതിത്തികറംക്കു സമീപമാണ്. ഹാർബിനിൽ വളരെ റഷ്യക്കാരുണ്ട്.

ഒരു ചക്രവത്തിയാണു രാജ്യം ഭരിക്കുന്നതു്. അദ്ദേഹം പണ്ടു ചൈനയിലെ ചക്രവത്തിയായിരുന്നു.

## 11. ബലൂചിസ്ഥാൻ.

ബ്രിട്ടീഷുഗവമ്മേണ്ടിന്റെ അധീനത്തിലാണു കാലററ് എന്ന പ്രദേശം. ആ പ്രദേശത്തിനു 1,42,336 ചതുരശ്രനാഴിക വിസ്താരമുണ്ട്. ഖാനാണു ഭരണകത്താവ്. കാലററാണു പ്രധാന നഗരം. അതു ക്വെററയിൽനിന്നു 84 നാഴിക തെക്കുഭാഗത്താണ്.

12. തായ്‌ലാണ്ട്.

ഇന്തോ-ചൈന അർദ്ധദ്വീപിലെ ഏക സ്വതന്ത്ര രാജ്യമാണിതു്. സയാം എന്ന പദം ഷാൻ എന്ന ധാതുവിൽനിന്നു വന്നതാണ്. ബർമ്മയുടെ കിഴക്കുഭാഗത്തു നിവസിക്കുന്ന ഒരു ജനവർഗ്ഗത്തിൻെറ പേരാണു ഷാൻ എന്നതു്. ഈ രാജ്യത്തിനു 200,000 ചതുരശ്രനാഴിക വിസ്താരമുണ്ട്.

മീനാം, മെക്കോങ്ങ് എന്നിങ്ങിനെ രണ്ടു നദികളുണ്ട്. മീനാംതടം ഒരു മൈതാനവും മെക്കോങ്ങ്തടം ഒരു ഉന്നതതടവുമാണ്.

നെല്ലാണു പ്രധാന വിള. റബ്ബർ, കുരുമുളകു, പരുത്തി, പുകയില, കരിമ്പു, കാപ്പി എന്നിവ കൃഷിചെയ്യുന്നു.

ജനം ചുരുക്കമാണ്. ബുദ്ധമതമാണു പ്രചാരത്തിലിരിക്കുന്നതു്.

മീനാം നദിയിന്മേലുള്ള ബാങ്ങ്കോക്കാണു തലസ്ഥാനം. ഇതു വലിയൊരു കച്ചവടസ്ഥലമാണ്. അനവധി കനാലുകളുണ്ട്. ഈ പട്ടണം സിങ്കപ്പൂരുമായി തീവണ്ടിയാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു.

# അദ്ധ്യായം 16.

## ഏഷ്യ—സ്വതന്ത്രേഷ്യ.

### ചൈന.

ചൈനയ്ക്കു് ഏതാണ്ടു ഇന്ത്യയുടെ വലിപ്പം കാണും. അവിടെ ഇന്ത്യയിലുള്ളതു ജനവുമുണ്ട്. സംരക്ഷിതവിഭാഗ

ങ്ങൾ കൂടി ഉൾപ്പെടുത്തിയാൽ ചൈനയിൽ ആകെ 40 കോടി ജനമുണ്ട്. ശരാശരി ചതുരശ്രമൈൽ ഒന്നിന് 100 ആളുകൾ വീതമുണ്ട്. ചൈനയിലെ ജനസംഖ്യ ആകെ ലോകത്തിലുള്ളതിന്റെ അഞ്ചിലൊന്നാണ്. കിങ്ങ്സു എന്ന സംസ്ഥാനത്താണ് ഏററവും അധികം ജനത്തിരക്കുള്ളത്. ഷാങ്ങ്ഹൈ പട്ടണം അവിടെയാണ്.

രാജ്യമാസകലം നദീതടങ്ങളാണ്. നദികൾ യാങ്ങ്ടീസ്യകിയാങ്ങ്, ഹോയാങ്ങ്ഹോ, സികിയാങ്ങ്, പീഹോ എന്നിവയാണ്.

തിബററിലുള്ള മലകളിൽ നിന്നാണ് യാങ്ങ്ടീസ്യകിയാങ്ങ്, ഹോയാങ്ങ്ഹോവും ഉത്ഭവിക്കുന്നത്. ഉത്ഭവസ്ഥാനത്തിന്നടുത്തുള്ള സ്ഥലം നിമ്നോന്നതമാണ്. അവിടെ ജനങ്ങളും അധികമില്ല. പിന്നെ നദികൾ ഒരു ഉന്നതതടത്തിൽകൂടി പ്രവഹിക്കുന്നു. അവസാനം നദികൾ ഉത്തരചൈനയിലെ മൈതാനത്തിലെത്തുന്നു.

വേനൽക്കാലത്ത് തിബററിലെ മലകളിൽ നിന്നു മഞ്ഞുരുകി നദികളിൽ വെള്ളമുണ്ടാകുന്നു. യാങ്ങ്ടീസ്യകിയാങ്ങ് നദിയിലെ വെള്ളം യങ്ങ്ടിങ്ങ്, പോയങ്ങ് എന്നിങ്ങിനെ രണ്ടു തടാകങ്ങളിലെത്തുന്നു.

ഹോയാങ്ങ്ഹോ നദിക്കു ചീനയിലെ ദുഃഖം എന്നാണ് പേർ. നദിയിലെ വെള്ളം പലപ്പോഴും കരകവിഞ്ഞൊഴുകുന്നു. അപ്പോൾ അനവധി ഗ്രാമങ്ങൾ നശിക്കുന്നു; ജനങ്ങൾ മരിക്കുന്നു. കഴിഞ്ഞ 2,000 കൊല്ലങ്ങൾക്കിടയിൽ നദി 12 പ്രാവശ്യം ഗതി മാററീട്ടുണ്ട്. ഫാൻ

ടങ്ങ് അർദ്ധദ്വീപിന്റെ തെക്കുള്ള മഞ്ഞക്കടലിലേക്കായിരുന്നു 1352-ൽ നദി ഒഴുകിയിരുന്നതു്. ഇപ്പോൾ അതു ചിലി ഉൾക്കടലിലേക്കു പ്രവഹിക്കുന്നു. ഗതി അതി ശീഘ്രമാകയാൽ ഗതാഗതസൌകര്യമില്ല. യാങ്ങ്ടീസ്കിയാങ്ങിൽ 1,000 നാഴിക അകത്തുള്ള ഇച്ചങ്ങ്‌വരെ ഗതാഗതസൌകര്യമുണ്ടു്. അവിടെനിന്നു 400 നാഴികക്കൂടി അകഭാഗത്തുള്ള ചങ്ങ്കിങ്ങ്‌വരെ ചെറു തോണികൾ സഞ്ച



രിക്കും. സെക്കവാൽ എന്ന സ്ഥലത്തിനു റെഡ്ബെസിൽ എന്നു പേർ. അവിടെ യാങ്ങ്ടീസ്കിയാങ്ങിനു സുവർണ്ണ മണൽ നദിയെന്നാണ് പേർ. യാങ്ങ്ടീസ്കിയാങ്ങിൽ കൂടിയാണ് ചൈനയിലെ മരം പ്രധാനമായി ഇറക്കുന്നതു്. ഹാൻ ആണ് യാങ്ങ്ടീസ്കിയാങ്ങിൻെറ പ്രധാന പോഷകനദി. അതുയാങ്ങ്ടീസ്കിയാങ്ങിൽ ചേരുന്നസ്ഥലത്തു ഹാങ്കോ, ഹാനിയങ്ങ്, വൂച്ചങ്ങ് എന്നിങ്ങിനെ 3 പട്ടണങ്ങൾ ഉണ്ട്. അവ വ്യാപാരകേന്ദ്രങ്ങളാണ്. അവിടെനിന്നു കയററി അയച്ചിരുന്ന ചായക്ക് കാരവൻ ചായ എന്നാണ് പേർ.

യൂനാൻ എന്ന സ്ഥലത്തുനിന്നാണ് സിക്കിയാങ്ങ് ഉത്ഭവിക്കുന്നതു്. ആ സ്ഥലത്തേക്കുള്ള ഗതാഗതമാർഗ്ഗവും ആ നദിയാണ്. അതിൻെറ മുക്കോൺതുരുത്തു് തുടങ്ങുന്ന സ്ഥലത്തു പോടങ്ങ് എന്നിങ്ങനെ രണ്ടു പോഷകനദികൾ അതിലേക്കു പ്രവഹിക്കുന്നു. അവിടെയാണ് കാൻടൻ.

ഒരു വ്യവസായജനമാകാനുള്ള സകല സൌകര്യങ്ങളും ചൈനാക്കാൎക്കുണ്ട്. കൽക്കരി ചൈനയിലെ 18 സംസ്ഥാനങ്ങളിലും കാണാം. ഷാൻസിയിലെ ഖനികളിൽനിന്നു കിട്ടുന്ന കൽക്കരികൊണ്ടു അനവധി കൊല്ലത്തെ ലോകത്തിലെ ആവശ്യം നടക്കുമത്രെ. തേയെ എന്ന സ്ഥലത്തു ഇരിമ്പും, യൂതാൻ, സീച്ചവാൻ എന്നിവിടങ്ങളിൽ ചെമ്പും കണ്ടുവരുന്നു. യൂതാനിൽ വെളുത്തീയമുണ്ട്. ആൻറിമണി, സ്വർണ്ണം, വെള്ളി, രസം, ഈയം, മണ്ണെണ്ണ എന്നിവയും കഴിച്ചെടുക്കുന്നു.

കൃഷിയാണ് ജനങ്ങളുടെ പ്രധാന തൊഴിൽ. ഗോതമ്പ്, യവം, അമരക്കായ്, ആത്തച്ചക്ക എന്നിവ വടക്കും, നെല്ല്, പരുത്തി, ചായ, മൽബെറി എന്നിവ നടുക്കും; കരിമ്പ, എണ്ണക്കുരുക്കൾ, പന എന്നിവയും നടുവിലുള്ള സാധനങ്ങളും തെക്കും കൃഷിചെയ്യുന്നു. യാങ്ട്സീസ്തടമാണ് ഏറ്റവും ഫലപുഷ്ടിയുള്ളത്. അവിടെ നെല്ല്, ചായ, പരുത്തി എന്നിവ സുലഭമായി വളരുന്നു. സിവാനിനെ ചൈനയിലെ ഫലത്തോട്ടമെന്നു വിളിക്കുന്നു.

വ്യവസായങ്ങൾ ഇപ്പോൾ തുടങ്ങിട്ടേയുള്ളു. പട്ടും പരുത്തിയും നെയ്യാൻ തുടങ്ങിട്ടു വളരെക്കാലമായിരിക്കുന്നു. ഇന്നു രാജ്യത്തു ആകെ 60 പരുത്തിയന്ത്രശാലകളുണ്ടു. ഷാംസിയിലാണ് പരുത്തിനെയ്ത്തു അധികമായി നടക്കുന്നതു്. ഹാങ്ച്ചൂ, നാങ്കിങ്ങ്, ഷാൻടങ്ങ അഥവാ ദ്വീപ് എന്നിവിടങ്ങളിൽ പട്ടുവ്യവസായം നടക്കുന്നു. ഷാങ്ഹൈൽ കപ്പലുകൾ ഉണ്ടാക്കുന്നു.

പാതകൾ നന്ന മോശമാണ്. യാങ്ട്സീസ്കിയാങ്ങാണ് പ്രധാന വാണിജ്യമാർഗ്ഗം. വളരെ ശതാബ്ദങ്ങളായി തോടുകൾ ഗതാഗതത്തിനു ഉപകരിക്കുന്നു. ടീൻറ്റ്സൻ എന്ന സ്ഥലവും നിങ്ങ്പൊ എന്ന സ്ഥലവും തമ്മിൽ യോജിപ്പിക്കുന്ന ഗ്രാൻറകനാൽ ലോകത്തിലെ വലിയ കനാലുകളിലൊന്നാണ്. 1887ലാണു ഒരു തീവണ്ടിപ്പാത ഒന്നാമതായി പണിതീൎന്നതു്. ഇപ്പോൾ ആകെ 6000 നാഴിക നീളമുള്ള പാതകളുണ്ടു്. പെക്കിങ്ങ് എന്ന സ്ഥലത്തുനിന്നു അനവധി പാതകൾ പുറപ്പെടുന്നു. (1) ഒരു

പാത മൂക്ടനിൽക്കൂടി മഞ്ചൂറിയയിലെത്തുന്നു. (2) രണ്ടാമത്തൊന്നു ടാക്കു, ടീൻസ്റ്റൻ എന്നിവിടങ്ങളിൽക്കൂടി സമുദ്രതീരത്തെത്തുന്നു. (3) ഒരുപാത കാൽഗനിൽക്കൂടി മങ്കോളിയയിലെത്തുന്നു. (4) ഒരുപാത കാഷ്ഗാർ, ലാസ എന്നിവിടങ്ങളിലേക്കു പോകുന്നു.

സിങ്കിയാങ്ങിൽ അധികഭാഗവും മരുഭൂമിയാണ്. മേച്ചിൽക്കാരാണു അധികംജനങ്ങളും; കൃഷിചെയ്യുന്നവരുമുണ്ട്. കാഷ്ഗാർ, യാർക്കണ്ടു എന്നിവയാണു പ്രധാന പട്ടണങ്ങൾ.

തിബററ് വളരെ പൊക്കമുള്ള ഒരു ഉന്നതതടമാണ്. മേച്ചിൽക്കാരാണ് ജനങ്ങൾ.

1937-ൽ ജാപ്പാൻ ചൈനയുമായി യുദ്ധത്തിനു പുറപ്പെട്ടു. ഇപ്പോൾ ചൈനയുടെ വടക്കുഭാഗം ജപ്പാന്റെ അധീനത്തിലാണ്. ജപ്പാൻ വടക്കൻചൈനയിൽ ഒരു റിപ്പബ്ളിക്ക് പ്രഖ്യാപനം ചെയ്തിരിക്കുന്നു. നാങ്കിങ്ങായിരുന്നു ചൈനയുടെ തലസ്ഥാനം. 1938-ൽ നാങ്കിങ്ങും ജാപ്പാൻ സ്വാധീനമാക്കിയിരിക്കുന്നു. ഇപ്പോൾ സ്വതന്ത്ര ചൈനയുടെ തലസ്ഥാനം ചങ്കിങ്ങാണ്.

---

## അദ്ധ്യായം 17.

### ഏഷ്യ—സ്വതന്ത്രഏഷ്യ

#### ജപ്പാൻ

ഏഷ്യയുടെ കിഴക്കെ തീരത്തുനിന്നും വളരെ അകലെയായി 3 ദ്വീപുസമൂഹങ്ങൾ സ്ഥിതിചെയ്യുന്നു. അവ

യിൽ ഒന്നാമത്തേതാണ കൃറൈൻദ്വീപുകൾ. അവ ഫലപുഷ്ടി തീരെ ഇല്ലാത്ത പ്രദേശങ്ങളാണ്. രണ്ടാമത്തെ സംഘമാണ ജാപ്പാൻ ദ്വീപുകൾ. അവയിൽ ഹൊക്കേഡൊ, ഹോൻഷൊ ക്യൂഷ്യ എന്നിവയാണ പ്രധാനമായവ. മൂന്നാമത്തെ സംഘത്തിൽ ലൂച്ചു ദ്വീപുകളും ഫൊർമോസയും ഉണ്ട്. ഈ ദ്വീപുകളും സകേലിയൻ ദ്വീപിൻെറ പകുതിയും, കൊറിയ അൎദ്ധദ്വീപും ചേൎന്നതാണ ജപ്പാൻ സാമ്രാജ്യം.

ജപ്പാനിൽ ഇന്നും ഭൂമികുലുക്കം സാധാരണമാണ്. 1923_ലുണ്ടായതായിരുന്ന ഏററവും ഭയങ്കരമായത്. അന്ന ടോക്കിയൊ, യോക്കോഹാമ എന്നീസ്ഥലങ്ങൾ അത്യധികം നശിപ്പിക്കപ്പെട്ടു.

ജപ്പാനിലെ ഭൂമി നിമ്നോന്നതമായിരിക്കുന്നു. ഫ്യൂജിയാമ എന്ന അഗ്നിപൎവ്വതത്തിന്ന 12,000 അടി പൊക്കമുണ്ട്. സാമ്രാജ്യത്തിൽ പകുതി ഭാഗവും കാടാണ്. ലോകത്തിൽ ഏററവുമധികം കർപ്പൂരം കിട്ടുന്നതു ഫൊർമോസയിൽ നിന്നാകുന്നു.

പകുതി ഭാഗം കൃഷിക്കു കൊള്ളരുതാത്ത സ്ഥലമാണെങ്കിലും, ജനങ്ങളിൽ പകുതിയും കൃഷിക്കാരാണ്. നെല്ലാണ പ്രധാന വിള. ഗോതമ്പു, യവം, സോയ എന്നിവയും കൃഷിചെയ്യുന്നു. തെക്കുഭാഗത്തു പുകയില, പരുത്തി, കരിമ്പ്, ചായ, ഫലങ്ങൾ എന്നിവ കൃഷി ചെയ്യുന്നു. മൽബറിമരം സുലഭമാണ്. പുഷ്പങ്ങൾ വളൎത്തുന്നതിൽ ജപ്പാൻകാൎക്ക വളരെ രസമാണ്. കൊറിയയിലെ ജനങ്ങൾ മേച്ചിൽക്കാരാകുന്നു.




വ്യവസായവും, വാണിജ്യവും അഭിവൃദ്ധി പ്രാപിച്ചിരിക്കുന്നു. 50 കൊല്ലത്തിനു മുമ്പു ജപ്പാനിൽനിന്നു വിശറികൾ, കളിക്കോപ്പുകൾ എന്നിവയായിരുന്നു കയററി അയച്ചിരുന്നതു്. ഇന്നു പരുത്തിസ്സാമാനങ്ങൾ, പട്ടുസാമാനങ്ങൾ, കൽക്കരി, പോർസിലെൻ, പഞ്ചസാര, ചെമ്പു, ചായ, കർപ്പൂരം, യന്ത്രസാമാനങ്ങൾ എന്നിവ കയററി അയയ്ക്കുന്നു.

ഹൊക്കൈഡൊ, ക്യൂഷ്യൂ, കൊറിയാ എന്നിവിടങ്ങളിൽ കൽക്കരി കണ്ടുവരുന്നു. ക്യൂഷ്യൂവിലുള്ള നാഗസഖിയിൽനിന്നു കൽക്കരി കയറുന്നു. ഹൊക്കൈഡൊ, ക്യൂഷ്യൂ എന്നീ ദ്വീപുകളിൽ ഇരുമ്പുവ്യവസായം നടക്കുന്നു. ചൈനയിലെ ടെയേഖനികളിൽ നിന്നാണ് ഇരിമ്പു കിട്ടുന്നതു്. ഒസാക്ക, കോയോറൊറാ എന്നിവിടങ്ങളിൽ പരുത്തിയും, പട്ടും നെയ്യുവരുന്നു. രാജ്യത്തു ആകെ 7,000 പരുത്തിയന്ത്രശാലകളും, 4,000 പട്ടുവ്യവസായശാലകളുമുണ്ടു്. മത്സ്യം പിടുത്തം പ്രധാനമായ ഒരു തൊഴിലാണ്.

ആകെ 7 കോടി ജനമുണ്ടു്. ചതുരശ്രനാഴിക ഒന്നിനു 313 ആളുകൾ വീതം കാണും.

ടോക്കിയൊ ആണു തലസ്ഥാനം. ഏതാണ്ടു 20 ലക്ഷം ജനമുണ്ടു്. യോക്കഹാമയാണു പ്രധാന തുറമുഖം. നാഗസഖിയിൽ കപ്പലുകളുണ്ടാക്കുന്നു. പഴയ തലസ്ഥാനമായ കിയോറോവിൽ വ്യവസായം നടക്കുന്നു. ഒസാക, കോബ്വ എന്നിവയാണ് മറ്റു തുറമുഖങ്ങൾ.

## അദ്ധ്യായം 18.

### യൂറോപ്പ്.

#### സ്ഥാനം, കടൽത്തീരം.

യൂറേഷ്യ എന്ന സ്ഥലവിഭാഗത്തിൻെറ പടിഞ്ഞാറുഭാഗമാണു യൂറോപ്പ്. അതു ഭൂമിയിലുള്ള സ്ഥലവിഭാഗ

ത്തിൻെറ നടുവിലാണ്. അതിൻെറ കിഴക്കഭാഗത്തു ഏഷ്യയും, തെക്കഭാഗത്ത് ആഫ്രിക്കയും, പടിഞ്ഞാറഭാഗത്ത് അത്ലാന്തിക് സമുദ്രം കടന്നു അമേരിക്കയും സ്ഥിതിചെയ്യുന്നതു നോക്കുക. അതാണ് ഏററവും ചെറിയ വൻകര. യൂറോപ്പിൻെറ വിസ്താരം 37,60,000 ചതുരശ്രനാഴികയാകുന്നു. അതു ഏതാണ്ടു ബൎമ്മയൊഴിച്ചുള്ള ഇന്ത്യയുടെ രണ്ടര ഇരട്ടിയാണെന്നു പറയാം.

യൂറോപ്പിൻെറ കടൽത്തീരത്ത് അനവധി വിടവുകളുണ്ട്. അതുകൊണ്ടു തീരത്തിന്നു വളരെ നീളം കാണും.

ദക്ഷിണതീരം.

2,300 നാഴിക നീളമുള്ള മദ്ധ്യധരണ്യാഴിയാണ് യൂറോപ്പിൻെറതെക്കഭാഗത്തുള്ള പ്രധാനകടൽ. അതിൽ ഏററിറക്കങ്ങൾ ഇല്ലെന്നുതന്നെ പറയാം. വെള്ളത്തിന്നു സാധാരണ സമുദ്രത്തിലെ വെള്ളത്തിനേക്കാളധികം ഉപ്പുരസമുണ്ട്. പടിഞ്ഞാറെ അററത്തുള്ള ജിബ്രാൾട്ടർ കടലിടുക്കാണ് മദ്ധ്യധരണ്യാഴിയിലേക്കുള്ള ഏകപ്രവേശനമാൎഗ്ഗം. ആ കടലിടുക്കിന്നു 10 നാഴികയിൽ കുറഞ്ഞ വീതിയേ ഉള്ളു. ഇററലി എന്ന അൎദ്ധദ്വീപു കടലിനെ രണ്ടു ഭാഗങ്ങളാക്കി തിരിയ്ക്കുന്നു. പടിഞ്ഞാറെ പകുതിയിൽ ഹയോൺസു, ജെനോവ എന്നിങ്ങിനെ 2 ഉൾക്കടലുകളുണ്ട്. കോർസിക്ക, സർഡീനിയ, ബലാറിക്ക എന്നീ ദ്വീപുകൾ ഈ ഭാഗത്താണ്. ഇററലിയുടെ തെക്കഭാഗത്തു കിടക്കുന്ന സിസിലി എന്ന ദ്വീപു മെസ്സിന എന്ന കടലിടുക്കിനാൽ വേർതിരിക്കപ്പെട്ടിരിക്കുന്നു. ഇററലിക്കും ബാൾ

ക്കൻഅദ്ധ്ദ്വീപുകൾക്കും നടുവിൽ അയോണിയൻ കടൽ കാണാം. കാൻഡിയ എന്ന ദ്വീപിന്റെ വടക്കഭാഗത്താണ്, ഏജിയൻ കടൽ. ഈ കടലിനെ ഗ്രീസ്സ, തുക്കി, ഏഷ്യാമൈനർ എന്നീ രാജ്യങ്ങൾ ചുററിക്കിടക്കുന്നു. ഏജിയൻ കടലും മാർമൊറയുമായി ഡാർഡനൽസ്സ യോജിപ്പിക്കുന്നു. മാർമൊറയിൽനിന്നു ബോസ്ഫറസ്സ മാർഗ്ഗം കരിങ്കടലിൽ പ്രവേശിക്കാം. ബാൾക്കൻ അദ്ധ്ദ്വീപിന്റെ കിഴക്കഭാഗത്താണ് കരിങ്കടൽ. ഈ കടൽ കെച്ച് എന്ന കടലിടുക്കിനാൽ അസോവ എന്ന കടലുമായി ബന്ധപ്പെട്ടു കിടക്കുന്നു.

## പശ്ചിമതീരം.

ഇതിന്റെ ഗതി വടക്കകിഴക്കുനിന്നു തെക്കപടിഞ്ഞാട്ടാണ്. നോർവെയുടെ തീരം പാറപ്രദേശമാകുന്നു. ഇവിടെ അനവധി വിടവുകളും ദ്വീപുകളുമുണ്ട്. നോർവെയുടെ തെക്കെ അററമാണ് നൈസ്സ മുനമ്പു. അവിടെനിന്നു സ്കാഗർറാക്ക, കാററിഗററ എന്നിവ ബാൾട്ടിക്ക കടലിലേക്ക നീണ്ടുകിടക്കുന്നു. ബാൾട്ടിക്ക കടലിന്നു കാസ്പിയൻ കടലിന്റെ വലിപ്പമുണ്ട്. അതിൽ ബോത്ത്നിയാ, ഫിൻലണ്ട എന്നിങ്ങിനെ രണ്ടു ഉപദ്വീപുകളുണ്ട്.

നോത്ത് കടലിന്റെ കിഴക്ക ഭാഗത്തു നോർവെ, സ്വീഡൻ എന്നീ രാജ്യങ്ങളും: തെക്കഭാഗത്തു ബൽജിയം, ഹോളണ്ട എന്നീ രാജ്യങ്ങളും; പടിഞ്ഞാറഭാഗത്തു ബ്രിട്ടീഷുദ്വീപുകളും സ്ഥിതിചെയ്യുന്നു. ഇംഗ്ലണ്ടിനെ ഫ്രാൻസിൽനിന്നു വേർതിരിക്കുന്ന കടലിന്റെ ഒരു ഭാഗ

മാണ് ഇംഗ്ലീഷു ചാനൽ. ഐബീരിയൻ അർദ്ധദ്വീപിന്നും ഫ്രാൻസിന്നും മദ്ധ്യത്തിലാണ് ബിസ്കെ ഉൾക്കടൽ. ഐബീരിയൻ അർദ്ധദ്വീപ് അത്‌ലാന്തിക് സമുദ്രത്തിന്നും, മദ്ധ്യധരണ്യാഴിക്കും നടുവിൽ കിടക്കുന്നു. യൂറോപ്പിന്റെ നടുവിന്ന് എതിരായിട്ടാണ് ബ്രിട്ടീഷുദ്വീപുകൾ കിടക്കുന്നതു്. ഐസ്ലാണ്ടു് എന്ന ദ്വീപു നോർവെതീരത്തുനിന്നു 700 നാഴിക അകലെ കിടക്കുന്നു.

### ഉത്തരതീരം.

ആർട്ടിക്ക് സർക്കിളിന്നകത്താണ് ഉത്തരതീരം. ശീതകാലത്തു അധികഭാഗവും അതു മഞ്ഞു മൂടിക്കിടക്കുന്നു. പടിഞ്ഞാറെഅററത്തു ഗൾഫ് സ്ട്രീം ഉള്ളതുകൊണ്ടു് അവിടെ അത്ര മഞ്ഞില്ല. വൈററ്സീ—വെള്ളക്കടൽ—എന്നവിടവിൽ അധികഭാഗവും ആർട്ടിക്ക് സർക്കിളിന്നു പുറത്താണ്. വൈററ്സീക്കു കിഴക്കുള്ള കാനൽ അദ്ധ്വീപു നോർവെയുടെ വടക്കോട്ടു നീണ്ടുകിടക്കുന്നു. നോർവെയുടെ വടക്കുള്ള ഫിററ്സ് ബർജൻ ദ്വീപുസമൂഹം എന്നും മഞ്ഞു മൂടിക്കിടക്കുന്നു.

---

## അദ്ധ്യായം 19.

## യൂറോപ്പ്.

### ഭൂപ്രകൃതി.

ഭൂപ്രകൃതിയനുസരിച്ചു യൂറോപ്പിനെ വടക്കുള്ള സ്കാൻഡനേവിയൻ മലകൾ, ആൽപ്സ് മലനിര, മദ്ധ്യമൈതാനം എന്നിങ്ങിനെ വേർതിരിയ്ക്കാം.

സ്കാൻഡനേവിയ.

വളരെ ഉറപ്പും പഴക്കവുമുള്ള പാറകളാണ് ഇവിടെയുള്ളത്. ഇത്തരത്തിലുള്ള പാറകൾ സ്കോട്ട്ലണ്ടിലും അയർലണ്ടിൻെറ വടക്കുപടിഞ്ഞാറു ഭാഗത്തും കാണാം. ഈ മൂന്നു പ്രദേശങ്ങളും ഒരു കാലത്തു ഒരൊററ ഉന്നതതടമായിരുന്നിരിക്കണം.

അത്ലാന്തികസമുദ്രത്തെ അഭിമുഖീകരിക്കുന്ന വിടവുകളാണ് ഈ ഉന്നതതടത്തിലെ പ്രധാന വിശേഷം. ഇവിടെ അനവധി തുറകളും ദ്വീപുകളുമുണ്ട്. തുറകൾ മലകളെ ചുററിക്കിടക്കുന്നു. ചില തുറകൾക്കു 80 നാഴികയോളം നീളമുണ്ട്.

ഉന്നതതടത്തിലെ ഏററവും ഉയരമേറിയ ഭാഗം തെക്കെ അററമാണ്. ഇവിടെ ഉന്നതതടത്തിനു 8,000 അടി ഉയരം കാണും. ഇവിടെ മഞ്ഞു സുലഭമാണ്. മഞ്ഞുരുകി താഴെയുള്ള താഴ്വരകളിലേക്കു പ്രവഹിക്കുന്നു. സ്വീഡൻെറ ഭാഗമാണു നീളമേറിയ ചായ്വു. അതുകൊണ്ടു സ്വീഡനിലെ നദികൾ സാമാന്യം നീളമുള്ളവയാണു്. ഇവിടെ അനവധി തടാകങ്ങളുമുണ്ട്. നോർവെയിലെ നദികൾ നീളം കുറഞ്ഞവയും ശീഘ്രഗതിയുള്ളവയുമാണ്. രണ്ടു രാജ്യങ്ങളിലും ജലപാതങ്ങൾ സുലഭമാണ്.

ആൽപ്സ് മലനിര.

യൂറോപ്പിൻെറ മദ്ധ്യത്തിലും തെക്കുഭാഗത്തും അനവധി ഉന്നതതടങ്ങളുണ്ട്. മലകളും അവിടെ സുലഭമാണു. മലകൾക്കു നടുവിൽ ഫലപുഷ്ടിയുള്ള മൈതാനങ്ങൾ കി

ടക്കുന്നു. ഇററലിയിലെ ലൊമ്പാർഡി മൈതാനം, ഹംഗ രിയിലെ മൈതാനം, റമേനിയയിലെ മൈതാനം എന്നി വ നോക്കുക.

സ്പെയിനിലെ മെസററ, ഫ്രാൻസിലെ മദ്ധ്യോന്നത തടം, ബൊഹിമിയാ—ബവേറിയ എന്നിവിടങ്ങളിലെ ഉന്നതതടം എന്നിവയാണു പ്രധാന ഉന്നതതടങ്ങൾ. മലകളുടെ സ്ഥിതിയെ നിയന്ത്രിക്കുന്നത് ഈ ഉന്നതതട ങ്ങളാണ്.

ബിസ്കേ ഉൾക്കടലിൽനിന്നു പുറപ്പെടുക. സ്പെയി നിന്നും ഫ്രാൻസിന്നും മദ്ധ്യേ പിരനീസു കിടക്കുന്നു. എ ബ്രൊ എന്ന നദിയുടെ തടം പിർനീസിനെ മെസററ യിൽനിന്നു വേർതിരിക്കുന്നു. പിന്നെ നാം ആൽപ്സിലെ ത്തുന്നു. അവയിൽനിന്നു കാർപേതിയൻ, ബാൾക്കൻസു എന്നിവ കടന്നു നാം കോക്കസസ്സിലെത്തുന്നു. ഈ മല കൾ ഒരു കാലത്തു തുടർച്ചയായി കിടന്നിട്ടുണ്ടാകാം. ഇ പ്പോൾ ഇവ തമ്മിൽ വലിയ വിടവുകളുണ്ട്.

ആൽപ്സിന്റെ ഓരോ അററത്തു നിന്നും നീളമുള്ള ഓരോ നിര തെക്കോട്ടു നീണ്ടുകിടക്കുന്നു. ഇവയാണു ഗ്രീ സ്സ്, ഇററലി എന്നീ അർദ്ധദ്വീപുകൾ. ഇവയ്ക്കു മദ്ധ്യേ എഡ്രിയാട്ടിക്ക കടൽ കിടക്കുന്നു. കിഴക്കെ നിരയ്ക്കു ഡി നാറിക്ക ആല്പസ് എന്നാണ്, വടക്കെ അററത്തുള്ള പേ ർ. ഈ നിരയ്ക്കു തെക്കെ അററമായ ഗ്രീസ്സിൽ പിൻഡ സ് മല എന്നു പറയുന്നു. പടിഞ്ഞാറെ നിരയായ അപ്പി നൈൻസു ഇററലിയാസകലം നീണ്ടു കിടക്കുന്നു. ഇതു

സിസിലിയിലും കാണാം. ആഫ്രിക്കയിലെ ഏററ്‌ലസും ഇതാണ്‌.

ഈ മലനിരകൾക്കു വടക്കു കുറെ പഴയ മലകളു ണ്ട്‌. ഇവയിൽ പ്രധാനമായവ വോസ്‌ഗസും, ബ്ളാക്കു ഫോറസ്‌ററും (കരിവനം) ആകുന്നു. ഇവയുടെ നടുവിൽ കൂടിയാണ്‌ റൈൻനദി പ്രവഹിക്കുന്നതു്‌

യൂറോപ്പിലെ ഏററവും പ്രധാനമായ മലകൾ ആ ൽപ്സാണ്‌. ഇവയിൽ അനവധി നിരകളുണ്ട്‌. അവ ജ നോവ ഉൾക്കടലിൽനിന്നു വടക്കോട്ടു നീണ്ടു കിടക്കുന്നു. ഫ്രാൻസിൻെറയും ഇററലിയുടെയും അതിരായാണ്‌ അവ സ്ഥിതിചെയ്യുന്നതു്‌. മൌണ്ട്‌ബ്ളാങ്കാണു യൂറോപ്പിലെ ഏററവും ഉന്നതമായ കൊടുമുടി. അതിനു 15,732 അടി പൊക്കമുണ്ട്‌. അവിടെ എത്തിയാൽ ആല്പ്സ്‌ കിഴക്കോ ട്ടു വളയുന്നു. ആൽപ്സിൻെറ നിരകൾ ആസ്ട്രീയവരെ എത്തുന്നു.

അധികം പൊക്കമുള്ള ഭാഗങ്ങളിൽ മഞ്ഞു സുലഭ മാണ്‌. ഈ മഞ്ഞു താഴ്‌വരകളിലേക്കു പ്രവഹിക്കുന്നു. സെൻററ്‌ ഗോതാർഡുമലകളിലുള്ള മഞ്ഞുകട്ടകളിൽ നിന്നാണ്‌ റൈൻ, റോൺ എന്നീ നദികൾ ഉത്ഭവിക്കു ന്നതു്‌.

ആൽപ്സിലെ കാഴ്ച അത്യധികം രമണീയമായിരിക്കു ന്നു. വേനല്ക്കാലത്തു്‌ അനവധി സന്ദൎശകന്മാർ അവി ടെ എത്തുന്നു. തടാകങ്ങളാണു മനോഹരതയ്ക്കു കാരണം. ജെനീവ, ലൂസേൺ, സൂറിച്ച്‌ എന്നീ തടാകങ്ങൾ സ്വി

റവസർലണ്ടിൻെറ ഭാഗത്തും; കോൺസ്റ്റൻസു, മാജിയോ റെ, കോമ, ഗാർഡ എന്നിവ ഇററലിയുടെ ഭാഗത്തും സ്ഥിതിചെയ്യുന്നു.

ആല്പ്സിലുള്ള ചുരങ്ങളിൽക്കൂടി അനവധി പാത കൾ വെട്ടപ്പെട്ടിരിക്കുന്നു. അവയിൽക്കൂടി വേനല്ക്കാല ത്തു ഗതാഗം ചെയ്യാം. തീവണ്ടിപ്പാതകളും പണി ചെയ്യപ്പെട്ടിരിക്കുന്നു. സെനിസ്സു, സിംപ്ലൻ, സെൻററ് ഗോതർഡു എന്നീ ചുരങ്ങളിൽക്കൂടിയാണ് തീവണ്ടിപ്പാത കൾ പണിചെയ്യപ്പെട്ടിരിക്കുന്നതു്. അതുകൊണ്ടു് ആ ല്പ്സിൻെറ ഒരു ഭാഗത്തുനിന്നു മറേറഭാഗത്തേക്കു ഗതാ ഗതസൌകര്യമുണ്ടു്. പിർനീസ്സിൽക്കൂടി ഗതാഗതസൌ കര്യം കുറവാണ്. പിർനീസ്സിൻെറ അററങ്ങൾ കടന്നാ ണു തീവണ്ടിപ്പാതകൾ സ്പെയിനിൽനിന്നു ഫ്രാൻസിൽ പ്ര വേശിക്കുന്നതു്. 1928_ൽ പീഡുമീഡി എന്ന സ്ഥലത്തു് ഒരു ചുരം തുറക്കപ്പെട്ടു.

മദ്ധ്യമൈതാനം.

യൂറേഷ്യയിലെ മദ്ധ്യോന്നതതടത്തിനും ആർട്ടിക്കു സമുദ്രത്തിനും നടുവിൽ കിടക്കുന്ന മൈതാനമാണ് ലോക ത്തിലെ ഏററവും വലിയ മൈതാനം. അതു 160 ഡിഗ്രി അക്ഷാംശരേഖകൾക്കുള്ളിൽ പരന്നുകിടക്കുന്നു. കിഴക്കൻ സൈബീരിയയിൽ മൈതാനത്തിനു വീതി കുറയുന്നു. യൂറ ൽമലനിരയുടെ ശരാശരി ഉയരം 3,000 അടി മാത്രമാ ണ്. ആ മലനിരയുടെ ഏററവും ഉയരമേറിയ ഭാഗത്തി നു 5,000 അടി പൊക്കമുണ്ടു്. ആ മലനിരയെ ഒരു രാ

ഷ്ടിയാതിരായി കണക്കാക്കാൻ തരമില്ല. ആ വലിയ മൈതാനത്തിൻെറ നടുവിലുള്ള് ഒരു ഉയൎന്ന പ്രദേശം മാത്രമാണതു്.

ഫ്രാൻസിൻെറ വടക്കുഭാഗം, ബെൽജിയം, ഹോളണ്ടു, ജൎമ്മനി, പോളണ്ടു, റഷ്യ എന്നിവ ആ മൈതാനത്തിലുൾപ്പെട്ടിരിക്കുന്നു. ഇംഗ്ലണ്ടിലെ മൈതാനം ഒരുകാലത്തു് അതിനോടു സംഘടിതമായിരുന്നു. യൂറോപ്പ്യൻ മൈതാനം ഒരുപോലെ പരന്നതാണെന്നു പറവാൻ തരമില്ല; അതിൻെറ ഉപരിതലം നിമ്നോന്നതമായിത്തന്നെ സ്ഥിതിചെയ്യുന്നു. പക്ഷേ, റഷ്യയിലുള്ള വാൽഡൈ കുന്നുകൾക്കു മാത്രമേ 1,000 അടി ഉയരമുള്ളൂ. പ്രളയകാലത്തു മൈതാനമാസകലം മഞ്ഞുമൂടിക്കിടന്നിരുന്നു. ജൎമ്മനി, ഫിൻലണ്ടു, റഷ്യ എന്നിവിടങ്ങളിൽ അനവധി തടാകങ്ങളുണ്ടു്.

---

## അദ്ധ്യായം 20.

### യൂറോപ്പ്.

#### നദികൾ.

യൂറോപ്പിലെ മൈതാനിൽക്കൂടി അനവധി നദികൾ പ്രവഹിക്കുന്നുണ്ടു്. ഉത്തരധ്രുവസമുദ്രത്തിലേക്കു് ഒഴുകുന്നവകൊണ്ടു വലിയ പ്രയോജനമൊന്നുമില്ല. യൂറോപ്പിലെ ഏററവും വലിയ നദിയായ വോൾഗ വാൎഡൈ കുന്നുകളിൽ ഉത്ഭവിക്കുന്നു. അതു റഷ്യയിൽക്കൂടി പ്രവഹിച്ചു കാ

സ്പിയൻ കടലിൽ വീഴുന്നു. അതിൽ ഗതാഗതസൌകൎയ്യമുണ്ടു്. എന്നാൽ സമുദ്രബന്ധമുള്ള ഒരു കടലിലേക്കായിരുന്നു അതു പ്രവഹിച്ചിരുന്നതെങ്കിൽ അതു് ഇന്നത്തേക്കാളധികം ഉപകാരമുള്ളതാകുമായിരുന്നു.

ജൎമ്മനിയിലെ എൽബ്യ മദ്ധ്യോന്നതതടത്തിൽ ഉത്ഭവിച്ചു നോൎത്ത്സീയിലേക്കു പ്രവഹിക്കുന്നു. അതിനു വോൾഗയോളം വലിപ്പമില്ല. പക്ഷെ, കച്ചവടകാൎയ്യത്തിൽ അതിനു വോൾഗയേക്കാൾ പ്രാധാന്യമുണ്ടു്.

റൈനിന്നു് എൽബിനേക്കാളധികം പ്രാധാന്യമുണ്ടു്. ഉന്നതമായ ഒരു ആൽപ്സ് താഴ്വരയിൽക്കൂടി അതു കോൺസ്റ്റൻസു തടാകത്തിലേക്കു പ്രവഹിക്കുന്നു. നദിയിൽനിന്നു പുറത്തു കടന്നാൽ അതു ജൎമ്മനിയുടേയും സ്വിററ്സർലണ്ടിന്റേയും അതിരായി ഒഴുകുന്നു. ബൈൽ എന്ന സ്ഥലത്തു് അതു വടക്കോട്ടു തിരിയുന്നു: വോസ്ഗസ്, കരിവനം എന്നിവകൾക്കു നടുവിലുള്ള പരന്നതും ഫലപുഷ്ടിയുള്ളതുമായ ഒരു താഴ്വരയിൽ കൂടിയാണ് പിന്നെ നദി പ്രവഹിക്കുന്നതു്. കുറെ ദൂരത്തേയ്ക്കു് അതു ഫ്രാൻസിന്റേയും ജൎമ്മനിയുടേയും അതിരാണ്. മനോഹരമായ കുന്നിൻപ്രദേശത്തുകൂടി നദി കോളോണിലെത്തുന്നു. അവിടം ഒരു വ്യവസായകേന്ദ്രമാണ്. നദിയിൽ ഗതാഗതസൌകൎയ്യവുമുണ്ടു്. പിന്നെ അതു് അതിൎത്തികടന്നു നോൎത്ത്സീയിൽ ചേരുന്നു. അവിടെ നദിക്കു് അനവധി കൈവഴികളുണ്ടു്. ഒരു കൈവഴിയിന്മേലാണ് റോട്ടർഡാം എന്ന ഡച്ചു തുറമുഖം.

ഫ്രാൻസിൽക്കൂടി ഒഴുകുന്ന സീൻ, ലൂവാർ എന്നീ നദികളിലും ഗതാഗതസൌകര്യമുണ്ടു്.

ഇനി പറയേണ്ടതു് ഉന്നതതടങ്ങളിലെ നദികളെപ്പററിയാണ്. അവ പോ, റോൺ, ഡാന്യൂബ് എന്നിവയാകുന്നു.

ലൊംബാർഡി മൈതാനത്തിൽക്കൂടെയാണു പോ പ്രവഹിക്കുന്നതു്. അതു് എഡ്രിയാർട്ടിക്ക് കടലിൽ വീഴുന്നു. മുഖത്തുള്ള മുക്കോൺതുരുത്തു ക്രമത്തിൽ വീതി കൂടിവരികയാണു്.

ഉന്നതമായ ഒരു ആൽപ്സ് താഴ്വരയിൽക്കൂടി ഒഴുകി റോൺ ജെനീവ തടാകത്തിലെത്തുന്നു. ആ തടാകം ആൽപ്സിന്നും ജൂറയ്ക്കും നടുവിൽ കിടക്കുന്നു. ജെനീവ എന്ന സ്ഥലത്തുകൂടി നദി ജെനീവ തടാകത്തിൽനിന്നു ബഹിർഗമിക്കുന്നു. പിന്നെ അതു കുന്നിൻപ്രദേശങ്ങളിൽക്കൂടിയാണ് ഒഴുകുന്നതു്. ലിയോൺസ് എന്ന സ്ഥലത്തു പ്രധാന പോഷകനദിയായ സോൺ റോണിൽചേരുന്നു. അവിടെനിന്നു നദി തെക്കോട്ടു മദ്ധ്യധരണ്യാഴിയിലേക്കാണ് ഒഴുകുന്നതു്. അതിന്റെ തടത്തിൽക്കൂടി അനവധി റോഡുകളും തീവണ്ടിപ്പാതകളും മദ്ധ്യയൂറോപ്പിലേക്കു പോകുന്നു. താഴ്വരയുടെ വടക്കെ അററത്തിനു സമീപം വോസ്ഗസ്സിന്നും ജൂറയ്ക്കും നടുവിലുള്ള വിടവാണ് ബർഗണ്ടിവിടവ്. ഈ വിടവിൽക്കൂടി ഒരു ചാൽ റൈൻ, റോൺ എന്നീ നദികളെ യോജിപ്പിക്കുന്നു. അതുകൊണ്ടു മദ്ധ്യധരണ്യാഴിയിൽനിന്നു നോർത്ത് സീയിലേയ്ക്കു ജലമാർഗ്ഗമായി ഗതാഗതം ചെയ്യാം.

ഡാന്യൂബ് വലിയ ഒരു നദിയാണ്. അതു വളരെ പ്രധാനമായ ഒരു നദിയാകുന്നു. അതു ജൎമ്മനി, ആസ്ത്രിയ, ഹൻഗറി, യൂഗോസ്ലേവിയ, രുമേനിയ എന്നീ രാജ്യങ്ങളിൽക്കൂടി ഒഴുകുന്നു. കുറെദൂരത്തോളം അതു രുമേനിയയുടേയും ബൾഗേറിയയുടേയും അതിരായാണ് ഒഴുകുന്നത്. കരിവനത്തിൽ ഉത്ഭവിച്ചു അതു തെക്കൻജൎമ്മനിയിൽക്കൂടി ഒഴുകുന്നു. അതു ബൊഹീമിയക്കും ആസ്ത്രിയക്കും നടുവിലുള്ള ആസ്ത്രിയൻ ഗേററ്സിൽക്കൂടി ഒഴുകി വിയന്നയിലെത്തുന്നു. കുറെ ദൂരവുംകൂടി കിഴക്കോട്ടൊഴുകി അതു ഹങ്കറിയുടെ തലസ്ഥാനമായ ബുഡാപ്പെസ്റ്റിന്നു സമീപം തെക്കോട്ടു തിരിയുന്നു. ഹങ്കറി മൈതാനത്തിൽക്കൂടി ഒഴുകി നദി യൂഗോസ്ലേവിയയിൽക്കൂടി തലസ്ഥാനമായ ബൽഗ്രേഡു കടന്നു അയേൺഗേററ്സിലെത്തുന്നു. ബാൾക്കൻസിന്നും ട്രാൻസിൽവേനിയൻ ആൽപ്സിന്നും നടുവിലുള്ള ഒരു വിടവാണ് അയേൺ ഗേററ്സ്. രുമേനിയയിൽക്കൂടി ഒഴുകി അതു ബ്ലാക്ക്കടലിൽ ചേരുന്നു. മുഖത്തു ഒരു മുക്കോൺ തുരുത്തുണ്ട്.

---

# അദ്ധ്യായം 21.

---

## യൂറോപ്പ്.

---

### കാലാവസ്ഥ.

കാലാവസ്ഥയനുസരിച്ചു യൂറോപ്പിനെ ചൂടുള്ള തെക്കൻപ്രദേശം (മദ്ധ്യതരണ്യാഴിതീരം); ശീതോഷ്ണമുള്ള നടു

(കോൺടിനൻററൽയൂറോപ്പ്); ശീതമായ വടക്ക (ആൎട്ടിക്ക്യൂറോപ്പ്); വടക്കപടിഞ്ഞാറൻ യൂറോപ്പ് എന്നിങ്ങിനെ വിഭാഗിക്കാം.

മദ്ധ്യധരണ്യാഴിതീരം.

യൂറോപ്പിലെ 3 അൎദ്ധദ്വീപുകളും ഫ്രാൻസിന്റെ തെക്കഭാഗവും, കുറെ ദ്വീപുകളും ഉൾപ്പെടുന്നു. ഇവ 35 മുതൽ 45 ഡിഗ്രിവരെയുള്ള വടക്കൻ അക്ഷരേഖകൾക്കുള്ളിൽ കിടക്കുന്നു. വേനൽക്കാലം ചൂടുള്ളതാണ്; അന്നു വായുവിൽ നീരാവിയില്ല. അന്നു സൂൎയ്യൻ നല്ലപോലെ പ്രകാശിക്കുന്നു. മഴ പെയ്യുന്നതു ശീതകാലത്താണ്. അന്നു വലിയ തണുപ്പില്ലതാനും. മഴ അധികം പെയ്യുന്ന സ്ഥലങ്ങൾ ചുരുക്കമാണ്. ഒരു കൊല്ലത്തിൽ ജിബ്രാൾട്ടറിൽ 32 ഇഞ്ചും, മാർസെയിൽസിൽ 21 ഇഞ്ചും, റോമിൽ 32 ഇഞ്ചും, ഏതൻസിൽ 15 ഇഞ്ചുമാണ് മഴ പെയ്യുന്നതു്. ഇവിടത്തെ ഉയൎന്ന പ്രദേശങ്ങളിലെ കാലാവസ്ഥ മുൻപറഞ്ഞതിൽ നിന്നു അല്പം വ്യത്യാസപ്പെട്ടിരിക്കുന്നു.

കോൺടിനററൽയൂറോപ്പ്.

ഇതാണു യൂറോപ്പിലെ വീതിയേറിയ ഭാഗം. ഇതു മദ്ധ്യധരണ്യാഴിതീരത്തിനും ആൎട്ടിക്കപ്രദേശങ്ങൾക്കും നടുവിൽ കിടക്കുന്നു. ഇവിടത്തെ കാലാവസ്ഥ അമിതമായതാണ്. വേനൽക്കാലം ചൂടുള്ളതായും ശീതകാലം തണുപ്പുള്ളതായും കാണുന്നു. കിഴക്കോട്ട് പോകുന്തോറും മഴ കുറവാണ്. ബർലിനിൽ കൊല്ലത്തിൽ 23 ഇഞ്ചും, മോസ്കോവിൽ 21 ഇഞ്ചും, ആസ്ട്രകാനിൽ 6 ഇഞ്ചുമാണ് മഴ പെയ്യുന്നതു്.

ശീതമായവടക്ക്.

ഉത്തരധ്രുവസമുദ്രത്തിനടുത്തുള്ള ചെറിയൊരു വിഭാഗമാണിതു്. ശീതകാലം വളരെ നീണ്ടുനില്ക്കുന്നു; അന്നു അത്യധികമായ തണുപ്പുമുണ്ടു്. വേനൽക്കാലം ഹ്രസ്വമായതാണു്; ചൂടുള്ളതുമാണു്. ആർച്ചേൻഞ്ചൽ എന്ന തുറമുഖം 6 മാസക്കാലത്തോളം മഞ്ഞു മൂടിക്കിടക്കുന്നു.

വടക്കുപടിഞ്ഞാറു.

ബ്രിട്ടീഷു ദ്വീപുകളും നോർവെയിലുള്ള നോത്ത്മുനമ്പു മുതൽ ബിസ്കേ ഉൾക്കടൽ വരെയുള്ള തീരപ്രദേശവും ഈ വിഭാഗത്തിലുൾപ്പെട്ടും. ഈ വിഭാഗത്തിലൊരംശം, ധ്രുവവൃത്തത്തിന്നകത്താണു്. മെക്സിക്കോ ഉൾക്കടലിൽ നിന്നു പുറപ്പെടുന്ന ഒരു ജലപ്രവാഹമാണല്ലോ ഗൾഫ് സ്ട്രീം. അതിന്നു നോത്ത്അത്ലാന്തിക്ഡ്രിഫ്റ്റ് (പ്രവാഹം) എന്നു പേരുണ്ടു്. ഈ പ്രവാഹം ചൂടുള്ളതാകുന്നു. ഇതു വടക്കുപടിഞ്ഞാറൻ യൂറോപ്പിലെ കടലുകളിലേക്കു പ്രവഹിക്കുന്നതുകൊണ്ടു ശീതകാലത്തു അവിടെ തണുപ്പുകുറയുന്നു. അതുകൊണ്ടു കാലാവസ്ഥ മിതശീതോഷ്ണമുള്ളതായിത്തീരുന്നു. വേനൽക്കാലത്തു അസാരം തണുപ്പുണ്ടു്. ശീതകാലത്തു അത്യധികമായ തണുപ്പില്ലതാനും.

പടിഞ്ഞാറൻ കാററുകൾ ഊതുന്ന പ്രദേശമാണിതു്. അതുകൊണ്ടു് ഇവിടെ കൊല്ലത്തിലേതുകാലത്തും മഴയുണ്ടു്. എങ്കിലും ശീതകാലത്താണു മഴയധികവും. ഇവിടെ ഒരു സ്ഥലത്തു് 20 ഇഞ്ചു മഴയാണു പെയ്യുന്നതെങ്കിൽ മറെറാരു സ്ഥലത്തു 100 ഇഞ്ചു മഴ പെയ്യും. ബ്രിട്ടനി

ലെ മലകളിലാണ മഴ ഏററവുമധികം പെയ്യുന്നതു്. ഇവിടെ കൊല്ലത്തിൽ 100 ഇഞ്ചു മഴ പെയ്യും. എഡിൻബെറോവിൽ 23 ഇഞ്ചും; പാരിസ്സിൽ 21 ഇഞ്ചും; നോർവേയിലുള്ള ബർഗനിൽ 73 ഇഞ്ചും മഴ പെയ്യുന്നു.

# അദ്ധ്യായം 22.

## യൂറോപ്പ്.

### സസ്യങ്ങൾ.

സസ്യങ്ങളെത്തന്നെ സ്വാഭാവിക സസ്യങ്ങളെന്നും കൃഷിചെയ്തുണ്ടാക്കുന്നവയെന്നും രണ്ടിനമായി തിരിക്കാം.

യൂറോപ്പിൽ വളരെ കുറച്ചു ഭാഗത്തുമാത്രമേ ഇപ്പോൾ സ്വാഭാവിക സസ്യങ്ങൾ കാണുന്നുള്ളു. മലകളിലും വടക്കൻ പ്രദേശങ്ങളിലുമാണ് ഇന്നു സസ്യങ്ങൾ കാണുന്നതു്. സ്ഥലത്തിലധികഭാഗത്തും ഇന്നു കൃഷി നടക്കുകയാണല്ലൊ.

സ്വാഭാവികസസ്യങ്ങളെ നോക്കി യൂറോപ്പിനെ നാലു പ്രത്യേക ഖണ്ഡങ്ങളാക്കാം. അവ മദ്ധ്യധരണ്യാഴി പ്രദേശം; ഡെസിഡുവസ്സ്വനപ്രദേശം; കോണിഫറസ് വനപ്രദേശം; ട്ടൺഡ്രകൾ എന്നിവതന്നെ.

### മദ്ധ്യധരണ്യാഴിപ്രദേശം,

എന്നും പച്ചയായി കാണുന്ന വൃക്ഷങ്ങളും സസ്യങ്ങളും നിറഞ്ഞതാണ് ഈ ഭാഗം. വേനൽക്കാലത്തുള്ള വര

ഠംചയെ ഇവിടത്തെ വൃക്ഷങ്ങളും സസ്യങ്ങളും ക്രസലന്യേ സഹിക്കുന്നു. വൃക്ഷങ്ങളുടെ ഇലകളിന്മേൽ നാരുകൾ കാണാം. അതുകൊണ്ടു ജലം എളുപ്പം ബാഷ്പമാകുന്നില്ല. ഒലിവു, ഹെം, ഓക്ക്, മിർട്ടിൽ എന്നിവയാണു പ്രധാന വൃക്ഷങ്ങളും സസ്യങ്ങളും. താഴ്ന്ന പ്രദേശങ്ങളിലാണ് ഒലിവു വളരുന്നതു്; അതിനു ശീതകാലത്തെ തണുപ്പു സഹിച്ചുകൂടാ.

ഡെസിഡുവസ്സ വനപ്രദേശം.

മദ്ധ്യധരണ്യാഴിപ്രദേശത്തിന്റെ വടക്കു ഭാഗത്താണ്. യൂറോപ്പിന്റെ മദ്ധ്യഭാഗവും ബ്രിട്ടീഷു ദ്വീപുകളിലെ അധികഭാഗവും ഇതിലുൾപ്പെടുന്നു. ഓക്ക്, ബീച്ച്, എം എന്നിവയാണു പ്രധാന മരങ്ങൾ.

കോണിഫറസ്സ വനപ്രദേശം.

സ്കോട്ടുലണ്ടിന്റെ വടക്കുഭാഗം, സ്കാൻഡിനേവിയ, റഷ്യ എന്നീ രാജ്യങ്ങൾ ഈ പ്രദേശമാണ്. ഇതു യൂറോപ്പിലെ വലിയ വനത്തിന്റെ ഒരംശമാണ്. യൂറോപ്പിന്റെ വടക്കുഭാഗമാസകലം ഇതു വ്യാപിച്ചു കിടക്കുന്നു. പൈൻസ്സ (പീഞ്ഞ); ഫിർസ്, ലാർച്ചസ് എന്നിവയാണ് മരങ്ങൾ. ഇവയുടെ ഇലകൾ സൂചിപോലെ ഉള്ളവയാണ്. ആൽപ്സ്, കാർപേതിയൻസ്സ, മററു മലകൾ എന്നിവിടങ്ങളിലും ഇത്തരത്തിലുള്ള മരങ്ങളുണ്ടു്.

ടുൺഡ്രകൾ

മുൻപറഞ്ഞ പ്രദേശത്തിനും വടക്കാണ്. ഈ പ്രദേശം ഉത്തരധ്രുവസമുദ്രത്തിന്നടുത്താണ്. സൈബീരിയയു

ടെ വടക്കഭാഗമാസകലം ഇതിലുൾപ്പെടുന്നു. പുല്ലുകൾ, മോസസ്സ്, പായൽ, ലിച്ചൻസ് എന്നിവയാണ്, സസ്യങ്ങൾ. സ്കാൻഡനേവിയൻ ഉന്നതതടത്തിലും ഇത്തരത്തിലുള്ള സസ്യങ്ങൾ കണ്ടുവരുന്നു.

തെക്കുകിഴക്കു റഷ്യയിലെകാലാവസ്ഥ വളരെ വരൾച്ചയുള്ളതാണ്. അതുകൊണ്ട് അവിടെ വൃക്ഷങ്ങളില്ല. അവിടെ പുല്ല് സുലഭമാണ്. അതുകൊണ്ട് അതിനു സ്റ്റെപ്പി (പുൽത്തകിടി) എന്നു പറയുന്നു. സ്റ്റെപ്പി ഏഷ്യയിലെ സൈബീരിയയിലേക്കും പരന്നു കിടക്കുന്നു.

യൂറോപ്പിൽ മരുഭൂമികളില്ല. പക്ഷേ, കാസ്പിയൻ തടാകത്തിനടുത്തുള്ള ഒരു പ്രദേശം മരുഭൂമിക്കുതുല്യമാണ്. അതിനെ സ്ക്രബ് എന്നുപറയുന്നു.

ഇനി നമുക്കു കൃഷിചെയ്യുണ്ടാക്കുന്ന സസ്യങ്ങളെപ്പററി പഠിക്കാം.

മദ്ധ്യധരണ്യാഴി തീരത്തു വേനൽക്കാലം ചുട്ടു വരണ്ടിരിക്കുന്നുവെന്നു നാം കണ്ടുവല്ലൊ. ആ കാലാവസ്ഥ പഴങ്ങൾക്കു വളരെ പററിയതാണ്. മദ്ധ്യധരണ്യാഴിതീരം ലോകത്തിൽ പഴസമൃദ്ധിയുള്ള സ്ഥലങ്ങളിൽ ഒന്നാണ്. മധുരനാരങ്ങ, ലെമൺ, മുന്തിരിങ്ങ, കൈതച്ചക്ക, അത്തിപ്പഴം, പീച്ച് എന്നിവയാണ് പ്രധാന പഴങ്ങൾ. ഗോതമ്പും ഇവിടങ്ങളിൽ സുലഭമായി കൃഷിചെയ്തുവരുന്നു. യൂറോപ്പിന്റെ മദ്ധ്യഭാഗത്തു ഗോതമ്പു കൃഷിചെയ്തുവരുന്നു. വടക്കുഭാഗത്തു യവം, ഓട്സ്, റൈ എന്നിവയാണ് കൃഷിചെയ്യുന്നതു്. ബാൾട്ടിക്ക് കടലിന്റെതീരത്തു വക്കയും, ചണയും വിളയുന്നു.

# അദ്ധ്യായം 23.

## യൂറോപ്പ്

### ധാതുക്കളും വ്യവസായങ്ങളും

അസംസ്കൃതവിഭവങ്ങൾ, കൂലിക്കാർ, ശക്തി എന്നിവയാണ് വ്യവസായങ്ങൾക്കുള്ള പ്രധാന ഉപകരണങ്ങൾ. ഈ ഉപകരണങ്ങളിൽ മുമ്പിലത്തെ രണ്ടെണ്ണത്തെ എളുപ്പം സ്ഥലം മാററാം. അതുകൊണ്ട് ശക്തിസ്ഥാനങ്ങളാണ് സാധാരണയായി വ്യവസായകേന്ദ്രങ്ങളാകുന്നത്.

അടുത്തകാലംവരെ പ്രധാനമായ ശക്തി കല്ക്കരി തന്നെ ആയിരുന്നു. ആവി ഉണ്ടാക്കുന്നതിനും, വിദ്യുച്ഛക്തി ജനിപ്പിക്കുന്നതിനും അതു് ഉപയോഗപ്പെടുന്നു. അതുകൊണ്ടു യൂറോപ്പിലെ കല്ക്കരിഖനികൾ വ്യവസായകേന്ദ്രങ്ങളായി പരിണമിക്കുന്നു. ഉരുക്കുവ്യവസായത്തിനു് ആവശ്യമായ ഇരിമ്പു കല്ക്കരിയൊന്നിച്ചു കാണുന്നു. കല്ക്കരിഖനികൾ വ്യവസായകേന്ദ്രങ്ങളാകാൻ അതും മറെറാരു കാരണമാണ്.

യൂറോപ്പിലെ കല്ക്കരിഖനികളിൽ പ്രധാനമായവ മദ്ധ്യോന്നതതടത്തിന്നരികെയുള്ള മൈതാനത്തിലാണ്. ഇംഗ്ലണ്ടിലെ താഴ്ന്ന സ്ഥലം ഈ മൈതാനത്തിന്റെ പടിഞ്ഞാറെ അററമാണെന്നു പറയാം. അതുകൊണ്ടു യൂറോപ്പിലെ വ്യവസായകേന്ദ്രം ഇംഗ്ലണ്ടുമുതൽ പോളണ്ടുവരെ നീണ്ടുകിടക്കുന്നു.

ബ്രിട്ടനിലെ വ്യവസായകേന്ദ്രങ്ങളെപ്പററി അന്യത്ര പ്രസ്താവിക്കുന്നതാണ്.

മൈതാനത്തിൽ പടിഞ്ഞാറുനിന്നു കിഴക്കോട്ടു ഫ്രാങ്കോ-ബെൽജിയൻ, റൂർ, സാക്സനി സെക്കോസ്ലവോക്കിയാ, സൈലീഷ്യൻ എന്നിങ്ങിനെയുള്ള വ്യവസായകേന്ദ്രങ്ങൾ കാണാം.

ഇരിമ്പു, ഉരുക്കു, ചെമ്പു, മററുലോഹങ്ങൾ എന്നിവകൊണ്ടുള്ള സകല സംസ്കൃതവിഭവങ്ങളും; സകല ആവശ്യങ്ങൾക്കുമുള്ള ആയുധങ്ങളും; സ്ഫടികപ്പാത്രങ്ങളും; മൺപാത്രങ്ങളും; തോൽസ്സാമാനങ്ങളും ഇവിടെനിന്നാണ് വരുന്നതു്. പരുത്തി, രോമം, പട്ടു്, ചണ, വാക എന്നിവകൊണ്ടുള്ള വ്യവസായവും ഇവിടെ നടക്കുന്നു.

ഫ്രാൻസിൽ അനവധി കല്ക്കരിഖനികളുണ്ടു്. അവയിൽ മിക്കവയും ചെറിയവയാണ്. ലില്ലിക്കുട്ടത്തുള്ള വടക്കുകിഴക്കൻ അഥവാ ഫ്രാങ്കോ-ബെൽജിയൻ ഖനികളാണ് ഏററവും വലിയവ. മദ്ധ്യോന്നതതടത്തിലുള്ള ല്യവർ ഖനികളും സാർഖനികളും വലിയവയാണ്. വെർസെയിത്സിലെ സന്ധിപ്രകാരം സാർഖനികൾ 15 കൊല്ലത്തേയ്ക്കു ഫ്രാൻസിന്നധീനമായി. വടക്കുകിഴക്കൻ ഖനികൾക്കു സമീപമാണ് പ്രധാന വ്യവസായകേന്ദ്രം. ബെൽജിയത്തിൽനിന്നു ചണയും, ഷാംപെനിൽനിന്നു രോമവും ഇവിടെ വന്നുചേരുന്നു. റൂബേ, ആറസ്, വലൻഷിയൻസ്, ആമിൻസു, കംപ്രെ, റെംസ്, നാൻസി, ലോംഗവി എന്നിവ വ്യവസായനഗരങ്ങളാണ്.

ഫ്രാങ്കോ-ബൽജിയൻഖനി ആർഡന്നീസ്സ ഉന്നതതടത്തിന്റെ അടിവാരത്തു ബൽജിയമാസകലം നീണ്ടുകിടക്കുന്നു. അതിന്റെ പടിഞ്ഞാറെ അററം ഫ്രാൻസിലും, കിഴക്കെ അററം ജൎമ്മനിയിലുമാണ്. സാംബർ, മ്യൂസ്സ എന്നീ നദികളുടെ താഴ്‌വരയിലാണ് ബൽജിയൻ ഖനികൾ. ഇരിമ്പ് ഈയം, വെള്ളത്തീയം എന്നിവയും ഈ ഖനികളിൽനിന്നു കിട്ടുന്നു. അതുകൊണ്ടു സാംബർ-മ്യൂസ് തടം യൂറോപ്പിലെ പ്രധാന വ്യവസായകേന്ദ്രങ്ങളിൽ ഒന്നാണ്. മോൺസ്സ, ചാർലറോയി, നാമൂർ, ലീഗ് എന്നീ പട്ടണങ്ങൾ ഉരുക്കുവ്യവസായകേന്ദ്രങ്ങളാണ്. ചാർലറോയി, ലീഗ് എന്നിവിടങ്ങളിൽ സ്ഫടികപ്പാത്രനിൎമ്മാണവും നടന്നുവരുന്നു. രോമവ്യവസായം നടക്കുന്നു.

യൂറോപ്പിലുള്ളത്ര വ്യവസായകേന്ദ്രങ്ങൾ വടക്കെ അമേരിക്കയിൽ മാത്രമേ ഉള്ളു. മറെറാരിടത്തും ഇത്രയധികം ജനം വ്യവസായത്തിൽ ഏൎപ്പെട്ടിട്ടില്ല. ഭക്ഷണസാധനങ്ങൾ ഇത്രയധികം മറെറാരു സ്ഥലത്തേയ്ക്കും ഇറക്കുന്നില്ല.

യന്ത്രശാലകൾ ധാരാളമാകയാൽ സംസ്കൃതവിഭവങ്ങൾ അതിരു കവിഞ്ഞുണ്ടാകുന്നു. ഈ സാമാനങ്ങൾ അന്യരാജ്യങ്ങളിൽ വില്ക്കേണമല്ലൊ. വ്യവസായത്തിനുള്ള അസംസ്കൃതവിഭവങ്ങളും ഭക്ഷണസാധനങ്ങളും യൂറോപ്യന്മാൎക്കു ആവശ്യവുമാണ്. അതുകൊണ്ടാണ് യൂറോപ്പിൽ വളരെ വലിയ തുറമുഖങ്ങളുണ്ടായിട്ടുള്ളത്. ലണ്ടൻ, ലിവർപൂൾ, ഹൾ ഗ്ലാസ്ഗോ എന്നിവ ബ്രിട്ടനിലെ പ്ര

ധാന തുറമുഖങ്ങളാണ്. ഫ്രാൻസിലെ ഹാവേർ, ബൽജിയത്തിലെ ആൻറ്വപ്പ്, ഹോളണ്ടിലെ റോട്ടർഡാം, ജമ്മനിയിലെ ഹാംബർഗ്ഗ് എന്നിവ യൂറോപ്പിലെ തുറമുഖങ്ങളാണ്. ആൻറ്വപ്പാണ് യൂറോപ്പിലെ ഏററവും പ്രധാനമായ തുറമുഖം.

രാജ്യത്തിൻെറ അകഭാഗവുമായി ഏതു തുറമുഖവും റോഡുകളാലും തീവണ്ടിപ്പാതകളാലും സംഘടിതമായിരിക്കുന്നു. ചില തുറമുഖങ്ങളിൽ കനാലുകളും വന്നുചേരുന്നു.

മോസ്കോവിന്നടുത്തുള്ള കല്ക്കരിപ്രദേശം, റോൺ തടത്തിലുള്ള ലിമോൺസ്, ഉത്തര ഇററലി എന്നിവ മററു വ്യവസായകേന്ദ്രങ്ങളാണ്.

# അദ്ധ്യായം 24.

## യൂറോപ്പ്.

### ഗതാഗതമാർഗ്ഗങ്ങൾ.

ഗതാഗതമാർഗ്ഗങ്ങളെ ഇന്നു സ്ഥലമാർഗ്ഗങ്ങൾ, ജലമാർഗ്ഗങ്ങൾ, വായുമാർഗ്ഗങ്ങൾ എന്നിങ്ങനെ തരംതിരിക്കാം.

സ്ഥലമാർഗ്ഗങ്ങളെത്തന്നെ റോഡുകളെന്നും തീവണ്ടിപ്പാതകളെന്നും വീണ്ടും വിഭാഗിക്കാം.

യൂറോപ്പിലെ ഏതു രാജ്യത്തും നല്ല റോഡുകളുണ്ട്. യൂറോപ്പിലുള്ളത്ര തീവണ്ടിപ്പാതകൾ മറെറാരിടത്തും ഇല്ല. ഈ പാതകൾ ഏഷ്യയിൽനിന്നു പുറപ്പെട്ടു യൂറോപ്പിൽ

അവസാനിക്കുന്നുവെന്നോ, യൂറോപ്പിൽനിന്നു പുറപ്പെട്ടു ഏഷ്യയിൽ അവസാനിക്കുന്നുവെന്നോ പറയാം.

പ്രധാന പാതകൾ താഴെ കാണുന്നവയാണ്.

1. ഓറിയൻറ് എക്സ്പ്രസ്സ് പാത.

പാരീസ്സിൽനിന്നു പുറപ്പെടുന്ന ഈ പാത സ്ട്രാസ്സ്ബർഗ്ഗ്, മ്യൂനിച്ച്, വിയന്ന, ബുഡാപ്പെസ്റ്റ്, ബെൽഗ്രേഡ് എന്നീ സ്ഥലങ്ങൾ കടന്നു കോൺസ്റ്റാൻറിനോപ്പിലിലെത്തുന്നു. കോൺസ്റ്റാൻറിനോപ്പിലിൽനിന്നു പാത ബസ്രയിലേക്കു പോകുന്നു. യൂറോപ്പിൽനിന്നു ഇന്ത്യയിലേക്കുള്ള കരമാർഗ്ഗമാണിതു്.

2. ട്രാൻസ്സൈബീരിയൻപാത.

ഈ പാതയും പാരീസ്സിൽനിന്നാണു പുറപ്പെടുന്നതു. അവിടെ ഇതിനു നോർതേൺ എക്സ്പ്രസ്സ് പാതയെന്നു പേർ. ഈ പാത കോളോൺ, ബർലിൻ, മാർസൊ എന്നിവിടങ്ങളിൽക്കൂടി ലെനിൻഗ്രേഡിലെത്തുന്നു. അവിടെ നിന്നു ഇതു മോസ്കോവിലേക്കു പോകുന്നു. മോസ്കോവിൽ നിന്നു ഇതു വ്ളാഡിവോസ്റ്റോക്കുവരെ എത്തുന്നു.

3. ഇന്ത്യൻ മെയിൽറൂട്ട്.

ഈ പാതയും പാരീസ്സിൽനിന്നുതന്നെ പുറപ്പെടുന്നു. ഇതു മൌണ്ട് സെനിസ്സു ടണൽ, ട്യൂറിൻ, ബോലോൺ എന്നീ സ്ഥലങ്ങൾ കടന്നു ബ്രിൻഡിസിയിലെത്തുന്നു.

ആൻറവെപ്പിൽനിന്നു റൈൻതടം, ലൂസേൺ, സെൻറ്ഗോതാർഡു ടണൽ എന്നിവിടങ്ങളിൽക്കൂടി ഒരു പാത മിലാനിലേക്കു പോകുന്നു.

ബർലിനിൽ നിന്ന ഒരു പാത മ്യൂനിച്ച്, ബ്രന്തർ വസ്സ് എന്നിവിടങ്ങളിൽക്കൂടി ഇററലിയിലേക്ക പോകുന്നു.

ഇനി നമുക്ക ജലമാൎഗ്ഗങ്ങളെപ്പററി പഠിക്കാം. സമുദ്രമാർഗ്ഗങ്ങരം എല്ലാം യൂറോപ്പിൽ നിന്നാണ പുറപ്പെടുന്നതു് എന്നു ധരിക്കുക. അവയിൽ ചിലവ കിഴക്കോട്ടും ചിലവ പടിഞ്ഞാട്ടും പോകുന്നു.

കിഴക്കോട്ടുപോകുന്ന മാർഗ്ഗങ്ങരം നോക്കുക:—

## 1. സൂവസ്സ് കനാൽമാൎഗ്ഗം.

സമുദ്രമാർഗ്ഗങ്ങളിൽ രണ്ടാംസ്ഥാനം അൎഹിക്കുന്നതു ഇതാണ്. ഏററവും വലിയ കപ്പലുകരം ഈ വഴിക്കു വരുന്നതല്ല. ചെങ്കടലിന്റെ തെക്കെഅററത്തെത്തിയാൽ ഒരു ശാഖ ബോംബെയിലേക്കും മറെറാന്നു കൊളംബോവിലേക്കും പോകുന്നു. കൊളംബോവിൽ ചെന്നാൽ ഈ ശാഖ നാലായി പിരിയുന്നു. ഒന്നു മദ്രാസ്സ, കൽക്കത്ത എന്നിവിടങ്ങളിലേക്കും; മറെറാന്നു റംഗൂണിലേക്കും; വേറെയൊന്നു സിംഗപുരം, ചൈന, ജപ്പാൻ എന്നിവിടങ്ങളിലേക്കും; നാലാമത്തേതു ഓസ്ത്രേലിയയിലേക്കും പോകുന്നു.

## 2. കേപ്പുമാൎഗ്ഗം.

ഈ മാൎഗ്ഗത്തിൽക്കൂടി പോകുന്ന കപ്പലുകരം ആഫ്രിക്കയുടെ തെക്കുഭാഗത്തു ചെന്നു ഇന്ത്യയിലേക്കും ഓസ്ത്രേലിയയിലേക്കും പോകുന്നു.

ഇനി നമുക്കു പടിഞ്ഞാട്ടുപോകുന്ന മാൎഗ്ഗങ്ങളെപ്പററി പഠിക്കാം. അവ വടക്കൻഅത്തലാന്തികമാർഗ്ഗങ്ങരം, പനാമകനാൽ മാൎഗ്ഗം, തെക്കൻ അത്തലാന്തികമാൎഗ്ഗം. എന്നിവയാണ്.

1. വടക്കൻ അത്തലാന്തികമാർഗ്ഗങ്ങൾ.

യൂറോപ്പിലെ രാജ്യങ്ങളിൽ നിന്ന വടക്കെഅമേരിക്കയുടെ കിഴക്കെ തീരത്തേക്കുള്ള മാൎഗ്ഗങ്ങളാണിവ. ഇവയാണ് കപ്പൽമാൎഗ്ഗങ്ങളിൽ പ്രധാനമായവ.

2. പനാമകനാൽമാൎഗ്ഗം.

യൂറോപ്പിൽനിന്നും അമേരിക്കയുടെ കിഴക്കെതീരത്തുനിന്നും കപ്പലുകൾ ഈ വഴിക്ക അമേരിക്കയുടെ പടിഞ്ഞാറെ തീരത്തേക്ക പോകുന്നു.

3. തെക്കൻ അത്തലാന്തികമാൎഗ്ഗങ്ങൾ.

യൂറോപ്പിൽ നിന്ന കപ്പലുകൾ തെക്കെഅമേരിക്കയിലേക്ക പോകുന്നു. വളരെ പ്രധാനമായവയല്ല.

യൂറോപ്പിലെ മിക്ക നദികളിലും ഗതാഗതസൗകൎയ്യമുണ്ട്. ഗതാഗതസൌകൎയ്യം വൎദ്ധിപ്പിക്കുവാൻ കനാലുകൾ കുത്തിയിരിക്കുന്നു. അടുത്തകാലത്തു പണിതീൎന്നതാണ് മോസ്കോവോൾഗാതോട്. തോട് പണിതീൎന്നപ്പോൾ മോസ്കോ ഒരു തുറമുഖമായി: 5 കൊല്ലംകൊണ്ടാണ് തോട് പണിതീൎന്നതു്. അതിൽ 7 തടാകങ്ങളുണ്ട്. എല്ലാ തടാകങ്ങൾക്കുംകൂടി 87 ചതുരശ്രനാഴിക വിസ്താരം കാണും. ഏററവും വലിയ തടാകം മോസ്കോകടലാണ്. കോർച്ചീവ എന്ന പട്ടണവും 200 ഗ്രാമങ്ങളും മാററി പണിചെയ്തിട്ടാണ തോട് നിൎമ്മിതമായതു്. തോടിനു പനാമാകടലിന്റെ ഒന്നര ഇരട്ടി നീളമുണ്ട്. മോസ്കോ ഡോൺ തോട് വെട്ടുവാൻ ആലോചനയുണ്ട്.

വായുമാൎഗ്ഗങ്ങളെപ്പററി ചിന്തിക്കുക. ലണ്ടനിൽനിന്ന പുറപ്പെടുന്ന ആകാശവിമാനങ്ങൾ പടിഞ്ഞാട്ട

അമേരിക്കയിലേയ്ക്കും കിഴക്കോട്ട ഓസ്ത്രേലിയയിലേക്കും പോകുന്നു. കിഴക്കോട്ടുള്ള മാർഗ്ഗത്തിൽ വിമാനം ബാസിൽ, ജിനോവ, കേറോ, ബാഗ്ഡാഡ്, ബസ്രാ, കറാച്ചി, കൽക്കത്ത, സിംഗപ്പൂരം എന്നിവിടങ്ങളിൽക്കൂടി ഓസ്ത്രേലിയായിലെത്തുന്നു.

# അദ്ധ്യായം 25.

## യൂറോപ്പ്

### രാഷ്ട്രീയവിഭാഗങ്ങൾ.

യൂറോപ്പിലെ രാജ്യങ്ങളെ വടക്കപടിഞ്ഞാറൻ രാജ്യങ്ങൾ, മൈതാനരാജ്യങ്ങൾ, മദ്ധ്യധരണ്യാഴിരാജ്യങ്ങൾ, മദ്ധ്യയൂറോപ്പുരാജ്യങ്ങൾ, കിഴക്കൻരാജ്യങ്ങൾ എന്നിങ്ങിനെ വേർതിരിക്കാം.

ഒന്നാമത്തെ വിഭാഗത്തിൽ ഗ്രേറബ്രിട്ടൻ, ഐറിഷ്ഫ്രീസ്റ്റേററ, നോർവെ, സ്വീഡൻ എന്നിവയും; രണ്ടാമത്തെ വിഭാഗത്തിൽ ബാൾട്ടിക്കരാജ്യങ്ങൾ, പോളണ്ട, ജമ്മനി, ഡൻമാക്ക്, ഹോളണ്ട്, ബൽജിയം, ഫ്രാൻസ് എന്നിവയും; മൂന്നാമത്തെ വിഭാഗത്തിൽ സ്പെയിൻ, പോർത്തുഗൽ, ഇററലി, ഗ്രീസ്സ്, തുക്കി എന്നിവയും; നാലാമത്തെ വിഭാഗത്തിൽ സ്വിററ്സർലണ്ട, സ്ലവോക്കിയാ, ഹൻഗറി, യൂഗൊ-സ്ലേവിയാ, റുമേനിയ, ബാൾഗേറിയ എന്നിവയും; അഞ്ചാമത്തെ വിഭാഗത്തിൽ സോവിയററ യൂണിയൻ അഥവാ റഷ്യയും ഉൾപ്പെടുന്നു.

ഇപ്പോൾ നടന്നുവരുന്ന യുദ്ധംമൂലം നോർവേ, പോളണ്ട്, ഹോളണ്ട്, ബെൽജിയം, ഫ്രാൻസിൻെറ വടക്കെ




ഭാഗം, യൂഗോസ്ലേവിയ, ഗ്രീസ്, രുമേനിയ, ബൽഗേറിയ എന്നിങ്ങനെ യൂറോപ്പിലെ മിക്ക രാജ്യങ്ങളും ജർമ്മൻ കൈവശത്തിലോ ജർമ്മൻ സംരക്ഷണത്തിലോ ആയിരിക്കുന്നു.

യുദ്ധം തീൻ നാസിശക്തിയെ ഉടച്ചശേഷം ബ്രിട്ടൻ ഒരു പുതിയ വ്യവസ്ഥയുണ്ടാക്കുമെന്നും അതിൽ ഇപ്പോഴത്തേതിൽനിന്നും വളരെ വ്യത്യസ്ഥമായ ഒരു രാജ്യവിഭജനം യൂറോപ്പിൽ ഉണ്ടാകുമെന്നുമാണ് വിചാരിക്കേണ്ടതു്.

വടക്കുപടിഞ്ഞാറൻരാജ്യങ്ങൾ

1. നോർവെ.

ഈ രാജ്യത്തിനു നമ്മുടെ ബോംബെസംസ്ഥാനത്തേക്കാൾ വലിപ്പമുണ്ട്. അതായതു് ഇതിൻെറ വിസ്താരം 1,24,000 ചതുരശ്രനാഴികയാകുന്നു. പക്ഷേ, ഇവിടെ ബോംബെ, കൽക്കത്ത എന്നീ രണ്ടു നഗരങ്ങളിലുള്ളത്ര ജനങ്ങളേ ഉള്ളൂ. കൃഷി നന്ന കുറവാണ്. ഗ്ലോമൻതടത്തിൽ കൃഷി നടന്നുവരുന്നു. കാടുകൾ സുലഭമാണ്. മത്സ്യങ്ങളും ധാരാളമുണ്ട്. മരം, കടലാസ്സു, മത്സ്യം, ധാതുക്കൾ എന്നിവയാണു കയററുമതികൾ. നോർവെയിൽ കൽക്കരിയില്ല. അതുകൊണ്ട് ഇവിടെ വിദ്യുച്ഛക്തിയാണു വ്യവസായത്തിന് ഉപകരിക്കുന്നതു്.

ഓസ്ലോവാണു തലസ്ഥാനം. മുമ്പ് അതിനു ക്രിസ്ത്യാനിയാ എന്നായിരുന്നു പേർ. ഇവിടെനിന്നു മരം കയററി അയക്കുന്നു.

പടിഞ്ഞാറെതീരത്തുള്ള ബർഗനിൽ മത്സ്യംപിടിത്തം നടക്കുന്നു. ട്രോൻജം എന്നൊരു തുറമുഖംകൂടിയുണ്ട്.

നോർവെയുടെ വടക്കുഭാഗത്തു സ്പിട്സ്ബർജൻ, ബെയർ എന്നീ ദ്വീപുകൾ കിടക്കുന്നു. ഇവ നോർവെയുടെ കീഴിലാണ്. നോർവെ ഇപ്പോൾ ജർമ്മനിയുടെ കീഴിലാണ്.

2. സ്വീഡൻ.

നോർവെയേക്കാൾ വലുതാണ് ഈ രാജ്യം. ഇതിനു നോർവെയുടെ ഇരട്ടി വലിപ്പമുണ്ടു്. ഏതാണ്ടു നോർവെയിലെ ഇരട്ടി ജനങ്ങളേയും കാണാം. രാജ്യത്തിന്റെ തെക്കുഭാഗം യൂറോപ്യൻമൈതാനത്തിലെ ഒരംശമാണ്. ഈ രാജ്യത്തു് അനവധി തടാകങ്ങളുണ്ടു്. വടക്കുഭാഗം കാടാണ്. മരം, കടലാസ്സ് എന്നിവയാണു പ്രധാന കയററുമതികൾ. തെക്കുഭാഗത്തു ഓട്സ്, റൈ എന്നിവ കൃഷി ചെയ്യുന്നു. തീപ്പെട്ടി ഉണ്ടാക്കൽ പ്രധാനമായ ഒരു വ്യവസായമാണ്.

സ്റ്റോക്ക്ഹോം ആണു തലസ്ഥാനം. ഇരിമ്പുവ്യവസായം നടന്നുവരുന്നു. സ്വീഡനിലെ പ്രധാന തുറമുഖമാണു ഗോതൻബർഗ്ഗ്.

രാജ്യത്തു തീവണ്ടിപ്പാതകളും കനാലുകളും സുലഭമാണ്.

നോർവെ, സ്വീഡൻ എന്നീ രണ്ടു രാജ്യങ്ങൾക്കും കൂടി സ്കാൻഡനേവിയ എന്നു പറയുന്നു.

---

# അദ്ധ്യായം 26.

## യൂറോപ്പ്.

മൈതാനരാജ്യങ്ങൾ.

1. ബാൾട്ടിക്കുരാജ്യങ്ങൾ.

ബാൾട്ടിക്കു കടലിന്റെ കിഴക്കുഭാഗത്തു കിടക്കുന്ന നാലു റിപ്പബ്ളിക്കുകളെയാണ് ബാൾട്ടിക്കുരാജ്യങ്ങളെ

ന്നു പറയുന്നതു്. 1914-ലെ യൂറോപ്യൻ സമരത്തിനു മുമ്പ് ഇവ റഷ്യയുടെ അധീനത്തിലായിരുന്നു. ഇപ്പോഠം ഇവ റഷ്യയുടെ കീഴിലാണ്.

യൂറോപ്പിലെ വലിയ മൈതാനങ്ങളിൽ ഉഠംപ്പെട്ടവയാണു ഈ രാജ്യങ്ങഠം. ഇവ പരന്നുതന്നെ ഇരിക്കുന്നു.

ഇവയിൽ ഫിൻലണ്ടാണ് ഏററവും വലിയതു്. ഫിൻലണ്ട് ഉഠംക്കടലിനു വടക്കുഭാഗത്താണ് ഈ രാജ്യം. കാടുകഠം സുലഭമാണ്. മരം, കടലാസ്സ് എന്നിവയാണു പ്രധാന കയററുമതികഠം. ഹെൽസിംഗ് ഫോഴ്സ് അഥവാ ഹെൽസിൻകിയാണു പ്രധാന പട്ടണവും തുറമുഖവും. ആബോ, അഥവാ, തുക്കുവാണു മറെറാരു തുറമുഖം. ഫിൻലണ്ടിൻെറ വടക്കുഭാഗമാണു ലാപ്പലണ്ട്.

ഫിൻലണ്ടു, ഉഠംക്കടലിൻെറ തെക്കാണ് എസ്റ്റോണിയാ. ലെനിൻഗ്രാഡ്, വടക്കെ റഷ്യ എന്നിവിടങ്ങളിലേയ്ക്കുള്ള ഗതാഗതസൌകര്യത്തെ ഫിൻലണ്ടു, എസ്റ്റോണിയാ എന്നിവ നിയന്ത്രിക്കുന്നു. നാലിലൊരുഭാഗം കാടാണ്. ശേഷമുള്ള ഭാഗത്തു കൃഷിയും മേച്ചിലും നടന്നുവരുന്നു. റൈ, ഓട്സ്, ബാർലി, ഉരുളക്കിഴങ്ങ് എന്നിവയാണു പ്രധാന ഭക്ഷണസാധനങ്ങഠം. ടാലിൻ അഥവാ റീവലാണു തലസ്ഥാനം.

റീഗ ഉഠംക്കടലിനു ചുററുമുള്ള സ്ഥലമാണ് ലാറലിയ. പടിഞ്ഞാറെ ഡ്വിനയിന്മേൽ സ്ഥിതിചെയ്യുന്ന റീഗ വടക്കൻ റഷ്യയിലെ പ്രധാനമായ ഒരു തുറമുഖമായിരുന്നു. ഇന്നും റഷ്യയിലെ കച്ചവടം വളരെയധികം

നടക്കുന്നതു റീഗവഴിക്കാണ്. വിണ്ടൌ, ലീബൻ എന്നിവ മററു തുറമുഖങ്ങളാണ്. മരം, വക്ക് എന്നിവയാണ് പ്രധാന കയററുമതികഠം.

ലിത്വാനിയക്കു ലാററ്വിയേക്കാളധികം വിസ്താരമുണ്ട്. ഈ രാജ്യത്തിൻെറ കടൽത്തീരം നന്ന നീളം കുറഞ്ഞതാണ്. മെമ്മലാണു പ്രധാന തുറമുഖം. കോവ്നോവാണു തലസ്ഥാനം. മരം, വക്ക്, ഗവ്യങ്ങഠം എന്നിവയാണ് കയററുമതികഠം.

## 2. ജമ്മനി

1935_ൽ ജമ്മനിയ്ക്കു 1,80,998 ചതുരശ്രനാഴിക വിസ്താരമുണ്ടായിരുന്നു. അന്നവിടെ 6 കോടി 53 ലക്ഷം ജനം നിവസിച്ചിരുന്നു. പിന്നെ ജമ്മനിയ്ക്കു അന്നത്തേക്കാളധികം വിസ്താരമുണ്ടായിത്തുടങ്ങി. 743 ചതുരശ്രനാഴിക വിസ്താരമുള്ളതും 8 ലക്ഷം ജനം നിവസിക്കുന്നതുമായ സാർപ്രദേശമാണ് ജമ്മനിയോടു ഒന്നാമതായി ചേക്കപ്പെട്ടതും പിന്നെ 32,000 ചതുരശ്രനാഴിക വിസ്താരമുള്ളതും 67 ലക്ഷം ജനം നിവസിക്കുന്നതുമായ ആസ്ത്രിയ ജമ്മനിയുടെ ഒരു വിഭാഗമായി; 11,000 നാഴിക വിസ്താരമുള്ളതും 36 ലക്ഷം ജനം നിവസിക്കുന്നതുമായ സൂഡററൻലണ്ടു പിന്നെ ജമ്മനിയോടു ചേക്കപ്പെട്ടു. ബൊഹിമിയാ മുതലായ സ്ഥലങ്ങഠം ജമ്മനിയ്ക്കധീനമായപ്പോഠം 19,000 ചതുരശ്രനാഴിക വിസ്താരമുള്ള സ്ഥലവും 68 ലക്ഷം ജനങ്ങളും ജമ്മനിയിലേയ്ക്കു് ലഭിച്ചു. പിന്നെ 1,100 ചതുരശ്രനാഴിക വിസ്താരമുള്ളതും 1,47,600 ജനം നിവസിക്കു

ന്നുമായ മെമ്മൽ പ്രദേശവും ജർമ്മനിയ്ക്കധീനമായി. 729 ചതുരശ്രനാഴിക വിസ്താരമുള്ളതും 4 ലക്ഷം ജനം നിവസിക്കുന്നതുമായ ഡാൻസിഗ്ഗും ജർമ്മനിയിൽ അടങ്ങിയിരിക്കുന്നു. ഇവയ്ക്കും പുറമെ പോളണ്ടിന്റെ പടിഞ്ഞാറെ പകുതിയും ജർമ്മനി കൈവശപ്പെടുത്തിയിരിക്കുന്നു.

ഭൂപ്രകൃതിയനുസരിച്ച് ജർമ്മനിയെ വടക്കൻമൈതാനമെന്നും, മദ്ധ്യോന്നതതടങ്ങളെന്നും രണ്ടായി തിരിക്കാം.

നദികളിൽ മിക്കവയും വടക്കോട്ടൊഴുകുന്നവയാണ്. ഓഡർ ബാൾട്ടിക്കുകടലിലേയ്ക്കും; എൽബ്, മീസർ, റൈൻ എന്നിവ നോർത്തുകടലിലേയ്ക്കും പ്രവഹിക്കുന്നു.

അധികം ഉയരമുള്ള കുന്നുകളിൽ കാടുകളുണ്ട്. മററുള്ള സ്ഥലങ്ങളിൽ കൃഷിയും, കാലിമേയ്ക്കലും നടന്നുവരുന്നു. വടക്കുഭാഗമാണു കൃഷിപ്രദേശം. റൈ, ഓട്സ്, ഗോതമ്പ് എന്നിവയാണു മുഖ്യ വിളവുകൾ. ഉരുളക്കിഴങ്ങും പഞ്ചസാര ബീററും കൃഷിചെയ്യുന്നു.

തലസ്ഥാനമായ ബർലിൻ ഈ വടക്കുഭാഗത്താണ്. ഇവിടെനിന്നു തീവണ്ടിപ്പാതകൾ നാനാഭാഗത്തേക്കും പോകുന്നു. ബാൾട്ടിക്ക്തീരത്തുള്ള സ്റ്റെററിൻതുറമുഖത്തു കപ്പൽപ്പണി നടക്കുന്നു. ജർമ്മനിയിലെ ഏററവും വലിയ തുറമുഖം ഹാംബർഗ്ഗാണ്. ഇവിടെ ചണവ്യവസായം നടക്കുന്നു. ബ്രെമൻ എന്ന തുറമുഖം ബാൾട്ടിക്കതീരത്താണ്. ഹാനോവർ, ലീപ്പ്സിഗ്, ബ്രസ്സോ എന്നിവ ഇവിടത്തെ മററു പട്ടണങ്ങളാണ്.

തെക്കൻജർമ്മനിയിലും മദ്ധ്യജർമ്മനിയിലുമായി സാക്സനി, സൈലേഷ്യാ എന്നിവിടങ്ങളിൽ നല്ല കൽക്കരി

ഖനികളുണ്ട്. സാർനദീതടം ഇപ്പോൾ ഫ്രാൻസിന്റെ അധീനത്തിലാണ്.

റൈനിന്റെ ഒരു പോഷകനദിയാണു റൂർ. ലോവർ റൈസ്, വെസ്റ്റ്ഫാലിയ എന്നിവിടങ്ങളിലെ വ്യവസായ കേന്ദ്രം റൂർ നദീതടമാണ്. ലൊറൈൻ എന്ന സ്ഥലത്തുനിന്നാണ് കല്ക്കരി അധികമായും കുഴിച്ചെടുത്തിരുന്നത്. ആ സ്ഥലം ഇപ്പോൾ ഫ്രാൻസിന്റെ അധീനത്തിലാണ്. എസ്സൻ എന്ന പട്ടണത്തിൽനിന്നു ഇരിമ്പു കുഴിച്ചെടുക്കുന്നു. എൽബർഫെൽഡു, ഡസൽഡോർഫ്, ബാർമൻ എന്നിവിടങ്ങളിൽ പരുത്തിവ്യവസായം നടക്കുന്നു. ക്രെഫൽഡു എന്ന സ്ഥലത്തു പട്ടും, വെൽവററും ഉണ്ടാക്കിവരുന്നു. കോലോൻ എന്ന പട്ടണം റൈനിന്മേലാണ്.

സാക്സനിയിൽ കല്ക്കരി കണ്ടുവരുന്നു. ചെംനിട്സ്, സ്വിക്കൊ എന്നിവിടങ്ങളിൽ പരുത്തിവ്യവസായവും, തോൽവ്യവസായവും നടക്കുന്നു. ഡ്രെസ്ഡൻ എന്ന പട്ടണം മൺപാത്രവ്യവസായങ്ങൾക്കു ശ്രുതിപ്പെട്ടിരിക്കുന്നു.

സൈലേഷ്യയിലെ കൽക്കരിഖനി യൂറോപ്പിലെ കല്ക്കരിഖനികളിൽ പ്രധാനമായ ഒന്നാണ്.

തെക്കെ ജമ്മനിയിൽ പൈൻ വളരുന്നു. മ്യൂനിച്ചിൽ ബീർ ഉണ്ടാക്കിവരുന്നു. ന്യൂറംബെൎഗ്ഗിൽ കണ്ണാടിസ്സാമാനങ്ങൾ, കളിക്കോപ്പുകൾ എന്നിവ ഉണ്ടാക്കുന്നു. ഫ്രാങ്ക്ഫോർട്ടിൽ കെമിക്കൽ സാധനങ്ങളുണ്ടാക്കുന്നു.

### 4. ഡെൻമാർക്ക്.

ഡെൻമാർക്കിനു മൈസൂരിന്റെ പകുതി വലിപ്പമേ ഉള്ളു. ജട്ട്ലണ്ട് എന്ന അൎദ്ധദ്വീപും കുറെ ദ്വീപുകളും ചേ

ന്നതാണു ഡെൻമാർക്ക്. സമുദ്രതീരം പരന്ന ഒരു മൈതാനമാണ്. പടിഞ്ഞാറെ തീരം മണൽ നിറഞ്ഞിരിക്കുന്നു. ആ തീരത്തെ മണൽ അകത്തു കടക്കാതിരിപ്പാൻ മരങ്ങ ൾ വെച്ചുപിടിപ്പിച്ചു ഒരു കാടുണ്ടാക്കിയിരിക്കുന്നു. ശേഷമുള്ള ഭാഗത്താസകലം കൃഷിചെയ്യാം. വെണ്ണ, പാൽക്കട്ടി, മുട്ട, ഇറച്ചി എന്നിവയാണു പ്രധാന ഉല്പന്നങ്ങൾ. കോപ്പനേഹനാണു തലസ്ഥാനം. ഫാറൊ, ഗ്രീൻലണ്ടു, ഐസ്ലണ്ടു എന്നീ ദ്വീപുകൾ ഡെൻമാർക്കിന്റെ കീഴിലാണ്. ഈ രാജ്യം ഇപ്പോൾ ജർമ്മനിയുടെ കീഴിലാണ്.

5. ഹോളണ്ട്.

നന്ന ചെറിയ ഒരു രാജ്യമാണ്. റൈ, മ്യൂസ എന്നീ നദികളുടെ മുക്കോൺ തുരുത്താണ് ഈ രാജ്യത്തിന്റെ അധികഭാഗവും. രാജ്യത്തിൽ കുറെ ഭാഗം സമുദ്രവിതാനത്തിൽനിന്നു താഴ്ന്നുകിടക്കുന്നു. സൂഡർകടൽ വടക്കുഭാഗത്താണ്. ഈ കടൽ വററിച്ചുകരയാക്കാനാണ് ലന്തക്കാർ (ഹോളണ്ടിലെ ജനങ്ങൾ) ഉത്സാഹിക്കുന്നത്. ഓട്സ്, റൈ, ഗോതമ്പ്, യവം, ഉരുളക്കിഴങ്ങ് എന്നിവയാണ് പ്രധാനവിളവുകൾ. പഞ്ചസാര ബീററു കൃഷി ചെയ്തുവരുന്നു. വെണ്ണയും പാൽക്കട്ടിയും സുലഭമായി ഉണ്ടാക്കുന്നുണ്ടു. തെക്കുകിഴക്കേ അററത്തു അസാരം കല്ക്കരി കണ്ടുവരുന്നു. പക്ഷേ, യന്ത്രങ്ങൾ അധികവും പണിഎടുക്കുന്നതു കാററിന്റെ സഹായംകൊണ്ടാണ്. ഹേഗ് എന്ന നഗരമാണ് തലസ്ഥാനം. പക്ഷേ, ആംസ്റ്റർഡം, റോട്ടർഡം എന്നിവ അതിനേക്കാൾ വലുതാണ്. ആംസ്റ്റർ

ഡം ലോകത്തിലെ വൈരവ്യാപാരകേന്ദ്രസ്ഥാനമാണ്. റോട്ടർഡമാണ് പ്രധാന തുറമുഖം. യൂട്രക്ട് എന്ന സ്ഥലത്തു പരുത്തിവ്യവസായം നടക്കുന്നു. ഈ നാട്ടിൽ റോഡുകളേക്കാളധികം പ്രാധാന്യം നദികൾക്കും തോടുകൾക്കുമാണ്. രാജ്യം ഇപ്പോൾ ജർമ്മനിക്കധീനമാണ്.

6. ബൽജിയം.

ബൽജിയം ഹോളണ്ടിനേക്കാളും ഡെൻമാർക്കിനേക്കാളും ചെറിയതാണ്. സ്വാഭാവികസ്ഥിതിയനുസരിച്ചു ഈ രാജ്യത്തെ 3 ഖണ്ഡങ്ങളാക്കാം.

തെക്കുഭാഗത്തു് ഒരു ഉന്നതതടമുണ്ട്. അവിടെ മേച്ചിൽസ്ഥലങ്ങളും കാടുകളും സുലഭമാണ്. തെക്കെ അററം ലക്സംബെര്ഗ് കല്ക്കരിഖനിയുടെ ഒരു വിഭാഗമാണ്.

വടക്കുഭാഗം താഴ്ന്നിരിക്കുന്നു. അവിടത്തെ പ്രധാന വ്യവസായം കൃഷിയാണ്. റൈ, ഓട്സു, ഗോതമ്പ്, ഉരുളക്കിഴങ്ങ്, പഞ്ചസാര, ബീററു, ചണ എന്നിവയാണ് പ്രധാന വിളവുകൾ.

മദ്ധ്യപ്രദേശം കിഴക്കുനിന്നു പടിഞ്ഞാട്ടു ചാഞ്ഞുകിടക്കുന്നു. അവിടെയാണ് ബൽജിയത്തിലെ വ്യവസായമധികവും നടക്കുന്നതു്. ഇരിമ്പുകൊണ്ടും, ഉരുക്കുകൊണ്ടും പണിഎടുക്കുന്ന അനവധി വേലശാലകൾ ഇവിടെ ഉണ്ട്. മോൺസു, മാർലറോയി, നാമൂർ, ലീജ് എന്നിവയാണ് പ്രധാന പട്ടണങ്ങൾ.

ഇരിമ്പുബാർ, കണ്ണാടി, കണ്ണാടിസ്സാമാനങ്ങൾ, പരുത്തിസ്സാമാനങ്ങൾ, ചണസ്സാമാനങ്ങൾ എന്നിവയാണു കയററുമതികൾ.

ബ്രസൽസ്സാണു തലസ്ഥാനം. അതൊരു തീവണ്ടി കേന്ദ്രസ്ഥാനമാണ്. ആൻറ്വപ്പാണ് ഒരു തുറമുഖം. ഓസ്റ്റൻറ് എന്ന നഗരമാണ് ഇപ്പോഴത്തെ പ്രധാന തുറമുഖം. രാജ്യം ഇപ്പോൾ ജമ്മനിയുടെ അധീനത്തിലാണ്.

## അദ്ധ്യായം 27.

### യൂറോപ്പ്.

#### മൈതാനരാജ്യങ്ങൾ.

#### ഫ്രാൻസ്.

സോവിയററ്യൂണിയൻ അഥവാ റഷ്യയാണ് യൂറോപ്പിലെ ഏററവും വലിയ രാജ്യം. രണ്ടാമത്തെ സ്ഥാനമർഹിക്കുന്നതു ഫ്രാൻസാണ്. ഐബീരിയയ്ക്കും ഇംഗ്ലണ്ടിന്നും നടുവിലാണ് രാജ്യം. മദ്ധ്യധരണ്യാഴിതീരം സാമാന്യം വലിയതാണ്. തേക്കഭാഗത്തെ കാലാവസ്ഥ മദ്ധ്യധരണ്യാഴിക്കനുയോജ്യമായതാണ്. വടക്കഭാഗത്തെ കാലാവസ്ഥ ഇംഗ്ലണ്ടിലെ കാലാവസ്ഥയോടു തുല്യമാണ്.

ഭൂപ്രകൃതിയനുസരിച്ച ഫ്രാൻസിനെ 6 ഖണ്ഡങ്ങളാക്കിത്തിരിക്കാം. അവ: —

(1) വടക്കും പടിഞ്ഞാറുമുള്ള ഭാഗം—യൂറോപ്യൻ മൈതാനത്തിൻെറ ഒരു വിഭാഗം. (2) മദ്ധ്യോന്നതതടം. (3) മദ്ധ്യധരണ്യാഴിതീരം. (4) ആല്പസ്. (5) കിഴക്കു ഭാഗം. (6) പിർനീസിൻെറ ചരിവുകൾ എന്നിവയാണ്.

വടക്കം പടിഞ്ഞാറുമുള്ള ഭാഗങ്ങൾ ഇംഗ്ലണ്ടിന്റെ തെക്കുകിഴക്കുപോലെയാണ്. വടക്കുപടിഞ്ഞാറുള്ള ബ്രിട്ടനി പാറപ്രദേശമാണ്. ഈ ഭാഗത്തു കുന്നുകൾ സുലഭമായി കാണ്മാം. മഴയും ധാരാളമുണ്ട്. കന്നുകാലികളെ മേയ്ക്കലാണ് ജനങ്ങളുടെ പ്രധാന തൊഴിൽ. ഇവിടെ പറയത്തക്ക വ്യവസായങ്ങളൊന്നുമില്ല. മീൻപിടുത്തമാണ് പ്രധാന വ്യവസായം. ഇവിടെ ബ്രെസ്റ്റ എന്നു പേരായി ഒരു സൈനിക സ്ഥാനമുണ്ട്. നാൻററീസിൽ കപ്പൽപ്പണി നടന്നുവരുന്നു

കുറെക്കൂടി കിഴക്കോട്ടുപോയാൽ രാജ്യം ഇംഗ്ലണ്ടിനെപ്പോലെയായിത്തീരുന്നു. ഇവിടത്തെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാകുന്നു. ഗോതമ്പ്, ഓട്സ്, പഞ്ചസാര, ബീററ എന്നിവയാണു പ്രധാന വിളവുകൾ. റോസ് എന്ന സ്ഥലത്തു ഷാംപെൻ ഉണ്ടാക്കിവരുന്നു. ലില്ലി എന്ന സ്ഥലത്തു കൽക്കരി കാണുന്നുണ്ട്. ഈ പ്രദേശത്തു ഇരുമ്പുവ്യവസായം നടക്കുന്നു. റൂബേ, വലൻസിനീസ്സ എന്നീ സ്ഥലങ്ങളിൽ പരുത്തിവ്യവസായമുണ്ട്. രാജ്യത്തിന്റെ തലസ്ഥാനമായ പാരീസ്സ ഇവിടെയാണ്. സെർബ്ബൂർഗ്, ഹാവേർ എന്നിവ തുറമുഖങ്ങളാണ്.

തെക്കുപടിഞ്ഞാറുഭാഗം കുറച്ചധികം ചൂടുള്ള പ്രദേശമാണ്. ഇവിടെയാണ് വീഞ്ഞു അധികമായുണ്ടാകുന്നത്. ബോർഡോ എന്ന പട്ടണത്തിലാണ് വീഞ്ഞു അധികമായുണ്ടാകുന്നത്. ഈ പ്രദേശത്തു ഗോതമ്പും, മൈസും സുലഭമായി കൃഷിചെയ്യുന്നു.

മദ്ധ്യാന്നതതടത്തിലെ മണ്ണു് ഫലപുഷ്ടിയുള്ളതല്ല. ഇവിടെ മഴ സുലഭമാണ്. പ്രധാന വിള റൈ ആണ്.

മദ്ധ്യധരണ്യാഴിതീരത്തു് അവിടേയ്ക്കുന്നയോജ്യമായ കാലാവസ്ഥയാണുള്ളതെന്നു പറഞ്ഞുവല്ലൊ. ഇവിടെ ഓലിവു, വൈൻ, മൽബെറി എന്നിവ വളരുന്നു. ലിയൺസു് എന്ന നഗരം പട്ടുവ്യവസായകേന്ദ്രമാണ്. റോൺതടത്തിലെ പ്രധാന തുറമുഖം മാർസെയിത്സാണ്. ഇവിടെ മെഴുകുതിരി, സോപ്പു, നാനാതരത്തിലുള്ള എണ്ണകൾ എന്നിവ ഉണ്ടാക്കുന്നു. ഈ പട്ടണം ഇന്ത്യയുമായി നല്ല വ്യാപാരം നടത്തുന്നുണ്ടു്. ഇന്ത്യയിൽനിന്നുള്ള എഴുത്തുകളാസകലം ഇവിടെവെച്ചാണ് കപ്പലുകൾളിൽനിന്നു തീവണ്ടികളിൽ കയററുന്നതു്. ഇവിടെ കപ്പലുണ്ടാക്കലും നടക്കുന്നു. മാർസെയിത്സിൻെറ കിഴക്കുഭാഗത്താണു ടൂലൂൺ. ഇതൊരു സൈനികസ്ഥാനമാണ്. ഇററലിക്കടുത്തുള്ള തീരത്തിനു റിവീറയെന്നു പേർ. ഇവിടത്തെ പട്ടണം നൈസാകുന്നു.

ആൽപ്സിൻെറ പടിഞ്ഞാറെ അററം ഫ്രാൻസിലാണ്. മൌണ്ട്സെനിസു ടണലിൽക്കൂടി കടക്കുന്ന തീവണ്ടിപ്പാതമൂലം ഫ്രാൻസു ഇററലിയിലെ ടൂറിനുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു.

കിഴക്കൻ ഫ്രാൻസിൽ ആൽസെസ്സു-ലോറൈൻ എന്ന ഭാഗം ഉൾപ്പെടുന്നു. ലൊറൈനിലെ ഇരിമ്പുഖനികൾ ഇവിടെയാണ്. മൂൾഹൌസു എന്ന സ്ഥലത്തു പരുത്തിവ്യവസായം നടക്കുന്നു. മറെറാരു പട്ടണമാണു നാൻ

സി. സ്ട്രാൻസ്സുബെർഗ്ഗ് എന്ന പട്ടണം റൈൻ തടത്തിലാണ്.

ഫ്രാൻസിന്നും ഐബീരിയയ്ക്കും നടുവിലുള്ള അതിൎത്തിയാണ പിർനീസ്. അതിന്റെ കിഴക്കെ അററത്തേയും പടിഞ്ഞാറെ അററത്തേയും ചുററി തീവണ്ടിപ്പാതകൾ പണിചെയ്യിരിക്കുന്നു. ഫ്രാൻസിന്റെ വടക്കഭാഗം ഇപ്പോൾ ജൎമ്മനിക്കധീനമാണ്.

## അദ്ധ്യായം 28.

### യൂറോപ്പ്.

മദ്ധ്യധരണ്യാഴിരാജ്യങ്ങൾ.

1. ഐബീരിയൻ അൎദ്ധദ്വീപ്.

ഇതൊരു അൎദ്ധദ്വീപാണ്. ഇതിൽ സ്പെയിൻ, പോൎത്തുഗൽ എന്നിങ്ങിനെ 2 രാജ്യങ്ങളുണ്ട്. ഇതിന്ന ഏതാണ്ട ബൎമ്മയുടെ വലിപ്പം കാണും. അതായതു, ഇതിന്റെ വിസ്താരം 2,33,000 ചതുരശ്രനാഴികയാണ്. ഈ അൎദ്ധദ്വീപിന്നും ഫ്രാൻസിന്നും മദ്ധ്യേയാണ പീർനീസ്. ഇതിലധികഭാഗവും ഉന്നതതടമാണ്. ഉന്നതതടത്തിന്ന മെഡേറയെന്ന പേർ. ഇതിൽക്കൂടി അനവധി നദികൾ പ്രവഹിക്കുന്നു. എബ്രൊ എന്ന നദി മദ്ധ്യധരണ്യാഴിയിലേയ്ക്കാണ് ഒഴുകുന്നതു്. മററുള്ള നദികൾ അത്ലാന്തിക്ക് സമുദ്രത്തിലേയ്ക്കൊഴുകുന്നു. അവയിൽ പ്രധാനമായവ

ഡൌറൊ, ടേഗസ്സ്, ഗ്വാഡിയാന, ഗ്വഡാൽകിവർ എ ന്നിവയാണ്. വടക്കുകിഴക്കും വടക്കുപടിഞ്ഞാറും ഭാഗങ്ങ ളിൽ മഴ സുലഭമാണ്. കിഴക്കെത്തീരം വരണ്ടിരിക്കുന്നു.

ഭൂപ്രകൃതിയനുസരിച്ച് സ്പെയിനിനെ 4 ഖണ്ഡങ്ങളാ ക്കിത്തിരിക്കാം. അവ ഉത്തരതീരം, മെഡേററ അഥവാ മ ദ്ധ്യോന്നതതടം, ഗ്വഡാൽകിവർതടം, മദ്ധ്യധരണ്യാഴിതീ രം എന്നിവയാണ്.

മലംപ്രദേശമായ ഉത്തരതീരം കൻടാബ്രിയൻ മല മുതൽ കടൽവരെ നീണ്ടുകിടക്കുന്നു. സ്പെയിനിലെ ഏററ വും ഫലവത്തായ പ്രദേശം ഇതാണ്. താഴ്വരകളിൽ മെയ്സ് വളരുന്നു. കല്ക്കരിയും, ഇരുമ്പും സുലഭമാണ്. വൈഡോമിന്നു ചുററുമാണു കല്ക്കരിഖനികൾ.

സ്പെയിനിൽ അധികഭാഗവും മെസററയാണ്. സീര മൊറീനയാണ് അതിൻെറ തെക്കെ അതിരു. അധികഭാ ഗത്തും കൃഷി നടപ്പില്ല. തലസ്ഥാനമായ മാഡ്രിഡ് ഇ വിടെയാണ്.

തെക്കെ സ്പെയിനിൽ ശീതകാലത്തെ തണുപ്പിൻെറ ബാധയില്ല. മധുരനാരങ്ങ, ചെറുനാരങ്ങ, മുന്തിരിങ്ങ എന്നിവ സുലഭമായുണ്ടാകുന്നു. സീരനെവാഡയിൽനി ന്ന് ഇരിമ്പു കിട്ടിവരുന്നു. ഹ്വാൽവയ്ക്കു സമീപം ചെ മ്പും ഉണ്ട്. സെവിലാണു ഇവിടത്തെ പ്രധാന പട്ടണം. സമുദ്രതീരത്തുനിന്നു 70നാഴിക അകത്താണെങ്കിലും ഈ പട്ടണം രാജ്യത്തെ പ്രധാന തുറമുഖങ്ങളിലൊന്നാണ്. ബ്രിട്ടീഷുകാരുടെ അധീനത്തിലാണു ജിബ്രാൾട്ടർ.

മദ്ധ്യധരണ്യാഴിതീരത്തു മുന്തിരിങ്ങ, മധുരനാരങ്ങ, ഓലിവു, ചെറുനാരങ്ങ എന്നിവ കൃഷിചെയ്യുന്നു. വലൻഷിയാ, കരതജനേ എന്നിവിടങ്ങളിൽനിന്നു പഴങ്ങൾ കയററി അയയക്കുന്നു. ബാർസിലോണയാണു സ്പെയിനിലെ ഏററവും പ്രധാനമായ തുറമുഖവും വ്യവസായകേന്ദ്രവും. എബ്രൊതടം മദ്ധ്യധരണ്യാഴിതീരത്തേയ്ക്കു തുറന്നുകിടക്കുന്നു. സാരഗോസ്സയാണു പ്രധാന നഗരം.

പോത്തുഗൽ എന്ന റിപ്പബ്ലിക്ക പടിഞ്ഞാറെതീരത്തിന്റെ ഒരു വിഭാഗമാണ്. ആഫ്രിക്കയുടെ തീരത്തുനിന്നു വളരെ ദൂരെയുള്ള അസോഴ്സും, മെഡേറയും, ആഫ്രിക്കയുടെ ചില ഭാഗവും റിപ്പബ്ളിക്കിൽ ഉൾപ്പെട്ടും. ഏതാണ്ടു പകുതിഭാഗം കൃഷിക്കു കൊള്ളരുതാത്തതാണ്. ശേഷമുള്ളതു കാടാണു. വടക്കുഭാഗത്താണു മഴയധികം. അവിടെ മൈസു സുലഭമായി വിളയുന്നു. വൈൻ, ഒലിവു, എണ്ണ, ഫിഗ്സ്, ടൊമാറേറാസ്, മധുരനാരങ്ങ, ചെറുനാരങ്ങ എന്നിവ സമൃദ്ധിയായുണ്ടാകുന്നു. സെററുബൽ എന്ന സ്ഥലത്തു സാർഡിൻ എന്ന മത്സ്യത്തെ തകരത്തിലാക്കൽ പ്രധാനമായ ഒരു വ്യവസായമാണ്.

ലിസ്ബനാണ് പ്രധാനനഗരവും ഏററവും വലിയ തുറമുഖവും. ഡോറോവിന്റെ മുഖത്തുള്ള ഒപ്പർടോവിൽനിന്നു പോർട്ടുവൈൻ കയററിഅയയക്കുന്നു.

## 2. ഇററലി.

ആൽപ്സിൽനിന്നു മദ്ധ്യധരണ്യാഴിയിലേക്കു തള്ളിക്കിടക്കുന്ന ഒരു അർദ്ധദ്വീപാണു ഇററലി. രാജ്യത്തിന്റെ നടുവിൽ അപ്പിനൈൻസു എന്ന മലനിര കിടക്കുന്നു.

ഭൂപ്രകൃതിയനുസരിച്ചു ഇററലിയെ മൂന്നു ഭാഗമാക്കാം. അവ (1) വടക്കുള്ള ആൽപ്സിന്റെ ചരിവു; (2) പോ നദീതടം; (3) പെനിൻസുലാർ ഇററലി എന്നിവയാണു്.

പേനിൻസുലാർ ഇററലിയിൽ മദ്ധ്യധരണ്യാഴി കാലാവസ്ഥയാണു്. കന്നുകറ്റം ധാരാളമുണ്ടു്. ഇവിടത്തെ പ്രധാനവിള ഗോതമ്പാണു്. ഇതിൽനിന്നു മാർക്കോണി എന്ന സാധനം ഉണ്ടാക്കിവരുന്നു. ഫിഗ്സ്, മധുനാരങ്ങ, ചെറുനാരങ്ങ, വൈൻ എന്നിവയും കൃഷിചെയ്തു വരുന്നു. ഫ്ളൊറൻസു ഇവിടെയുള്ള ഒരു പുരാതന നഗരമാണു്. പടിഞ്ഞാറെതീരത്തു കൽക്കരി കാണുന്നു. ജനോവ വലിയൊരു തുറമുഖമാണു്. ഇവിടെ ഇരിമ്പു, പരുത്തി എന്നിവകൊണ്ടുള്ള വ്യവസായങ്ങളും കപ്പൽപ്പണിയും നടന്നുവരുന്നു. നേപ്പിൾസിലും പരുത്തിവ്യവസായമുണ്ടു്. റോം ആണു് ഇററലിയുടെ തലസ്ഥാനം. നേപ്പിൾസിനു സമീപമാണു് വെസൂവിയസ്സു എന്ന അഗ്നിപർവ്വതം. സിസിലിദ്വീപിൽ ഫലങ്ങളും പട്ടും സുലഭമാണു്. സിസിലിയുടെ തലസ്ഥാനം പാലർമേ ആണു്. മെസ്സീന എന്ന പട്ടണം 1928_ലെ ഭൂകമ്പത്താൽ നശിച്ചു. സാർഡീനിയ എന്ന ദ്വീപിൽ ധാതുക്കളുണ്ടു്.

പോനദീതടമാണു് ഇററലിയിലെ പ്രധാനഭാഗം. ഇററലിയിലെ ജനങ്ങളിൽ പകുതിഭാഗം ഇവിടെയാണു്. താമസിക്കുന്നതു്. മൈസു, നെല്ലു എന്നിവ സമൃദ്ധിയായി വിളയുന്നു. മൽബെറിയും കൃഷിചെയ്യുന്നുണ്ടു്. മിലാൻ എ

ന്നസ്ഥലത്തു പരുത്തി, പട്ടു, രോമം എന്നിവകൊണ്ടുള്ള വ്യവസായങ്ങൾ നടക്കുന്നു. വെനീസ്സാണു് പ്രധാന തുറമുഖം. അവിടെ കപ്പൽപ്പണി നടക്കുന്നു. ട്രീസ്റ്റി എന്ന തുറമുഖത്തുനിന്നാണു് ഓസ്ത്രിയ, ഹംഗറി, ജൂഗോസ്ലോവിയ എന്നിവിടങ്ങളിലെ സാമാനങ്ങൾ കയററുന്നതു്. മൈതാനത്തിൻെറ തെക്കുഭാഗത്തു ബോലോന എന്നൊരു നഗരമുണ്ടു്.

ആല്പസിൻെറ ചരിവു ചൂടുള്ള ഒരു പ്രദേശമാണു്. ഇവിടെ അനവധി തടാകങ്ങളുണ്ടു്. വൈൻ, ഒലിവു എന്നിവ കൃഷിചെയ്യുവരുന്നു.

തീവണ്ടിപ്പാതകളിൽ അധികഭാഗവും മുൻപറഞ്ഞ പോനദീതടത്തിലാണു്. മലയിടുക്കുകളിൽക്കൂടി വരുന്ന പാതകളുടെ കേന്ദ്രസ്ഥാനമാണു് ട്യൂറിൻ, മിലാൻ എന്നിവ. അപ്പിനൈൻസിനെ കടന്നു രണ്ടുപാതകൾ മാത്രമേ പോകുന്നുള്ളു.

പ്രധാന കയററുമതികൾ പട്ടു്, പട്ടുവസ്ത്രങ്ങൾ, റബ്ബർസാമാനങ്ങൾ, പരുത്തിസ്സാമാനങ്ങൾ എന്നിവയാണു്. പരുത്തി, രോമം, ലോഹങ്ങൾ എന്നിവയാണു് ഇറക്കുമതികൾ.

### 3. ആൽബേനിയ

ഗ്രീസ്സിനും ജൂഗോസ്ലേവിയക്കും മദ്ധ്യേ കിടക്കുന്ന ആൽബേനിയയാണു് യൂറോപ്പിലെ ഏററവും അപരിഷ്കൃതരാജ്യം. അവിടെ റോഡുകളൊ, തീവണ്ടിപ്പാതകളൊ ഇല്ല. ഈ രാജ്യം ഇപ്പോൾ ഇററലി കൈവശപ്പെടുത്തിയിരിക്കുന്നു.

## 4. ഗ്രീസ്സ്

ബാൾക്കൻ അൎദ്ധദ്വീപിന്റെ കിഴക്കെ അററമാണു ഗ്രീസ്സ്. ഭൂപ്രകൃതിയനുസരിച്ച രാജ്യത്തെ 3 ഖണ്ഡങ്ങളാക്കാം. അവ (1) എഡ്രിയാററിക്കകടൽ മുതൽ എജിയൻ കടൽവരെയുള്ള സ്ഥലം, (2) തെക്കഭാഗത്തുള്ള അൎദ്ധദ്വീപ്, (3) ദ്വീപുസമൂഹം എന്നിവയാണ്.

മലകൾ വളരെയധികം ഉള്ളതുകൊണ്ടു അഞ്ചിലൊരു ഭാഗത്തു മാത്രമേ കൃഷി നടക്കുന്നുള്ളു. മഴ ദുർല്ലഭമാണ്. ഗോതമ്പു, യവം, മൈസു, ഫലങ്ങൾ എന്നിവയാണു പ്രധാന വിളവുകൾ. ഫിഗ്സ്, മധുരനാരങ്ങ, ചെറുനാരങ്ങ എന്നിവയും കൃഷിചെയ്തുവരുന്നു. പുകയില മറെറാരു വിളവാണ്. ആടുകൾ സുലഭമാകയാൽ രോമം കിട്ടുന്നു.

ഏതൻസാണു തലസ്ഥാനം. സലോണിക്ക പ്രധാനമായ ഒരു തുറമുഖമാണ്. പിരിയസ്സ എന്ന സ്ഥലത്തു നല്ലൊരു നൌകാശയമുണ്ട്. പത്രാസു എന്ന സ്ഥലത്തു നിന്നാണു ഗ്രീസ്സിലെ പ്രധാന കയററുമതിയായ കറൻട്സ് കയററിഅയക്കുന്നതു്. ക്രീട്ടിലെ പ്രധാന പട്ടണം കാൻഡിയയാണ്.

## 5. തുൎക്കി

കോൺസ്റ്റാൻററിനോപ്പിലിനു ചുററുമുള്ള ചെറിയൊരു പ്രദേശം മാത്രമേ ഇന്നു തുൎക്കിയിൽ ഉൾപ്പെട്ടുന്നുള്ളു.

# അദ്ധ്യായം 29.

## യൂറോപ്പ്.

### മദ്ധ്യയൂറോപ്പുരാജ്യങ്ങൾ.

### 1. സ്വിററ്സർലണ്ട്.

മലകളുടെ നടുവിലുള്ള ഒരു റിപ്പബ്ളിക്കാണ്. ഇതിന്റെ 16,000 ചതുരശ്ര നാഴികയാണ വിസ്താരം.

വടക്കഭാഗത്തുള്ള ജൂറമലകളും തെക്കഭാഗത്തു ആൽപ്പസ്സും കിടക്കുന്നു. അവയുടെ നടുവിലുള്ള പ്രദേശം ഒരു ഉന്നതതടമാണ്.

ഉന്നതതടത്തിലാണ കൃഷി നടക്കുന്നത്. ആടുമാടുകളെ വളത്തുകയാണ ജനങ്ങളുടെ പ്രധാന തൊഴിൽ. ഈ രാജ്യത്തു കൽക്കരിയില്ല. തീവണ്ടി ഓടുന്നതും യന്ത്രശാലകളിൽ പണി നടന്നുവരുന്നതും വിദ്യുച്ഛക്തിയുടെ സഹായംകൊണ്ടാണ്. ന്യൂഷേററൽ, ജെനീവ എന്നീ സ്ഥലങ്ങളിൽ ക്ലോക്കുകളും വാച്ചുകളും ഉണ്ടാക്കിവരുന്നു. സൂറിഷു, ബേസൽ, ബെൻ എന്നീ സ്ഥലങ്ങളിൽ പട്ടുവ്യവസായം നടക്കുന്നു. ജെനീവയാണ സർവ്വരാജ്യസംഘത്തിന്റെ തലസ്ഥാനം. സിംപ്ലൻ, സെൻറഗോതാർഡു എന്നിവ രണ്ടു തുരങ്കങ്ങളാണ്. അവയിൽക്കൂടി തീവണ്ടിപ്പാതകൾ പോകുന്നു.

## 2. ഹംഗറി.

44,851 ച. നാഴിക വിസ്താരമുണ്ട്. ഒരുകോടി ജനമുണ്ടു. ഈ രാജ്യം മിക്കവാറും ഒരു മൈതാനമാണ്. ഡാന്യൂബുനദി നടുവിൽകൂടി ഒഴുകുന്നു. നാലുഭാഗത്തും മലകളുണ്ട്. വടക്കുപടിഞ്ഞാറുഭാഗത്തു അസാരം കൽക്കരി കണ്ടുവരുന്നു. ഇരിമ്പു മുതലായ ലോഹങ്ങൾ കാണുന്നില്ല.

ജനങ്ങളെ മാഗിയേഴ്സ് എന്നു വിളിക്കുന്നു. അവരുടെ പ്രധാനതൊഴിൽ കൃഷിയാണ്. റൈ, ഓട്സ്, യവം എന്നിവയാണു വടക്കുഭാഗത്തെ വിളവുകൾ. തെക്കുഭാഗത്തു ഗോതമ്പ്, മൈസു, പഞ്ചസാര, ബീററു എന്നിവ കൃഷിചെയ്യുന്നു.

ബുഡാപ്പെസ്റ്റാണു പ്രധാന നഗരം. അതു ഡാന്യൂബിന്റെ ഇരുകരകളിലുമായി സ്ഥിതി ചെയ്യുന്നു. തീവണ്ടിപ്പാതകളുടെ സങ്കേതസ്ഥാനമാണു ആ നഗരം.

## 3. സ്ലവോക്കിയാ.

ഈ രാജ്യത്തിന്നു ഇപ്പോൾ 14,765 ചതുരശ്ര നാഴിക വിസ്താരമുണ്ടു. ഇവിടെ 24,60,100 ജനം നിവസിക്കുന്നു.

## 4. യൂഗോസ്ലേവിയാ.

പഴയകാലത്തെ സെർബിയ, മോണ്ടിനീഗ്രോ എന്നീ രാജ്യങ്ങളും ഏഡ്രിയാററിക്കുകടലിന്റെ തീരത്തുള്ള കുറെ പ്രദേശവും കൂടിയതാണ് ഈ രാജ്യം. ഇതിന് ഇന്ത്യയിലെ മദ്ധ്യസംസ്ഥാനത്തിന്റെ വലിപ്പം കാണും.

ഏഡ്രിയാററിക്ക കടലിൻെറ തീരം; വടക്കൻമൈതാനം; തെക്കൻ മലംപ്രദേശം എന്നിങ്ങിനെ 3 വിഭാഗങ്ങളുണ്ട്.

ഏഡ്രിയാററിക്ക തീരത്തിനു ഡിനാറിക്കപ്രദേശം എന്നും പേരുണ്ട്. നിലത്തിൻെറ അന്തർഭാഗത്തുക്കൂടിയാണ് നദികൾ പ്രവഹിക്കുന്നത്. അതുകൊണ്ടു ഉപരിഭാഗം കൃഷിക്കു നന്നല്ല. മലനിരകൾ സമുദ്രതീരത്തിനു സമാനരേഖയായി കിടക്കുന്നു. സമുദ്രതീരം സാമാന്യം നീണ്ടതാണെങ്കിലും ആ നീളംകൊണ്ടു പ്രയോജനമില്ല. ആൽപ്പ്സിന്നടുത്തു ധാതുക്കളുണ്ട്.

വടക്കൻ മൈതാനം വളരെ ഉഷ്ണമുള്ള ഒരു പ്രദേശമാണ്. ഗോതമ്പു, മൈസു, പുകയില, കരിമ്പു എന്നിവ വളരുന്നു.

തെക്കഭാഗത്തിൻെറ തെക്കേ അററമാണ് ഏററവും ഉയരമേറിയത്. ഇതിൻെറ ചരിവുംവടക്കോട്ടാണ്. മലകളിൽ വനങ്ങളും മേച്ചിൽസ്ഥലങ്ങളും സുലഭമായുണ്ട്. ഇരിമ്പ്, ഈയം എന്നീ ലോഹങ്ങൾ കണ്ടുവരുന്നു. പുകയില, ചണ എന്നിവ കൃഷി ചെയ്യുന്നു.

ബെൽഗ്രേഡാണു തലസ്ഥാനം. സലോണിക്കയിലേയ്ക്കുള്ള വഴിയിലാണു നില്പ്.

തുറമുഖങ്ങളില്ലാത്തതിനാൽ വ്യാപാരം നടക്കുന്നത് അധികമായും ഇററലി, ഗ്രീസു എന്നിവിടങ്ങളിലെ തുറമുഖങ്ങൾ വഴിക്കാണ്. ഇററലിയിലെ ട്രീസ്ററി, ഗ്രീസിലെ സലോണിക്ക എന്നിവയാണ് ഈ തുറമുഖങ്ങൾ.

5. രമേനിയാ.

രമേനിയയ്ക്കു് ഇപ്പോഴത്തെ ബോംബെ സംസ്ഥാനത്തിൻെറ ഒന്നര ഇരട്ടി വലിപ്പമുണ്ടു്. കാർപേതിയൻ മലകൾ, ട്രാൻസിൽവേലിയൻ ആൽപ്പസ് എന്നിവ രാജ്യത്തെ രണ്ടു സമാരല്ഖണ്ഡങ്ങളാക്കി വിഭജിക്കുന്നു. മലകളുടെ തെക്കുകിഴക്കാണു വാച്ചാലിയൻ മൈതാനം. അതു ഡാന്യൂബുനദിയുടെ തടമാണു്. ടാൻസിൽവേലിയ, ബാനററ എന്നിവിടങ്ങളിൽ മലകളും താഴ്വരകളും കാണാം.

വാച്ചാലിയൻ മൈതാനത്തിൽ വേനല്ക്കാലത്തു ചൂടും, ശീതകാലത്തു തണുപ്പുമാണു്. മഴ ദുർല്ലഭമാണു്. ഉള്ളതു വേനല്ക്കാലത്തിൻെറ തുടക്കത്തിൻ പെയ്യുന്നു. ആ മൈതാനം യൂറോപ്പിലെ സ്റ്റെപ്പികളുടെ ഒരു വിഭാഗമാണു്. ഗോതമ്പു സമൃദ്ധിയായി വിളയുന്നു. തലസ്ഥാനമായ ബ്യുക്കാറസ്ററു് ഇവിടെയാണു്. ഗാലസ്സ, ബ്രെല എന്നീ തുറമുഖങ്ങൾ ഡാന്യൂബുനദിയിന്മേൽ സ്ഥിതിചെയ്യുന്നു. കരിങ്കടലിൻെറ തീരത്തു സ്ഥിതിചെയ്യുന്ന കോൺസ്റ്റൻററയാണു തുറമുഖം. ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണു്.

മലകളിൽ 5,000 അടി ഉയരംവരെ കാടുകളുണ്ടു്. കാടുകൾക്കു മീതെ നല്ല മേച്ചിൽസ്ഥലങ്ങളും കാണാം, പ്ലോവസ്റ്റിക്കു സമീപം മണ്ണെണ്ണക്കുഴികളുമുണ്ടു്.

ട്രാൻസിൽവേനിയയിലും ബാനററിലും സ്വർണ്ണം, വെള്ളി, ചെമ്പു, ഇരിമ്പു, ഈയം, കല്ക്കരി എന്നീ ലോഹങ്ങൾ കണ്ടുവരുന്നു. മൈസാണു പ്രധാന വിള.

ഗോതമ്പ്, മൈസ്, മരം, മണ്ണെണ്ണ, കാലികൾ എന്നിവയാണ പ്രധാന കയററുമതികൾ. പരുത്തി, രോമം എന്നിവകൊണ്ടുള്ള സാമാനങ്ങളാണ ഇറക്കുമതികൾ.

6. ബൾഗേറിയ.

ഗ്രീസ്സിൻെറ വടക്കു ഭാഗത്തുകിടക്കുന്നു. ഇതിനെ 3 ഖണ്ഡങ്ങളാക്കാം. അവ ഡാന്യൂബുതടം, ബാൾക്കൻ മലകൾ, മാറിട്സൻതടം എന്നിവയാണ്.

ശീതകാലത്തെ തണുപ്പു അസഹ്യമാണ്.

കൃഷിയാണ ജനങ്ങളുടെ മുഖ്യതൊഴിൽ. ആടുമേയ്ക്കല്വം നടന്നുവരുന്നു. ഗോതമ്പും മൈസുമാണ പ്രധാന വിളവുകൾ. കരിമ്പു, പുകയില, ബീററു എന്നിവയും കൃഷി ചെയ്യുന്നു. മാററ്സ തടത്തിൽ അത്തർ ഉണ്ടാക്കുന്നു.

സോഫിയയാണ തലസ്ഥാനം. യൂറോപ്പിൽ നിന്നു എഷ്യാമൈനറിലേക്കു പോകുന്ന ഓറിയൻററു എക്സ്പ്രസ്സിന്മേലാണിതു്. ഫിലിപ്പോപൊലിസ്സു എന്ന സ്ഥലത്തു പട്ടുപുഴുവിനെ വളത്തുന്നു.

---

# അദ്ധ്യായം 30.

## യൂറോപ്പു.

റഷ്യാ—അഥവാ—സോവിയററു യൂണിയൻ.

1914-ൽ തുടങ്ങിയ മഹാഘോരസമരത്തിനു മുമ്പു റഷ്യയായിരുന്നു യൂറോപ്പിലെ ഏററവും വലിയ രാജ്യം.

ലോകസാമ്രാജ്യങ്ങളിൽ അതു രണ്ടാമത്തേതായിരുന്നു. യുദ്ധത്തിനു ശേഷം റഷ്യയുടെ വലിയൊരുഭാഗം സ്വതന്ത്രരാജ്യങ്ങളായി പിരിഞ്ഞു. അവ വീണ്ടും റഷ്യയിൽ ലയിച്ചിരിക്കുന്നു. ഇപ്പോഴുള്ള രാജ്യങ്ങൾക്കു യൂണിയൻ ഓഫ് സോവിയററ സോഷ്യൽ റിപ്പബ്ളിക്ക്സ് എന്നുപേർ. ഈ സംഘത്തിൽ വലിയൊരു രാജ്യവും അനവധി ചെറു രാജ്യങ്ങളുമുണ്ട്. പോളണ്ടിൻെറ കിഴക്കുഭാഗം റഷ്യക്കധീനമാണ്.

ഇതു മററു റിപ്പബ്ളിക്കുകളെപ്പോലെയല്ല. രാജ്യത്തുള്ള കാട്ടു, കന്നുകാലി, ധാതുക്കൾ, ഖനികൾ, തീവണ്ടിപ്പാതകൾ, യന്ത്രശാലകൾ എന്നിവയെല്ലാം രാജ്യത്തിൻെറ സ്വത്താണ്. രാജ്യഭരണം നടത്തുന്നതു ഒരു സഭ (സോവിയററ)ആണ്. അതിലെ അംഗങ്ങളെ ജനങ്ങൾ തിരഞ്ഞെടുക്കുന്നു. ഒരു സഭാനാഥനുമുണ്ട്.

രാജ്യമാസകലം പരന്ന ഒരു പ്രദേശമാണ്. ഏഷ്യയിൽ നിന്നു ഈ രാജ്യത്തെ വേർതിരിക്കുന്നതു യൂറൽ മലകളാണ്. തെക്കുകിഴക്കെ അററത്തു കോക്കസസ്സ്മല കിടക്കുന്നു. ശേഷമുള്ള ഭാഗം ഒരു മൈതാനമാണ്. ഏററവും വലിയ നദി വോൾഗയാണ്. റഷ്യയുടെ പകുതിഭാഗവും വോൾഗയുടെ തടമാണ്. വടക്കൻഡ്വീന ആർട്ടിക്കു സമുദ്രത്തിലേക്കും വെസ്റ്റേൻഡ്വീന ബാൾട്ടിക്കു കടലിലേക്കും; നീസ്റ്റർ, ഡ്നീപ്പർ; ഡോൺ എന്നിവ കരിങ്കടലിലേക്കും ഒഴുകുന്നു.

കാലാവസ്ഥ മിതമല്ല. ശീതോഷ്ണത്തിൽ അത്യധികമായ വ്യത്യാസം കാണുന്നു.

ഭൂപ്രകൃതിയും സസ്യാദികളും അനുസരിച്ചു രാജ്യത്തെ ഏഴു സ്വാഭാവിക ഖണ്ഡങ്ങളാക്കാം. അവ:—

(1) വടക്കുള്ള ട്രൺഡ്രകൾ; (2) കോണിഫറസ്സ് ഫോറസ്റ്റബെൽററ—വനം; (3) ഡെസിഡ്യുവസ്സവനം; (4) സ്റ്റെപ്പികൾ; (5) മരുഭൂമി; (6) യൂറൽതടം; (7) കോക്കസസ്സ് തടം എന്നിവയാണ്.

ട്രൺഡ്രകൾ.

ആർട്ടിക്ക തീരത്തുള്ള ഈ പ്രദേശം തീരെ ഉപയോഗമില്ലാത്തതാണ്. ഇവിടത്തെ ജനങ്ങളെ ലാപ്സ് എന്നും സാമുവോയഡ്സ് എന്നും പറയുന്നു. അവർ നാടു ചുററിനടക്കുന്നവരാണ്. മൂർമൻസക്ക് എന്ന പ്രദേശം ഇയ്യിടെയായി ലെനിൻഗ്രാൻഡിനോടു തീവണ്ടിപ്പാതമൂലം ബന്ധിതമായിരിക്കുന്നു. ഇവിടെ മഞ്ഞു കാണുന്നില്ല.

കോണിഫറസ്സവനപ്രദേശം.

ഈ പ്രദേശത്തിന്റെ പടിഞ്ഞാറഭാഗത്തുള്ള ലഡോഗ, ഒമീഗ എന്നീ തടാകങ്ങളുടെ ചുററം ചണ കൃഷിചെയ്തുവരുന്നു. ഇതിന്റെ തെക്കുപടിഞ്ഞാറാണു ലെനിൻഗ്രാഡ്. ഈ പട്ടണത്തിന് ആദ്യകാലത്തെ പേർ സെൻറപീറേറഴ്സ ബർഗ്ഗ് എന്നായിരുന്നു. പിന്നെ ഇതിന്റെ പേർ പ്രെട്രോഗാഡെന്നായി. ഈ പട്ടണത്തിലേയ്ക്കു യൂറോപ്പിലെ വടക്കുപടിഞ്ഞാറൻ വ്യവസായരാജ്യങ്ങളിൽനിന്ന് എളുപ്പം പ്രവേശിക്കാം. ഈ പട്ടണത്തെ കോൺസ്റ്റാഡ് എന്ന കോട്ട രക്ഷിക്കുന്നു. ഫിൻലണ്ടു, എസ്റ്റോണിയാ എന്നീ റിപ്പബ്ളിക്കുകളാണ് ഈ

നഗരത്തിലേയ്ക്കുള്ള പ്രവേശനത്തെ നിയന്ത്രിക്കുന്നതു്. വൈററസീ (വെള്ളക്കടൽ) യിന്മേലുള്ള ആർച്ചൻഞ്ചെൽ കൊല്ലത്തിൽ അഞ്ചാറു മാസക്കാലം മഞ്ഞുമൂടിക്കിടക്കുന്നു.

### ഡെസിഡുവസ്സ്‌വനപ്രദേശം

റഷ്യയുടെ നടുവിലാണ് ഈ പ്രദേശം. ഇപ്പോൾ കാടുവെട്ടിത്തെളിയിച്ച് ഇവിടെ കൃഷിചെയ്തുവരുന്നു. ചണ, റൈ, ഓട്സ്, ഉരുളക്കിഴങ്ങു എന്നിവയാണു മുഖ്യ വിളവുകൾ. ഈ പ്രദേശത്തിന്റെ നടുവിലാണു മോസ്കോ. ഇതാണ് ഇപ്പോൾ റഷ്യയുടെ തലസ്ഥാനം. മോസ്കോവിൽ അനവധി തീവണ്ടിപ്പാതകൾ കേന്ദ്രിക്കുന്നു. ഈ നഗരം ഇന്നൊരു തുറമുഖമാണ്. മോസ്ക്കോവോൾഗാതോടു കുത്തിയപ്പോഴാണ് ഇതു തുറമുഖമായതു്. ഇന്നു ഈ നഗരം വൈററ്കടൽ, ബാൾട്ടിക്കുകടൽ, കാസ്പിയൻകടൽ അസോവകടൽ, കരിങ്കടൽ എന്നിവയായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇവിടെ കൽക്കരി,ധാന്യം, ധാതുക്കൾ, തടി, മത്സ്യം എന്നിവ വന്നുചേരുന്നു. മോസ്കോർഡോൺ തോടു കുത്തുവാൻ ആലോചനയുണ്ടു്. നഗരത്തിന്റെ തെക്കുഭാഗത്തു ഒരു കല്ക്കരിഖനിയുണ്ടു്. അതുകൊണ്ടു് ഇവിടെ പരുത്തി, രോമം എന്നിവകൊണ്ടുള്ള വ്യവസായങ്ങൾ നടന്നുവരുന്നു.

### സ്റ്റെപ്പീസ്സ്.

തെക്കുപടിഞ്ഞാറൻ റഷ്യയിലാണ്. ഇവിടത്തെ മണ്ണു കറുത്തിരിക്കുന്നു. ഈ മണ്ണു ഗോതമ്പുകൃഷിക്കു ഏററ

വ്യം യോജിച്ചതാണ്. ഇവിടെനിന്നു ഗോതമ്പു കരിങ്കടലിന്മേലുള്ള ഒഡേസ്സയിലേക്ക അയച്ചു അവിടെനിന്നു കയററി അയക്കുന്നു. റൈ, യവം, മൈസ്സ, കരിമ്പു, ബീററു എന്നിവയും കൃഷിചെയ്യുന്നു. ഈ പ്രദേശത്തിൻെറ നടുവിലാണു ഡോൺടെസ്സ കല്ക്കരിഖനികൾ. അടുത്തു ഇരിമ്പും, മാൻഗനീസ്സും കണ്ടുവരുന്നു. കീവ, കാർക്കോവ എന്നിവയാണു പ്രധാന സ്ഥലങ്ങൾ.

### മരുഭൂമി.

കാസ്പിയൻ കടലിന്നു ചുററും കിടക്കുന്നു. സ്റ്റെപ്പികളുടെ തുടൎച്ചയാണെന്നു പറയാം.

### യൂറൽതടം.

ധാതുക്കൾ സുലഭമാണ്. വേം എന്ന സ്ഥലത്തിന്നരികെ പ്ലാററിനം, സ്വൎണ്ണം, ചെമ്പു, ഇരിമ്പു എന്നിവ ലഭിച്ചുവരുന്നു.

### കോക്കസസ്സതടം.

ധാതുക്കൾ സുലഭമാണ്. ബാക്കുവിന്നു ചുററുമുള്ള എണ്ണക്കുഴികൾ പ്രസിദ്ധമായവയാണ്. റഷ്യയിൽ ഇന്ത്യയിലുണ്ടാകുന്നതിൻെറ 6 ഇരട്ടി മണ്ണെണ്ണയുണ്ടാകുന്നു.

താഴെ കാണുന്ന പട്ടിക നോക്കി യൂറോപ്പിലെ രാജ്യങ്ങളിലെ ജനത്തിരക്ക എത്രയെന്നു പഠിക്കുക.

| രാജ്യം. | ചതുരശ്രനാഴികയ്ക്കു ജനം. |
|---|---|
| (1) ബെൽജിയം | 686 |
| (2) ഇംഗ്ലണ്ടു | 685 |
| (3) ഇററലി | 345 |

| | | |
|---|---|---|
| (4) | ജമ്മനി | 214 |
| (5) | ഡെൻമാക്ക് | 195 |
| (6) | ഫ്രാൻസ | 159 |

ഇന്ത്യയിൽ ഈ നിരക്ക 191 ആണെന്നും കൊച്ചിയിൽ ഇതു് 961 ആണെന്നും കൂടി ധരിക്കുക.

# അദ്ധ്യായം 31.

## ബ്രിട്ടീഷ്ദ്വീപുകൾ.

### സ്ഥാനം, വലിപ്പം, എന്നിവ.

യൂറോപ്പു ഭൂഖണ്ഡത്തിന്റെ പടിഞ്ഞാറു ഭാഗത്തു സ്ഥിതിചെയ്യുന്ന രണ്ടു വലിയ ദ്വീപുകളും ഉദ്ദേശം 5,000 ചെറിയ ദ്വീപുകളും കൂടിയതിനെയാണു ബ്രിട്ടീഷു ദ്വീപുകൾ എന്നു പറയുന്നതു്. ഗ്രെറു ബ്രിട്ടൻ, അയർലണ്ടു എന്നിവയാണു രണ്ടു വലിയ ദ്വീപുകൾ. ചെറിയ ദ്വീപുകൾ ഓർക്കനി, ഷെറവലണ്ടു്, ഹെബ്രിഡീസു, മാൻ, സില്ലി, വൈററ്, ചാനൽ ദ്വീപുകൾ മുതലായവയാണ്.

മദ്ധ്യരേഖയിൽനിന്നു 50 ഡിഗ്രിയും 60 ഡിഗ്രിയും വടക്കുള്ള അക്ഷരേഖകൾക്കുള്ളിലാണ് ഇവയുടെ കിടപ്പ്. ഗ്രീനിച്ച എന്ന സ്ഥലത്തുനിന്നാണു അക്ഷരേഖകൾ തുടങ്ങുന്നതു്. (ഇവയെല്ലാം സങ്കല്പിത രേഖകളാണെന്നു പറയേണ്ടതില്ലല്ലൊ.) ഗ്രീനിച്ച ഇംഗ്ലണ്ടിന്റെ തലസ്ഥാ

നമായ ലണ്ടന്റെ ഒരു വിഭാഗമാണ്. ലണ്ടൻ ഇംഗ്ലണ്ടിന്റെ തെക്കുകിഴക്കു ഭാഗത്താകുന്നു. ഗ്രീനിച്ചിൽനിന്നു 10 ഡിഗ്രി പടിഞ്ഞാറുള്ള അക്ഷാംശ രേഖകൾ വരെ ഈ ദ്വീപുകൾ നീണ്ടുകിടക്കുന്നു. നന്ന കുറച്ചു ഭാഗം മാത്രമേ ഗ്രീനിച്ചിന്റെ കിഴക്കുള്ളു.

ഭൂമിയുടെ ഉത്തരാൎദ്ധഗോളത്തിലാണു കരയധികം. ഈ ദ്വീപുകൾ കരഭാഗത്തിന്റെ നടുക്കാണെന്നു പറയാം. അത്ലാന്തിക സമുദ്രത്തിലാണു ഈ ദ്വീപുകൾ. യൂറോപ്പിൽനിന്നും വളരെ അകലേയുമല്ല. സ്ഥാനത്തിൽ ഈ ദ്വീപുസമൂഹത്തെ ഏഷ്യയിലെ ജാപ്പാൻ ദ്വീപുസമൂഹത്തോടു ഉപമിക്കാം. രണ്ടു ദ്വീപുസമൂഹങ്ങളും ഉത്തര ശീതോഷ്ണമേഖലയിലാണു കിടപ്പ്. രണ്ടിന്റേയും തീരത്തുകൂടി ഒരു ഉഷ്ണജല പ്രവാഹമുണ്ട്. ബ്രിട്ടന്റെ തലസ്ഥാനം യൂറോപ്പിന്റെ പടിഞ്ഞാറുഭാഗത്താണെങ്കിൽ, ജപ്പാനിന്റെ സ്ഥാനം ഏഷ്യയുടെ കിഴക്കുഭാഗത്താണ്. രണ്ടു സംഘങ്ങളിൽനിന്നും അമേരിക്കയിലേക്കുള്ള ദൂരം ശരിയാണ് (തുല്യമാണ്). രണ്ടു സംഘങ്ങളും പ്രബലങ്ങളായ നാവികശക്തികളാണ്.

ബ്രിട്ടീഷു ദ്വീപുകൾ 1,21,000 ചതുരശ്രനാഴിക വിസ്താരമുണ്ട്. ബ്രിട്ടീഷു സാമ്രാജ്യത്തിന്റെ —കൊമൺവെൽത്തിന്റെ— വിസ്താരം 1,21,00,000 ചതുരശ്രനാഴികയാണ്. അതായതു കോമൺ വെൽത്തിനു ബ്രിട്ടീഷു ദ്വീപുകളുടെ 100 ഇരട്ടി വിസ്താരമുണ്ട്. [സകല ഖണ്ഡങ്ങളിലും ബ്രിട്ടനു രാജ്യങ്ങളുണ്ട്. താഴെ കാണുന്ന വിവരം

നോക്കുക:—] ഇന്ത്യയുടെ വിസ്താരം 15 ലക്ഷം ച. നാഴികയാണ്. ബ്രിട്ടീഷു ദ്വീപുകളുടെ 12 ഇരട്ടിയാണ് ഇന്ത്യയെന്നു പറയാം.

യൂറോപ്പ്.

ജിബ്രാൾട്ടർ, മാൾട്ട, ഗോസോ എന്നീ പ്രദേശങ്ങൾ.

ഏഷ്യ.

[ഇന്ത്യ, ബമ്മ, സിലോൺ, ഹോംഗ്കോംഗ്, സ്ട്രെട്ട്സ് സെററിൽ മൻഡ്സ്, മെസപ്പൊറേറാമിയാ, പാലസ്റ്റൈൻ.

ആഫ്രിക്ക.

ദക്ഷിണാഫ്രിക്ക, പശ്ചിമാഫ്രിക്ക, ഈസ്റ്റാഫ്രിക്ക, മദ്ധ്യാഫ്രിക്ക.

ഓസ്ട്രേലേഷ്യ

ഓസ്ട്രേലിയ, ന്യൂസീലണ്ട്.

അമേരിക്ക.

കനഡ, ന്യൂഫൌണ്ടലണ്ട്, ബർമുഡാസു, വെസ്റ്റ് ഇൻഡീസു, ബ്രിട്ടീഷ് ഗയാന.

ഏഷ്യയിലെ രാജ്യങ്ങൾക്കു ബ്രിട്ടീഷു ദ്വീപുകളുടെ 16 ഇരട്ടിയും; ആഫ്രിക്കയിലെ രാജ്യങ്ങൾക്കു 22 ഇരട്ടിയും; ഓസ്ട്രേലേഷ്യയിലെ രാജ്യങ്ങൾക്കു 27 ഇരട്ടിയും; അമേരിക്കയിലെ രാജ്യങ്ങൾക്കു 35 ഇരട്ടിയും വലിപ്പമുണ്ട്.]

# അദ്ധ്യായം 32.

## ബ്രിട്ടീഷ് ദ്വീപുകൾ.

### കടൽത്തീരം.

ഈ ദ്വീപുകളുടെ കടൽത്തീരത്തു അനവധി വിടവുകളുണ്ട്. അതുകൊണ്ടു രാജ്യത്തിൻെറ ഏതൊരു ഭാഗവും കടൽത്തീരത്തുനിന്നു 70 നാഴികയിലധികം ദൂരത്തല്ല. നൌകാശയങ്ങളും തുറമുഖങ്ങളും സുലഭമാണ്.

ഇങ്ങിനെ വിടവുകളുള്ളതുകൊണ്ടു ഒരു ഫലം സിദ്ധമാകുന്നു. പൂർവ്വതീരത്തുള്ള ചില സ്ഥലങ്ങൾ പടിഞ്ഞാറ തീരത്തുള്ളവയേക്കാളധികം പടിഞ്ഞാറ കിടക്കുന്നു. പൂർവ്വതീരത്തുള്ള എഡിൻബറൊ പശ്ചിമതീരത്തുള്ള ലിവർപൂളിനേക്കാളും ബ്രിസ്റ്റലിനേക്കാളും പടിഞ്ഞാറാണ്.

വിടവുകൾ കുറഞ്ഞിരിക്കുന്നതു പൂർവ്വതീരത്താണ്. അവിടത്തെ പ്രധാന വിടവുകൾ തംസ്നദീമുഖം, ദി വാഷ്, ഫിർത്ത് ഓഫ് ഫോർത്ത്, മൊറൈ ഫിർത്ത് എന്നിവയാണ്.

തെക്കെ തീരത്തും വിടവുകൾ കുറവാണ്. എങ്കിലും അവിടെ നല്ല തുറമുഖങ്ങളുണ്ട്.

ഗ്രെറ്റ്ബ്രിട്ടൻെറ പശ്ചിമതീരത്തും അയർലണ്ടിൻെറ പശ്ചിമതീരത്തുമാണു വിടവുകളധികം.

ബ്രിസ്റ്റൽചാനൽ, കാർഡിഗാൻബെ, ഐറിഷു കടൽ, സോൽവെഫിർത്തു, ക്ലൈഡുഫിർത്തു എന്നിവയാണ് പ്രധാനതുറകൾ.

അയർലണ്ടിൻെറ പശ്ചിമതീരത്തു ഡോനിഗൽബെ, ഗാൽവെബെ എന്നിവ സ്ഥിതിചെയ്യുന്നു.

ഗ്രെറബ്രിട്ടൻെറ തെക്കുപടിഞ്ഞാറെ തീരവും വടക്കുപടിഞ്ഞാറെ തീരവും അയർലണ്ടിൻെറ പടിഞ്ഞാറെ തീരവും അത്‍ലാന്തിക്ക് സമുദ്രക്കരകളാണ്.

ഐറിഷുകടൽ ഗ്രെറബ്രിട്ടനും അയർലണ്ടിനും നടുവിൽ കിടക്കുന്നു.

20 ചതുരശ്രനാഴിക വിസ്താരമുള്ള സ്ഥലത്തിനു ഏറക്കുറെ ഒരു നാഴിക നീളമുള്ള കടൽത്തീരമുണ്ട്.

കടൽത്തീരത്തിനടുത്തുള്ള ദ്വീപുകൾ സുലഭമാണ്. ഹെബ്രിഡീസുദ്വീപുകൾ സ്കോട്ടലണ്ടിൻെറ പടിഞ്ഞാറെ തീരത്തുനിന്നു വളരെ ദൂരയായി കിടക്കുന്നു. ഷെട്ട്ലണ്ട്, ഓർക്കനി എന്നീ ദ്വീപുകൾ സ്കോട്ടലണ്ടിൻെറ വടക്കുകിഴക്കേതീരത്തുനിന്നു വളരെ അകലെയാണ്. ഐറിഷുകടലിലുള്ള മാൻ എന്ന ദ്വീപു ഇംഗ്ലണ്ട്, സ്കോട്ട്ലണ്ട് എന്നീ രാജ്യങ്ങളിൽനിന്നു തുല്യദൂരത്താണ്. വെയിത്സിൻെറ വടക്കുപടിഞ്ഞാറെ തീരത്തിനടുത്താണു ആങ്കിൾസീ. വൈററ ദ്വീപു ഇംഗ്ലണ്ടിൻെറ തെക്കേതീരത്തുനിന്നു കുറെ അകലെയായി സ്ഥിതി ചെയ്യുന്നു.

# അദ്ധ്യായം 33.

## ബ്രിട്ടീഷുദ്വീപുകൾ.

### ഭൂപ്രകൃതിയും നദികളും.

ഭൂപ്രകൃതിയനുസരിച്ചു സ്കോട്ടുലണ്ടിനെ ഹൈലണ്ട്സ്—വടക്കൻ ഉന്നതതടം; മദ്ധ്യമൈതാനം; തെക്കൻ ഉന്നതതടം എന്നിങ്ങിനെ വിഭാഗിക്കാം.

### വടക്കൻ ഉന്നതതടം.

പഴയ പാറകൾകൊണ്ടു നിമ്മിതമാണ്. ഉപരിഭാഗം നിമ്നോന്നതമായിരിക്കുന്നു. പടിഞ്ഞാറെ തീരത്തു അനവധി തുറകളുമുണ്ട്. ഇവിടെയുള്ള സ്പെ, ഡീ, ടെ എന്നീ നദികൾ വളരെ വേഗം ഒഴുകുന്നു. ഇവിടെ അനവധി തടാകങ്ങളുണ്ട്. 4,400 അടി ഉയരമുള്ള ബെൻനെവിസ്സാണു ബ്രിട്ടീഷുദ്വീപുകളിലെ ഏററവും ഉയന്ന ശിഖരം. ഇവിടെ ജനത്തിരക്കു നന്ന കുറവാണ്.

### മദ്ധ്യമൈതാനം.

രണ്ടുഖണ്ഡങ്ങളായി വിഭാഗിക്കപ്പെട്ടിരിക്കുന്നു. അവയിൽ തെക്കെ ഖണ്ഡത്തിലാണു സ്കോട്ട്ലണ്ടിലെ കൽക്കരി ഖനികളധികവും. ഈ മൈതാനത്തിൽ കൂടി മൂന്നു നദികൾ പ്രവഹിക്കുന്നു. അവ, ടെ, ഫോർത്തു എന്നിവ കിഴക്കോട്ടും, ക്ലൈഡു പടിഞ്ഞാട്ടും പ്രവഹിക്കുന്നു.

### ദക്ഷിണോന്നതതടം.

കുന്നുകളും താഴ്വരകളും സുലഭമാണ്. ഏററവും ഉയന്ന ശിഖരത്തിനു സമുദ്രനിരപ്പിൽനിന്നു 3,000 അടി

യിൽ കുറവാണു് പൊക്കം. കുന്നുകളിൽ പുല്ല ധാരാളമുണ്ടു്. ആട്ടുകൾ സുലഭമാണു്. ക്ലൈഡു, ട്വീഡ് എന്നിവയാണു പ്രധാന നദികൾ. ട്വീഡിന്റെ തെക്കുഭാഗത്താണു ചെവിയോട്ടു് കുന്നുകൾ. ഈ കുന്നുകളാണു് ഇംഗ്ലണ്ടും, സ്കോട്ട്ലണ്ടും തമ്മിലുള്ള അതിരു. എസ്കു്, ആനൻ, നിത്തു് എന്നീ ചെറുനദികൾ സോർ വെഫിർത്തിലേക്കു് ഒഴുകുന്നു. അവയുടെ തടങ്ങളിൽക്കൂടി ഗതാഗത സൌകൎയ്യമുണ്ടു്.

ഭൂപ്രകൃതിയനുസരിച്ചു് ഇംഗ്ലണ്ടിനെ രണ്ടായി വിഭാഗിക്കാം. ആ വിഭാഗം ഇംഗ്ലീഷുചാനലിലുള്ള സ്റ്റാർട്ടു മുനമ്പുമുതൽ നോത്ത്കടലിലുള്ള ഫ്ളാംബറോ മുനമ്പുവരെ ഒരു വര വരയ്ക്കുക. ഈ വരയുടെ പടിഞ്ഞാറുഭാഗമാണു മലംപ്രദേശം. കിഴക്കുഭാഗത്തു മൈതാനവും കിടക്കുന്നു

മലംപ്രദേശത്തെ നാലായി വിഭാഗിക്കാം. അവ പിനൈൻ കുന്നുകൾ, തടാകപ്രദേശം, വെൽഷുഉന്നതതടം, തെക്കുപടിഞ്ഞാറൻ അർദ്ധദ്വീപു എന്നിവയാണു്.

പിനൈൻകുന്നുകൾ.

3,000 അടിയിലധികം ഉയരമില്ല. ഈ കുന്നുകൾ ചെവിയോട്ടു കുന്നുകൾ മുതൽ ഇംഗ്ലണ്ടിന്റെ വടക്കുഭാഗത്തു നീണ്ടു കിടക്കുന്നു. പടിഞ്ഞാറെ തീരത്തോട്ടാണു് അധികമായി അടുത്തിരിക്കുന്നതു്. ഈ കുന്നുകളിൽക്കൂടി അനവധി നദികൾ ഒഴുകുന്നു. ടൈൻ, പെർ, ടീസ്, ഊസ് മുതലായവ നോക്കുക. ഇവയെല്ലാം കിഴക്കോട്ടാണു് ഒഴുകുന്നതു്. എഡൻ, ലൂൺ, റിബിൾ എന്നിവ

പടിഞ്ഞാട്ടാണ് ഒഴുകുന്നത്. പിനൈൻ കുന്നുകളിൽ രണ്ടു വിടവുകളുണ്ട്. അവ ടൈൻ, അയർ എന്നിവതന്നെ. അവയിൽക്കൂടി പാതകളും തീവണ്ടിപ്പാതകളും പോകുന്നു.

തടാകപ്രദേശം.

ഇവിടത്തെ മലകൾ പിനൈൻസുമായി യോജിച്ചിരിക്കുന്നു. ഇവിടത്തെ മലകൾ അങ്ങുമിങ്ങും ചിതറിക്കിടക്കുന്നു. മദ്ധ്യസ്ഥലത്തുനിന്നു നദികൾ ബഹിർഗമിക്കുന്നു. മലകളുടെ താഴ്‌വരകളിൽ തടാകങ്ങൾ സുലഭമാണ്. ഈ പ്രദേശം മനോഹരമായ കാഴ്ചകൂ ശ്രുതിപ്പെട്ടിരിക്കുന്നു.

വെൽഷു ഉന്നതതടം.

അങ്ങുമിങ്ങും കിടക്കുന്ന ഉന്നതതടങ്ങളാണ്. അനവധി നദികൾ പ്രവഹിക്കുന്നു. ഇവിടെയുള്ള സ്നോഡനാണു ഗ്രേറ്റ്ബ്രിട്ടന്റെ തെക്കുഭാഗത്തുള്ള ഏററവും ഉയരംകൂടിയ ശിഖരം. കാർഡിഗാൻ ഉൾക്കടലിന്നടുത്തുള്ള മലകളിൽ നിന്നുത്ഭവിക്കുന്ന സെവേണാണ് ഏററവും പ്രധാനമായ നദി. 200 നാഴിക നീളമൊഴുകി അതു ബ്രിസ്റ്റൽ ചാനലിലേക്കു പ്രവഹിക്കുന്നു. പിനൈൻസിന്നും വെൽഷു ഉന്നതതടത്തിന്നും നടുവിലാണു ചെഷയർ വിടവ്. ഇംഗ്ലീഷു മൈതാനത്തിൽനിന്നു ഇംഗ്ലണ്ടിന്റെ വടക്കുപടിഞ്ഞാറുഭാഗത്തേക്കു കടക്കാനുള്ള വഴിയാണിതു്.

തെക്കുപടിഞ്ഞാറൻ അർദ്ധദ്വീപു.

കോൺവോൾ, ഡീവോൺ എന്നീ പ്രദേശങ്ങളുടങ്ങിയതാണിതു്. ഇതിന്റെ ഉപരിഭാഗം നിമ്നോന്നതമായി

രിക്കുന്നു. കരിങ്കൽ പാറകൾ സുലഭമാണ്. ഡാർട്ടുമൂറാണ് ഏററവും വലിയ കരിങ്കൽകുന്നു. ഇവിടത്തെ നദികൾ നന്ന ചെറിയവയാണ്. അഥ്മീപിന്റെ തെക്കെ അററത്തിനു ലാൻഡ്സ് എൻഡ് എന്നുപേർ.

ഇംഗ്ലീഷു മൈതാനം.

രാജ്യത്തിന്റെ തെക്കുകിഴക്കു ഭാഗമാണ്. ഇംഗ്ലണ്ടു, വെയിൽസു എന്നിവകളുടെ പകുതിഭാഗം ഇതിലുൾപ്പെട്ടു. പരന്ന ഒരു പ്രദേശമാണ് ഈ മൈതാനമെന്നു പറവാൻ തരമില്ല. അവിടവിടെയായി 1000 അടി ഉയരമുള്ള കുന്നുകളുണ്ട്. കോട്സ്വാൾഡ് കുന്നുകൾ, യോക്കഷയർ മൂഴ്സ് എന്നിവ നോക്കുക. മാൾബറൊ ഡൌൺസു, ചിൽറേറൻ കുന്നുകൾ, ഫ്ളാംബറൊ ഹെഡ്, നോത്ത്ഡൌൺസു, സൌത്ത്ഡൌൺസു എന്നിവ മററു ഉയന്ന പ്രദേശങ്ങളാണ്.

മൈതാനത്തിലെ ഏററവും വലിയ നദികൾ സെവേൺ, തംസ്, ട്രെൻററ എന്നിവയാണ്. വെൽഷു ഉന്നതതടത്തിലാണ് സെവേണിന്റെ ഉത്ഭവം. മൈതാനത്തിൽനിന്നു വെയിത്സിലേക്കു കടപ്പാൻ സെവേൺ താഴ്വര ഒരു മാഗ്ഗമാണ്. കോസ്വാൾഡ' മലകളിലാണു തംസ് ഉത്ഭവിക്കുന്നതു്. അതു് ഓക്സ്ഫോർഡ്, വിൻഡ്സർ, ലണ്ടൻ എന്നീ നഗരങ്ങൾ കടന്നു നോത്തുകടലിൽ പ്രവഹിക്കുന്നു. പിനൈൻസിന്റെ തെക്കെ അററം വളഞ്ഞു ട്രെൻററ എമ്പറിൽ ചേരുന്നു.

അയർലണ്ടിന്റെ വടക്കും തെക്കും ഭാഗങ്ങൾ ഉയന്നും, നടുഭാഗം താഴ്ന്നും ഇരിക്കുന്നു. ആൻട്രിം, ഫി

ക്ലോ എന്നിങ്ങിനെ 2 ഉന്നതതടങ്ങ‌ൾ കിടക്കുണ്ടു്. നടു വിലുള്ള മൈതാനത്തിൽക്കൂടി ഷാനൻ എന്ന നദി പ്രവഹിക്കുന്നു. അയർലണ്ടിലെ ഏററവും വലിയ നദിയാണതു്. റീ, ഡെർഗ് എന്ന 2 തടാകങ്ങളുണ്ടു്. വിക്ലോ മലകളിൽ ഉത്ഭവിച്ചു ലിഫിനദി ഡബ്ളിൻ ഉൾക്കടലിലേക്കു പ്രവഹിക്കുന്നു. ഡബ്ളിൻ ഇവിടെയാണു്.

---

# അദ്ധ്യായം 34.

## ബ്രിട്ടീഷുദ്വീപുകൾ

### കാലാവസ്ഥയും സസ്യാദികളും.

ബ്രിട്ടീഷുദ്വീപുകളിലെ കാലാവസ്ഥ ഇന്ത്യയിലെ കാലാവസ്ഥയിൽനിന്നും തീരെ വ്യത്യസ്തമായ വിധത്തിലുള്ളതാണു്. എന്നാൽ ശീതോഷ്ണസ്ഥിതിയെ ആസ്പദമാക്കിയാൽ ബ്രിട്ടനും ഹിമാലയവും തമ്മിൽ സാമ്യമുണ്ടെന്നു പറയാം.

കാലാവസ്ഥയെ ആസ്പദമാക്കി ബ്രിട്ടനിൽ 4 കാലങ്ങളുണ്ടെന്നു പറയാം. വേനൽക്കാലത്തു സുഖകരമായ ഉഷ്ണവും, ശീതകാലത്തു തണുപ്പുമുണ്ടു്. ശീതകാലം കഴിഞ്ഞാൽ പിന്നെ വസന്തകാലമായി. ആ സമയത്തു സസ്യങ്ങൾ പുഷ്പിക്കുന്നു. വേനൽക്കാലത്തിനുശേഷം വരുന്ന (ഓട്ടമിൽ) വൃക്ഷലതാദികളുടെ ഇലകൾ കൊഴിയുന്നു.




ലണ്ടനിൽ ഏററവുമധികമായ ചൂടും ഏററവുമധികമായ തണുപ്പും തമ്മിലുള്ള വ്യത്യാസം 24 ഡിഗ്രിയാണ്. ദ്വീപുകളിൽ മററു സ്ഥലങ്ങളിൽ ഈ വ്യത്യാസം ഇതിൽ കുറവാണ്. ലണ്ടനെൻറ അടുത്തു കരയുള്ളതുകൊണ്ടാണ് ഈ വ്യത്യായം അധികമാകുന്നതു്. ശീതവും സ

ഖകരവും മിതവുമായ ഒരു കാലാവസ്ഥയാണു ദ്വീപുകളി ലുള്ളതെന്നു പറയാം. യൂറോപ്പിലേയൊ, കനഡയിലേ യൊ കാലാവസ്ഥ ഇത്ര സുഖകരമല്ല.

ഇതിനു പലേ കാരണങ്ങളുമുണ്ട്. (1) ബ്രിട്ടന്റെ നാലുഭാഗത്തുമുള്ള സമുദ്രം ശീതോഷ്ണങ്ങളെ മിതമാക്കുന്നു. ശീതകാലത്തെ തണുപ്പിനേയും വേനൽക്കാലത്തെ ചൂടി നേയും അതു കുറയ്ക്കുന്നു. (2) വടക്കൻ അത് ലാന്തിക്ക് പ്രവാഹം—ഗൾഫ് സ്ട്രീമിന്റെ ഒരു ഭാഗം ബ്രിട്ടന്റെ കരയിലെത്തി അവിടെ ചൂടുപിടിപ്പിക്കുന്നു. (3) അവിടെ ഊതുന്ന കാററു പടിഞ്ഞാറുനിന്നും തെക്കുപടിഞ്ഞാറു നി ന്നുമാണു വരുന്നത്. അവ കാരണം കാലാവസ്ഥയുടെ ഉ ഷ്ണശീതങ്ങൾ കുറയുന്നു.

കാററു സമുദ്രത്തിൽനിന്നു വരുന്നതാകകൊണ്ടു ദ്വീ പുകളിലെ വായുവിൽ നീരാവി സുലഭമാണ്. വേനൽ ക്കാലത്തും മററു കാലങ്ങളിലും മേഘങ്ങൾ ആകാശത്തി ലുണ്ട്. അതുകൊണ്ടു ദ്വീപുകളിൽ ഏതു കാലത്തും മഴ യുണ്ട്. ശീതകാലത്താണു മഴ ഏററവുമധികം പെയ്യു ന്നതു്. അത് ലാന്തിക്ക് സമുദ്രത്തിൽനിന്നു ഊതുന്ന ചുഴ ലിക്കാററു കാരണമാണ് മഴ പെയ്യുന്നതു്. ദ്വീപുകളിലെ ഉന്നതതടങ്ങളിലാണല്ലൊ കാററ് ഒന്നാമതെത്തുക. അതു കൊണ്ടു ദ്വീപുകളുടെ പടിഞ്ഞാറുഭാഗത്തു കിഴക്കു ഭാഗ ത്തു പെയ്യുന്നതിലധികം മഴ പെയ്യുന്നു. കൊല്ലത്തിൽ ല ണ്ടനിൽ 25 ഇഞ്ചു മഴയാണു പെയ്യുന്നതെങ്കിൽ ഗ്ലിമ ത്തിൽ 40 ഇഞ്ചു മഴ പെയ്യും. തടാകപ്രദേശങ്ങളിലും

സ്കോട്ട്ലണ്ടിന്റെ പടിഞ്ഞാറെഭാഗത്തും കൊല്ലത്തിൽ 80 മുതൽ 100 ഇഞ്ചുവരെ മഴ പെയ്യും.

സസ്യങ്ങളുടെ വളൎച്ചയ്ക്കു് ഇംഗ്ലണ്ടിലെ കാലാവസ്ഥ എത്രയും അനുകൂലമായതാണ്. ഒരുകാലത്തു ദ്വീപുകളിൽ അനവധി കാടുകളുണ്ടായിരുന്നു. പക്ഷേ, ഇന്നു കാടുകൾ വെട്ടിത്തെളിയിച്ചു കൃഷി നടത്തിവരുന്നു. സ്കോട്ട്ലണ്ടിന്റെ തെക്കെഭാഗം, ഇംഗ്ലണ്ട്, അയർലണ്ട് എന്നിവിടങ്ങളിലെ വൃക്ഷങ്ങൾ ഡെസിഡുവസ്സുവൎഗ്ഗത്തിൽപെട്ടവയാണ്. ഓക്ക്, എം, ബീച്ച് എന്നിവ നോക്കുക. വടക്കൻ സ്കോട്ടലണ്ടിൽ കോണിഫെറസ്സുവൃക്ഷങ്ങളാണു കാണുന്നതു്. ഇംഗ്ലണ്ടിലും കോണിഫെറസ്സ വൃക്ഷങ്ങൾ സുലഭമാണ്. ആപ്പിൾ, പ്ലം, ചെറി എന്നിവ സുലഭമായി കൃഷിചെയ്തുവരുന്നു. ഇംഗ്ലണ്ട്, സ്കോട്ട്ലണ്ട്, വെയിത്സ് എന്നിവിടങ്ങളിലെ മലമുകളിൽ ഹീതർ-ഒരുതരം പുല്ലു-സമൃദ്ധിയാണ്.

---

# അദ്ധ്യായം 35.

## ബ്രിട്ടീഷ്ദ്വീപുകൾ.

---

### തൊഴിലുകൾ, വ്യവസായങ്ങൾ.

ദ്വീപുകളിലെ ജനങ്ങളുടെ തൊഴിൽ പ്രധാനമായി മൂന്നാകുന്നു. അവ കൃഷി, മീൻപിടുത്തം, യന്ത്രവ്യവസായം എന്നിവതന്നെ. മൊത്തമായി പറയുന്നതായാൽ ഇംഗ്ലണ്ടിലെ ജനങ്ങളുടെ പ്രധാന തൊഴിൽ വ്യവസായവും,

അയർലണ്ടിലെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയു മാണ്.

ബ്രിട്ടീഷുകൃഷിക്കാർ അതിസമർത്ഥന്മാരാണ്. സാധാരണയായി മിക്ക കൃഷിക്കാരും മേച്ചിൽക്കാരുമാണ്. കൃഷിക്കാർ ധാന്യങ്ങളും, കിഴങ്ങുകളും, പുല്ലും കൃഷിചെയ്യുന്നു. നിലത്തിൽ കുറെ ഭാഗത്തു് അവർ ആടുമാടുകളെ മേയ്ക്കുന്നു. ഉയൎന്ന പ്രദേശങ്ങളാണു മേച്ചിൽസ്ഥലങ്ങൾ. വെയിത്സ്, പിനൈൻസു, സ്കോട്ട്ലണ്ട് എന്നിവിടങ്ങളിൽ ആടുകളാണു പ്രധാനം. രോമവ്യവസായത്തിനുള്ള അസംസ്കൃതവിഭവങ്ങൾ ഇവിടെനിന്നു കിട്ടുന്നു. മൈതാനങ്ങളിൽ മാടുകളെ കാണാം. ഇംഗ്ലണ്ടിന്റെ തെക്കുപടിഞ്ഞാറുഭാഗം ഗവ്യങ്ങൾക്കു ശ്രുതിപ്പെട്ടിരിക്കുന്നു.

കിഴക്കുഭാഗത്തെ പ്രധാന വിളവാണു ഗോതമ്പ്. ജനങ്ങളുടെ ആവശ്യത്തിനുള്ളതിന്റെ നാലിലൊരു ഭാഗം ഗോതമ്പു മാത്രമേ ഇംഗ്ലണ്ടിലുണ്ടാകുന്നുള്ളു. ഓട്സ്, ഉരുളക്കിഴങ്ങ്, കിഴങ്ങുകൾ എന്നിവ ദ്വീപിൽ എവിടേയും കൃഷിചെയ്യുന്നു.

അയർലണ്ടിലെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണെന്നു പറഞ്ഞുവല്ലോ, ജനങ്ങളിൽ അധികഭാഗവും മേച്ചിൽക്കാരാണ്. അവർ കാലികളേയും പോക്കുകളേയും വളൎത്തുന്നു. ഡൊനിഗൽമലകളിൽ മാത്രമേ ആടുകളെ വളൎത്തുന്നു. കെറിമലകൾ, വടക്കും തെക്കുമുള്ള അയർലണ്ടിലെ താഴ്ന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ

മാട്ടകളെ വളൎത്തുന്നു. ഗവ്യങ്ങൾ അയർലണ്ടിലെ പ്രധാന ഉല്പന്നങ്ങളാണ്. ഉരുളക്കിഴങ്ങു സമൃദ്ധിയായി കൃഷിചെയ്യപ്പെടുന്നു. ബെൽഫാസ്റ്റിന്നടുത്തു ചണയും ഉണ്ടാകുന്നു.

ബ്രിട്ടീഷിലെ മത്സ്യംപിടിത്തം പ്രസിദ്ധമായതാണ്. അനവധി ജനങ്ങളുടെ പ്രധാന തൊഴിലാണിത്. മത്സ്യം പ്രധാനമായ ഒരു ഭക്ഷണസാധനവുമാണ്. സമുദ്രതീരത്തുള്ള ഏതു പട്ടണത്തിലും ഈ തൊഴിൽ നടക്കുന്നു. അബെർഡീൻ, ഹാൾ ഗ്രിംസ്ബി, യാർമത്ത്, ലോവസ്റ്റ്ഓഫ്ട് എന്നിവിടങ്ങളിലെ മത്സ്യംപിടുത്തം പ്രസിദ്ധമായതാണ്. അവയെല്ലാംതന്നെ നോൎത്തുകടലിലുള്ള ഡോഗർബാങ്കിലാണ്—തീരത്താണ്.

ഏതാണ്ടു 500 കൊല്ലത്തിനുമുമ്പു ഇംഗ്ലീഷുകാർ കൃഷിക്കാരായിരുന്നു. ഇന്ന് അവർ വ്യവസായികളും വണിക്കുകളുമാണ്. ഏതാണ്ടു നാലിൽ മൂന്നു ഭാഗം ജനങ്ങൾ വ്യവസായത്തിലേപ്പെട്ടിരിക്കുന്നു. അവർ നഗരവാസികളാണ്.

ഇങ്ങിനെ ബ്രിട്ടൻ ഒരു വ്യവസായികരാജ്യമാകാൻ അനവധി കാരണങ്ങളുണ്ടു്. അവ നോക്കുക:—

(1) കൽക്കരിയും ഇരിമ്പും സുലഭമാണ്.

(2) രോമം സമൃദ്ധിയായി നാട്ടിൽത്തന്നെ ഉണ്ടാകുന്നു.

(3) യന്ത്രങ്ങൾ കണ്ടുപിടിപ്പാൻ ആളുകളുണ്ടായിരുന്നു.

(4) ജനങ്ങളിൽ ചൊടിയുണ്ടാക്കാൻ കാലാവസ്ഥ സഹായിക്കുന്നു.




ഇംഗ്ലണ്ടിന്റെ വടക്കുഭാഗത്തിനു വ്യവസായവട ക്കെന്നാണു പേർ. മിക്ക ജനങ്ങളും വ്യവസായത്തിൽ ഏ പ്പെട്ടിരിക്കുന്നതാണ് ഈ പേരിനു കാരണം. ഡർഹാം ക ൽക്കരിഖനി, യോക്കുവിയർഖനി എന്നിവ പിനൈൻ സിന്റെ കിഴക്കുഭാഗത്തു കിടക്കുന്നു. മലകളുടെ മദ്ധ്യഭാഗ

ത്താണ് ലങ്കാഷയർ, കംബർലണ്ടു എന്നിവിടങ്ങളിലെ ഖനികൾ.

ഡൽഹാം ഖനികളിൽ കപ്പൽപ്പണി രസതന്ത്രസാമഗ്രികളുണ്ടാക്കൽ, ഇരിമ്പുപണി, എന്നിവ നടന്നുവരുന്നു. ഇവിടെ കിട്ടുന്ന കൽക്കരി ഈ വ്യവസായങ്ങൾക്കു മതി



യാകുന്നില്ല. കൽക്കരി സ്കാൻഡിനേവിയയിൽനിന്നു വരുത്തുകയാണ്. ടൈൻ, വെർ, ടീസു എന്നീ നദീമുഖങ്ങളിൽ കപ്പലുകളിറക്കാം. ന്യൂകാസിൽ, സണ്ടർലണ്ട, മിഡിൽസ്ബറൊ, ഹാർട്ട്ലിപൂൾ എന്നിവ കപ്പൽപ്പണിക്കു ശ്രുതിപ്പെട്ടിരിക്കുന്നു. ന്യൂകാസിൽ, ഡാർലിംഗ്ടൻ എന്നിവിടങ്ങളിൽ തീവണ്ടിയന്ത്രങ്ങളും ഉണ്ടാക്കുന്നു.

രോമവ്യവസായം പ്രധാനമായി നടക്കുന്നതു യോർക്ക്ഷയറിലാണ്. ലീഡ്സ്, ബ്രാഡ്ഫോർഡ്, ഹാലിഫാക്സ്, വാഡേഴ്സഫീൽഡ് എന്നീ പട്ടണങ്ങളാണ് ഈ വ്യവസായത്തിൻെറ കേന്ദ്രസ്ഥാനങ്ങൾ. വ്യവസായങ്ങൾക്കുള്ള ജലം പിനൈൻസിൽ നിന്നുത്ഭവിക്കുന്ന നദികളിൽനിന്നു കിട്ടുന്നു. രോമം ഒരുകാലത്തു് ഇവിടത്തെ ആട്ടുകളിൽനിന്നുതന്നെ ലഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ രോമം ആസ്ത്രേലിയ, ന്യൂസിലാണ്ട് എന്നിവിടങ്ങളിൽനിന്നു ഇറക്കുകയാണ് ചെയ്യുന്നത്. ഷെഫീൽഡാണ് ഉരുക്കുവ്യവസായകേന്ദ്രസ്ഥാനം.

ലങ്കാഷയറാണ് പരുത്തിവ്യവസായകേന്ദ്രം. ഇവിടെയുള്ള വായുവിൽ നീരാവി സുലഭമാണ്. കൽക്കരി സമൃദ്ധിയായി കണ്ടുവരുന്നു. കോൾടാറിൽ നിന്നു ചായങ്ങളുമുണ്ടാക്കാം. പിനൈൻസിലെ നദികളിൽ നിന്നു വെള്ളം സുലഭമായെടുക്കാം. ചെഷയറിൽ ഉപ്പു ഖനികളുണ്ട്. ഐക്യനാടുകൾ, ഈജിപ്ത് മുതലായ സ്ഥലങ്ങളിൽനിന്നാണു പരുത്തി വരുന്നതു്.

ബ്ലാക്കബേൺ, ഓൾഡ്ഹാം, ബേൺലി, ബോൾട്ടൻ എന്നീ വ്യവസായ നഗരങ്ങൾ നദികളുടെ സമീപമാണ്. ഇവയുടെ നടുവിലായി മാഞ്ചസ്റ്റർ സ്ഥിതി ചെയ്യുന്നു. ഒരുകാലത്തു ലിവർപൂൾ മാത്രമായിരുന്നു ഇവിടത്തെ തുറമുഖം. ഇന്നു മാഞ്ചസ്റ്ററും ഒരു തുറമുഖമാണ്. ഒരു കപ്പൽത്തോടു അതിനെ ഒരു തുറമുഖമാക്കിയിരിക്കുന്നു.

കംപർലണ്ടിൽ വൈററ്ഹേവൻ, വക്കിംഗടൻ എന്നിവയാണ് ഉരുക്കുവ്യവസായകേന്ദ്രങ്ങൾ.

വടക്കൻ സ്റ്റാഫോർഡു ഖനികളിലാണു മൺപാത്രവ്യവസായം നടക്കുന്നതു്. പിനൈൻസിന്റെ തെക്കേ അററത്തിന്റെ പടിഞ്ഞാറു ഭാഗമാണിതു്. ഇവിടെ നല്ല കളിമണ്ണുണ്ടു്. ബർസ്ലം, സ്റ്റോക്ക എന്നിവയാണു മൺവ്യവസായകേന്ദ്രങ്ങൾ.

മിഡ്ലണ്ട്ഖനികൾ ഇംഗ്ലണ്ടിന്റെ മദ്ധ്യത്തിലാണ്. ഇവിടെ അനവധി വ്യവസായകേന്ദ്രങ്ങളുണ്ടു്; നോട്ടിംഗഹാമിൽ കസവും, ചവിട്ടുവണ്ടിയും ഉണ്ടാക്കുന്നു. ലീസ്റ്ററിൽ രോമംകൊണ്ടും പരുത്തികൊണ്ടും അടിക്കുപ്പായങ്ങളുമുണ്ടാക്കിവരുന്നു. ബർമിംഗഹാം, കവൻട്രി, വോൾവർഹാംപ്ടൻ എന്നിവ "കരിരാജ്യ"ത്താണ്. സൂചികൾ, മൊട്ടുസൂചികൾ, ചട്ടികൾ, കൊളുത്തുകൾ, ചങ്ങലകൾ, യന്ത്രങ്ങൾ, ചവിട്ടുവണ്ടികൾ, മോട്ടോർകാറുകൾ എന്നിവ ഇവിടെ ഉണ്ടാക്കിവരുന്നു.

തെക്കെ വെയിത്സിലും ലോഹപ്പണി നടക്കുന്നു. മെർതിയർടൈഡ്ഫിൽ, സ്വാൻസീ എന്നിവ നോക്കുക. സ്പെയിനിൽനിൽനിന്നു ഇരുമ്പും, മലയോപദ്വീപിൽനി

ന്നു തകരവും, ഓസ്ത്രേലിയയിൽനിന്നു ചെമ്പും ഇവിടെ വന്നുചേരുന്നു.

സ്കോട്ട്ലണ്ടിലെ ധാതുപ്രദേശം മദ്ധ്യതാഴ്വരയാണ്. ക്ലൈഡിൻെറ തടമാണു വ്യവസായകേന്ദ്രം. ഗ്ലാസ്ഗോനഗരം ക്ലൈഡിന്മേലാണ്. സ്കോട്ട്ലണ്ടിൽ ആകെയുള്ള ജനങ്ങളിൽ നാലിലൊരു ഭാഗം ഇവിടെയാണ്. ക്ലൈഡ്ബാങ്ക്, ഡംവർട്ടൻ, റെൻഫ്രൂ, പോർട്ടഗ്ലാസ്ഗോ, ഗ്രീനോക്ക എന്നീ നഗരങ്ങളിൽ ഒരു വ്യവസായമല്ലെങ്കിൽ മററൊന്നു നടക്കുന്നു. പെയിലിയിൽ പരുത്തിവ്യവസായം നടക്കുന്നു.

ഫോർത്ത്, ടെ എന്നീ നദികളുടെ തടത്തിൽ വ്യവസായം നടന്നുവരുന്നു. ടെ നദിയിന്മേലുള്ള ഡൻഡിയിൽ ചണവ്യവസായം നടക്കുന്നു. പേർത്ത്, ഡംഫർലൈൻ എന്നിവയിലും വ്യവസായങ്ങളുണ്ട്.

അയർലണ്ടിലെ ബൽഫസ്റ്റിൽ കപ്പൽപ്പണിയും, ചണവ്യവസായവും നടക്കുന്നു.

# അദ്ധ്യായം 36.

## ബ്രിട്ടീഷ് ദ്വീപുകൾ.

### കച്ചവടം.

ഇന്ത്യയിൽനിന്നു നെല്ല്, ഗോതമ്പു, ചായ, കാപ്പി, എണ്ണബീജങ്ങൾ, ചണ, എന്നീ അസംസ്കൃതവിഭവങ്ങ

ൾ കയററിഅയക്കുകയും; സംസ്കൃതവിഭവങ്ങൾ ഇവിടേയ്ക്കു വരുത്തുകയുമാണല്ലൊ. നേരെ മറിച്ചാണു ബ്രിട്ടനിലെ സ്ഥിതി. ബ്രിട്ടനിലെ കയററുമതികൾ സംസ്കൃതവിഭവങ്ങളും; ഇറക്കുമതികൾ അസംസ്കൃതവിഭവങ്ങളുമാണ്. ബ്രിട്ടനിലെ പ്രധാന ഇറക്കുമതികൾ ഗോതമ്പു, റവ, മാംസം, ഫലങ്ങൾ, പഞ്ചസാര, കൊക്കൊ, വൈൻ, പുകയില, പരുത്തി, ചണ, രോമം, മരം, തോൽ, ധാതുക്കൾ എന്നിവയാണ്.

കനഡ, ഐക്യനാട്ടുകൾ, പഞ്ചാബു, ഓസ്ട്രേലിയ, ന്യൂസിലണ്ടു എന്നിവിടങ്ങളിൽനിന്നാണു ഗോതമ്പധികമായി വരുന്നതു്.

ഐക്യനാട്ടുകൾ, ആർജൻടീന, റുമേനിയ എന്നിവിടങ്ങളിൽനിന്നു റവ വന്നുചേരുന്നു.

കനഡയിൽനിന്നും ഐക്യനാട്ടുകളിൽനിന്നുമാണു യവം വരുന്നതു്.

ബർമ്മയിൽനിന്നു അരിവരുന്നു

കനഡ, ഐക്യനാട്ടുകൾ എന്നിവിടങ്ങളിൽനിന്നു ജീവനുള്ള കാലികൾ വന്നുചേരുന്നു.

ഓസ്ട്രേലിയാ, ന്യൂസീലണ്ടു എന്നിവിടങ്ങളിൽനിന്നു മാംസം വരുന്നു.

കനഡ, ഐക്യനാട്ടുകൾ, ആർജൻടീന എന്നിവിടങ്ങളിൽനിന്നു വേവിച്ച മാംസം വരുന്നു.

വെണ്ണ, പാൽക്കട്ടി, മുട്ടകൾ എന്നിവ ബൽജിയം, ഹോളണ്ടു, ഫ്രാൻസു എന്നിവിടങ്ങളിൽനിന്നു വരുന്നു.

വെസ്റ്റേൻകനഡ, ന്യൂഫൌണ്ട്ലണ്ട എന്നിവിടങ്ങളിൽനിന്ന മത്സ്യം വന്നചേരുന്നു.

മധുരനാരങ്ങ, ചെറുനാരങ്ങ, മുന്തിരിങ്ങ, ഫിഗ്സ് എന്നിവ മദ്ധ്യധരണ്യാഴിതീരത്തുള്ള രാജ്യങ്ങളിൽനിന്ന വരുന്നു.

അറേബിയ, വടക്കെ ആഫ്രിക്ക എന്നിവിടങ്ങളിൽനിന്ന ഈന്തപ്പഴം വരുന്നു.

നേന്ത്രക്കായ വരുന്നതു വെസ്റ്റ് ഇൻഡീസ്സിൽനിന്നാണ്.

വെസ്റ്റ്ഇൻഡീസ്സ, ക്വീൻസ്ലണ്ട എന്നിവിടങ്ങളിൽനിന്ന പഞ്ചസാര വരുന്നു.

ആസ്സാം, ഡാർജീലിംഗ്, പശ്ചിമഘട്ടം, സിലോൺ എന്നിവിടങ്ങളിൽനിന്നാണ ബ്രിട്ടനിലേക്ക ചായ വരുന്നതു്.

ഇന്ത്യ, ബ്രസീൽ, വെസ്റ്റിൻഡീസ്സ എന്നിവിടങ്ങളിൽനിന്ന കാപ്പി വരുന്നു.

ആഫ്രിക്കയിലെ ഗിനീതീരം, വെസ്റ്റ്ഇൻഡീസ്സിലെ ട്രിനിഡാഡ, ഇക്വഡോർ, ബ്രസീൽ എന്നിവിടങ്ങളിൽനിന്ന കൊക്കൊ വന്നചേരുന്നു.

ഫ്രാൻസ്സ, സ്പെയിൻ, പോത്തുഗൽ എന്നിവിടങ്ങളിൽനിന്ന വൈൻ വരുന്നു.

ഫിലിപ്പൈൻസ്സ, ക്യൂബ എന്നിവിടങ്ങളിൽനിന്നാണ് പുകയില വരുന്നതു.

നൈൽ താഴ്വര, സൂഡാൻ, നൈജീരിയ, ബ്രിട്ടീഷ ഈസ്റ്റാഫ്രിക്ക, പഞ്ചാബ്, ഡക്കാൻ, ഐക്യനാടുകൾ എന്നിവിടങ്ങളിൽനിന്നാണ പരുത്തി വരുന്നതു.

ഡൻണ്ടിയിലേയ്ക്കു കൽക്കത്തായിൽനിന്ന ചണ വന്നുചേരുന്നു.

ജപ്പാൻ, ചൈന, ഇററലി, ഫ്രാൻസു, ഇന്ത്യ എന്നീ രാജ്യങ്ങളിൽനിന്ന പട്ടു വരുന്നു.

ഓസ്ട്രേലിയ, ന്യൂസീലണ്ടു, തെക്കെആഫ്രിക്ക എന്നിവിടങ്ങളിൽനിന്ന രോമം വരുന്നു.

സ്വീഡൻ, കനഡ, ഐക്യനാടുകൾ, ബൎമ്മ, മലബാർ എന്നീ സ്ഥലങ്ങളിൽനിന്ന മരം വന്നുചേരുന്നു.

തോൽ വരുന്നതു ഇന്ത്യ, ഓസ്ട്രേലിയ, തെക്കെ ആഫ്രിക്ക, തെക്കെഅമേരിക്ക എന്നിവിടങ്ങളിൽനിന്നാണ്.

ഇന്ത്യ, സിലോൺ, സ്ട്രെയിറ്റ്സ് സെററിൽമെൻഡ്സ് എന്നിവിടങ്ങളിൽനിന്ന റബ്ബർ വന്നുചേരുന്നു.

ആഫ്രിക്ക, ഓസ്ട്രേലിയ, ഇന്ത്യ എന്നിവിടങ്ങളിൽനിന്ന സ്വൎണ്ണം വരുന്നു.

കാനഡ, ഓസ്ട്രേലിയ എന്നിവിടങ്ങളിൽനിന്ന വെള്ളി വരുന്നു.

ഐക്യനാടുകൾ, മെക്സിക്കൊ, ജപ്പാൻ, ഓസ്ട്രേലിയാ എന്നിവിടങ്ങളിൽനിന്ന ചെമ്പു വന്നുചേരുന്നു.

ഐക്യനാടുകൾ, സ്പെയിൻ, ബൎമ്മ, ആസ്ട്രേലിയ എന്നിവിടങ്ങളിൽനിന്ന ഈയം വരുന്നു.

മാൻഗനീസ്സു വരുന്നതു ഇന്ത്യയിൽനിന്നാണ്.

കനഡയിൽനിന്ന ഗിക്കൽ വരുന്നു.

തകരം വരുന്നതു സിംഗപ്പുരത്തുനിന്നാണ്.

കയററുമതികളിൽ പ്രധാനമായവ പരുത്തിത്തുണികളാണ്. ഈജിപ്റ്റ്, ഇന്ത്യ, മദ്ധ്യാഫ്രിക്ക, പടിഞ്ഞാറൻ ആഫ്രിക്ക, ഈസ്റ്റ് ഇൻഡീസ്സ, ചൈന, ജപ്പാൻ, വെസ്റ്റ് ഇൻഡീസ്സ എന്നിവിടങ്ങളിലേക്കാണ് അവ പോകുന്നതു.

രോമസ്സാമാനങ്ങളാണ മറെറാരു വിഭവം. ഏഷ്യയിലും യൂറോപ്പിലുമുള്ള ശീതരാജ്യങ്ങളിലേക്കാണ് ഇവ പോകുന്നതു.

ആവിയന്ത്രങ്ങൾ, മററായുധങ്ങൾ എന്നിവയും സുലഭമായി അയക്കുന്നു.

മറെറാരു കയററുമതിയാണ കപ്പൽ.

ചണംകൊണ്ടുള്ള വസ്ത്രങ്ങൾ, നൂൽ, കൽക്കരി, മോട്ടോർകാറുകൾ എന്നിവ മററു കയററുമതികളാണ്.

## അദ്ധ്യായം 37.

### ബ്രിട്ടീഷ് ദ്വീപുകൾ.

#### ഗതാഗതമാൎഗ്ഗങ്ങൾ.

ബ്രിട്ടനിൽ നാലു പ്രധാന തീവണ്ടിപ്പാതകളുണ്ട്. അവ ലണ്ടൻ—നോൎത്ത്—ഈസ്റ്റേൻ; ലണ്ടൻ മിഡ്ലണ്ട സ്കോട്ടീഷു; ഗ്രെററുവെസ്റ്റേൺ, സതേൺ എന്നിവയാണ്.

### ലണ്ടൻ നോർത്ത് ഈസ്റ്റേൻ.

ലണ്ടനിൽനിന്നു പുറപ്പെട്ടു ഇംഗ്ലണ്ടിന്റെ വടക്കു കിഴക്കു ഭാഗത്തു ചെന്നു സ്കോട്ട്ലണ്ടിന്റെ കിഴക്കുഭാഗ ത്തെത്തുന്നു. അബർഡീൻ, എഡിൻബറൊ, ന്യൂകാസിൽ, യോർക്കു എന്നീ പട്ടണങ്ങൾ ലണ്ടനുമായി ബന്ധിക്കപ്പെ ടുന്നു. ഇതിനു അനവധി ശാഖകളുണ്ട്. അവമൂലം നോർ വിച്ച്, യാർമത്ത്, കെംബ്രിഡ്ജ് എന്നീ നഗരങ്ങൾ ലണ്ട നുമായി യോജിപ്പിക്കപ്പെടുന്നു.

### ലണ്ടൻ മിഡ്ലണ്ട് സ്കോട്ടിഷ്.

രണ്ടു പാതകൾ ലണ്ടനിൽനിന്നു വടക്കോട്ടു പോകു ന്നു. ഒന്നു യോർക്ക്ഷയറിലുള്ള ഷെഫീൽഡ്, ലീഡ്സ്, ബ്രാഡ്ഫോർഡ് എന്നിവിടങ്ങളിൽചെന്നു അയർ വിട വിൽ കൂടി കടന്നു കാർലയാലിലെത്തുന്നു. പിന്നെ അതു ഗ്ലാസ്ഗോ, എഡിൻബറൊ എന്നിവിടങ്ങളിലേക്കു പോ കുന്നു. മറെറ പാത കരിപ്രദേശം, മൺവ്യവസായ സ്ഥ ലം, ലങ്കാഷയർ എന്നിവയെ ലണ്ടനുമായി ബന്ധിക്കുന്നു. പിന്നെ അതു കാർലൈയാലിൽചെന്നു ഗ്ലാസ്ഗോവിൽ കൂടി സ്കോട്ട്ലണ്ടിന്റെ വടക്കെ അററത്തെത്തുന്നു.

### ഗ്രേറ്റ്‌വെസ്റ്റേൺ.

ലണ്ടനിൽനിന്നു പുറപ്പെടുന്ന ഇതിനു 3 ശാഖകളു ണ്ട്. ഒന്നു ബർമിംഗാം, ഷ്രൂസ്ബറി എന്നിവിടങ്ങളിൽ കൂടി കടന്നു ചെസ്റ്ററിലെത്തുന്നു. മറെറാന്നു റീഡിംഗ്, ബ്രിസ്റ്റൽ എന്നിവ കടന്നു കാർഡിഫ്, സ്വാൻസീ, ഫി ഷ്ഗാർഡു എന്നീ സ്ഥലങ്ങളിലേക്കു പോകുന്നു. മൂന്നാമ

ത്തേതു എക്സീററർ, പ്ലിമത്ത് എന്നിവ കടന്നു തെക്കുപടിഞ്ഞാറൻ അല്ഭദ്വീപിന്റെ അററത്തെത്തുന്നു.

സതേൺപാത.

ലണ്ടനിൽനിന്നു അനവധി പാതകൾ ദക്ഷിണതീരത്തെത്തുന്നു. ലണ്ടനിൽനിന്നു പാതകൾ ഡോവർ, ഫോക്ക്സ്റ്റൻ, ന്യൂഹേവൻ; സൌത്ത്ആംപ്ടൻ എന്നിവിടങ്ങളിലെത്തുന്നു.

അയർലണ്ടിലെ പാതകൾ കേന്ദ്രിക്കുന്നതു ഡബ്ളിനിലാണ്. ബൽഫസ്റ്റ്, ലണ്ടൻ ഡറി, വാട്ടർഫോർഡ്, കോർക്ക, ഗാൽവെ എന്നീ സ്ഥലങ്ങൾ ഡബ്ളിനുമായി ബന്ധപ്പെടുന്നു.

ഇനി പറയേണ്ടതു് കപ്പൽമാർഗ്ഗങ്ങളെപ്പററിയാണ്.

ലോകത്തിലെ പ്രധാന കപ്പൽമാർഗ്ഗങ്ങളെററി നിങ്ങൾ പഠിച്ചുവല്ലൊ. അവ വടക്കൻ അത്ലാന്തിക്ക് മാർഗ്ഗങ്ങൾ, സൂവസ്സ്മാർഗ്ഗം, പനാമാമാർഗ്ഗം, കേപ്പുമാർഗ്ഗം, ദക്ഷിണ അത്ലാന്തിക്ക്മാർഗ്ഗങ്ങൾ എന്നിവയാണല്ലൊ. അവയിലെല്ലാററിൽക്കൂടിയും ബ്രിട്ടീഷുകപ്പലുകൾ ഗതാഗതം ചെയ്യുന്നു. ബ്രിട്ടീഷുകപ്പലുകൾ താഴെകാണുന്ന സ്ഥലങ്ങളിലെത്തുന്നു. കെബെക്ക, ന്യൂയോർക്ക, ബ്വോണസ്സഅയേഴ്സ്, കേപ്പ്ടൗൺ, ബോംബെ, കൊളംബൊ, കൽക്കത്ത, സിംഗപ്പൂർ, ഹോംഗ്ഹോങ്ങ് യോക്കോഹാമ, സിഡ്നി; ന്യൂസിലണ്ട എന്നീ സ്ഥലങ്ങളിൽ ബ്രിട്ടീഷുകപ്പലുകൾ എത്തുന്നു. ബ്രിട്ടനിൽ നിന്നു ഈ സ്ഥലങ്ങളിലേക്കുള്ള ദൂരവും ഇവയുടെ സ്ഥാനവും ഭൂപടം നോക്കി

കണ്ടുപിടിക്കുക. ഈ സ്ഥലങ്ങളിലേക്കു മാത്രമേ ബ്രിട്ടീഷുകപ്പലുകൾ പോകുന്നുള്ളുവെന്നു ധരിക്കരുത്. ലോകത്തിൽ എവിടേയും ബ്രിട്ടീഷുകപ്പുകലുകൾ ചെല്ലുന്നു.

ഇതിനും പുറമെ ബ്രിട്ടന്റെ തീരത്തുള്ള പട്ടണങ്ങൾ തോറും ദിനംപ്രതി ഗതാഗതം ചെയ്യുന്ന കപ്പലുകളുമുണ്ട്. ഹോളിഹെഡ്ഡ, ലിവർപൂൾ എന്നിങ്ങിനെ ബ്രിട്ടന്റെ പടിഞ്ഞാറെതീരത്തുള്ള പട്ടണങ്ങളിൽ നിന്നു ഡബ്ളിൻ, ബെൽഫസ്റ്റ മുതലായി അയർലണ്ടിന്റെ കിഴക്കെ തീരത്തുള്ള പട്ടണങ്ങളിലേക്കു ദിനംപ്രതി കപ്പലുകൾ പോകുന്നു. ബ്രിട്ടന്റെ തെക്കെതീരത്തുനിന്നും യൂറോപ്പിലെ സ്ഥലങ്ങളിലേക്കു കപ്പലുകൾ ഗതാഗതം ചെയ്യുന്നു. പാരീസ്സ, ബർലിൻ, ബ്രിൻഡീസി എന്നീ സ്ഥലങ്ങൾ നോക്കുക.

ഇംഗ്ലണ്ടിലെ മിക്ക നദികളിലും ഗതാഗതസൌകൎയ്യമുണ്ട്. കപ്പൽചാലുകളും കുത്തീട്ടുണ്ട്. പ്രധാനമായ ഒരു ചാലാണു മാഞ്ചസ്റ്റർ കനാൽ.

രാജ്യത്തെങ്ങും കല്ലിട്ടുതല്ലിയ പാതകളുണ്ടെന്നു പറയേണ്ടതില്ലല്ലോ.

## അദ്ധ്യായം 38.

### ബ്രിട്ടീഷ്ദ്വീപുകൾ

#### ജനങ്ങൾ

ക്രൈസ്തവവർഷാരംഭകാലത്തു ബ്രിട്ടീഷുദ്വീപുകളിലെ ജനങ്ങൾ കെൽട്ടുകളായിരുന്നു. പിന്നെ റോമൻകാർ

ദ്വീപുകളെ ആക്രമിച്ചു കുറെഭാഗം കരസ്ഥമാക്കി. 4 ശതാബ്ദകാലത്തോളം അവർ രാജ്യം സ്വാധീനത്തിൽ വച്ചുകൊണ്ടിരുന്നു. പിന്നെ ട്യൂട്ടൻവർഗ്ഗക്കാർ ഇംഗ്ലണ്ടിനെ ആക്രമിച്ചു. അവരിൽ പ്രമാണികൾ ആംഗൽസായിരുന്നു. അവർ താമസമാക്കിയ ഭാഗത്തിനു ആംഗിൾസ്‌ലണ്ട്: ഇംഗ്ലണ്ട എന്നു പേരായി. പിന്നെ ഡെയിൻകാർ രാജ്യത്തു കടന്നുകൂടി. ഇംഗ്ലണ്ട വളരെ കാലം അവരുടെ അധീനത്തിലായിരുന്നു. ഡെയിൽകാരിൽ ചിലർ ഫ്രാൻസിന്റെ വടക്കുഭാഗത്തു താമസമാക്കി. അവരെ നോമ്മൻകാരെന്നു വിളിച്ചുവന്നു. 1066_ൽ നോമ്മൻകാർ ഇംഗ്ലണ്ട കരസ്ഥമാക്കി. 1603 വരെ ഇംഗ്ലണ്ടും; സ്കോട്ടലണ്ടും പ്രത്യേകരാജ്യങ്ങളായിരുന്നു. 1605_ൽ രണ്ട രാജ്യങ്ങളും ഒരു രാജാവിന്റെ കീഴിലായി. 1800_ൽ അയർലണ്ടും ബ്രിട്ടന്റെ അധീനത്തിലായി. പക്ഷെ 1921_ൽ ഐറിഷ് ഫ്രീസ്റ്റെററ എന്നൊരു പുതു രാജ്യം സ്ഥാപിതമാകയുണ്ടായി.

ഇന്ന് ബ്രിട്ടീഷുദ്വീപുകളിൽ 4,70,00,000 ജനം നിവസിക്കുന്നു. ഈ സംഖ്യ ഏതാണ്ട നമ്മുടെ മദ്രാസുസംസ്ഥാനത്തിലെ ജനസംഖ്യയോട തുല്യമാണ്. ജനത്തിരക്ക് എല്ലായിടത്തും ഒരുപോലെ അല്ല. ഇംഗ്ലണ്ടിൽ ചതുരശ്രമൈൽ ഒന്നിന് 668_ൽ അധികം ജനമുണ്ട്. എന്നാൽ ദ്വീപുകളിലാസകലം നോക്കിയാൽ ചതുരശ്രമൈൽ ഒന്നിനു 344 ആളുകൾ മാത്രമേയുള്ളു. ഇന്ത്യയിൽ ഇന്നാകെ 37 കോടി ജനമുണ്ട്. ചതുരശ്രമൈൽ ഒന്നിനു ഏതാണ്ട 191 ആളുകളെക്കാണും.

ജനങ്ങളിൽ അധികഭാഗവും പ്രോട്ടസ്റ്റൻറ് ക്രിസ്ത്യാനികളാണ്. അയർലണ്ടിൽ മാത്രമേ റോമൻകത്തോലിക്കരെ കാണുന്നുള്ളൂ. എഴുത്തും വായനയും അറിയാത്തവർ നന്ന ചുരുക്കമാണ്. ഇംഗ്ലീഷാണു പ്രധാന ഭാഷ. വെൽഷു, ഗെയിലിക്ക എന്നീ ഭാഷകളും സംസാരിച്ചുവരുന്നു. പ്രാഥമിക വിദ്യാഭ്യാസം നിർബ്ബന്ധവും സൌജന്യവുമാണ്.

---

## അദ്ധ്യായം 39.

### ബ്രിട്ടീഷ് ദ്വീപുകൾ.

പട്ടണങ്ങൾ:

ഇംഗ്ലണ്ടിലെ പട്ടണങ്ങൾ വ്യവസായകേന്ദ്രങ്ങൾ, തുറമുഖങ്ങൾ, സർവ്വകലാശാലാനഗരങ്ങൾ, ചരിത്രപ്രധാനങ്ങളായ സ്ഥലങ്ങൾ എന്നിങ്ങിനെയുള്ള വിഭാഗങ്ങളിൽ ഏതെങ്കിലും ഒന്നിൽ ഉൾപ്പെട്ടതായിരിക്കും.

ലണ്ടൻ.

ഈ നഗരത്തിന് 699 ചതുരശ്രനാഴിക വിസ്താരമുണ്ടത്രെ. (കൊച്ചിരാജ്യത്തിന്റെ ആകെ വിസ്താരം 1417 ചതുരശ്രനാഴിക മാത്രമാണ്. അപ്പോൾ നമ്മുടെ രാജ്യം ലണ്ടന്റെ എത്ര ഇരട്ടിയാണെന്നു കണ്ടുപിടിക്കുക.) ലണ്ടനിൽ ബോംബെനഗരത്തിലുള്ളതിന്റെ 6 ഇരട്ടി ജനമുണ്ട്. ലോകത്തിലെ ഏററവും വലിയ നഗരമാണിതു്. രണ്ടാമത്തേതു ഐക്യനാടുകളിലെ ന്യൂയോക്കാണ്. ല




ണ്ടൻ താംസുനദിയിന്മേൽ സ്ഥിതിചെയ്യുന്നു. ചായ, കാപ്പി, സുഗന്ധദ്രവ്യങ്ങൾ, റബ്ബർ, രോമം എന്നിവ ഇവിടെയാണ് ഇറക്കുന്നതു്. ഈ നഗരം ഒരു വ്യവസായകേന്ദ്രവും ഒരു സർവ്വകലാശാലയുടെ ഇരിപ്പിടവുമാണ്. ഇവിടെ കോവിലകങ്ങൾ, ആപ്പീസ്സുകൾ, ബാങ്കുകൾ, വായനശാ

ലകൾ, കാഴ്ചബംഗ്ലാവുകൾ, ആസ്പത്രികൾ മുതലായ അനവധി കെട്ടിടങ്ങളുണ്ട്. ഇവിടെത്തന്നെ 100 തീവണ്ടിയാപ്പീസ്സുകളുമുണ്ട്. ഈ നഗരം ബ്രിട്ടന്റെ തലസ്ഥാനമാണെന്നു പറയേണ്ടതില്ലല്ലൊ.

പ്ലിമത്തു, സൌത്ത് ആംപ്ടൻ, ഡോവർ എന്നിവ ഇംഗ്ലണ്ടിന്റെ തെക്കെതീരത്തുള്ള തുറമുഖങ്ങളാണ്.

ബ്രിസ്റ്റൽ എന്ന നഗരം ബ്രിസ്റ്റൽ ചാനലിന്റെ കരയിലാണ്. അവിടെ പഞ്ചസാര, പുകയില, നേന്ത്രക്കായ, കൊക്കൊ എന്നിവ ഇറക്കുന്നു.

കാർഡിഫ്, സ്വാൻസീ, ന്യൂപോർട്ട് എന്നിവ വെയിത്സിലെ തുറമുഖങ്ങളാണ്. കല്ക്കരി കയററി അയക്കുന്ന തുറമുഖങ്ങളിൽ പ്രധാനമായതു കാർഡിഫാണ്.

ലിവർപൂളാണു മേഴ്സിയിലെ പ്രധാന തുറമുഖം. ഇവിടത്തെ പ്രധാന കയററുമതികൾ വസ്ത്രങ്ങൾ, ആയുധങ്ങൾ, തോൽസാമാനങ്ങൾ എന്നിവയും; പ്രധാന ഇറക്കുമതികൾ പരുത്തി, രോമം, മരം, തോൽ എന്നിവയുമാണ്.

ബർക്കൻഹെഡ് ലിവർപൂളിനെ സഹായിക്കുന്ന ഒരു പട്ടണമാണ്.

ഗ്ലാസ്ഗോവാണു മദ്ധ്യസ്കോട്ട്ലണ്ടിലെ പ്രധാന തുറമുഖം.

ലീത്ത്, ഡൻഡി, അബർഡീൻ എന്നിവ സ്കോട്ട്ലണ്ടിന്റെ കിഴക്കെ തീരത്താണ്.

ന്യൂകാസിലാണ് ഇംഗ്ലണ്ടിന്റെ കിഴക്കെ തീരത്തെ പ്രധാന തുറമുഖം.

ഡർഹാം എന്ന കേൗണ്ടിയിലെ പ്രധാന നഗരമാ ണ്ട ഡർഹാം. ഇവിടെ ഒരു സൎവ്വകലാശാലയുണ്ട്.

കാർലൈൽ കംപർലണ്ടിലെ പ്രധാനപട്ടണമാണ്. ഇവിടെ ഒരു പള്ളിയുണ്ട്.

ബോൾട്ടൻ, ബ്ലാക്കബേൺ, ബേൺലി, പ്രെസ്റ്റൻ, റോക്ക്ഡേൻ എന്നിവിടങ്ങളിൽ പരുത്തിവ്യവസായം നട ക്കുന്നു.

ചെസ്റ്റർ ചെഷയറിലെ പ്രധാന പട്ടണമാണ്.

കേംബ്രിഡ്ജ് പട്ടണം സൎവ്വകലാശാലയ്ക്കു പ്രസിദ്ധ പ്പെട്ടിരിക്കുന്നു.

നോർത്താംപ്ടൻ ചെരിപ്പുവ്യവസായത്തിന്റെ കേ ന്ദ്രസ്ഥാനമാണ്.

ഓക്സ്ഫോർഡു സൎവ്വകലാശാലയ്ക്കു കേൾവിപ്പെട്ടിരി ക്കുന്നു.

കാൻററർബറിയിലെ ബിഷപ്പാണ് ഇംഗ്ലണ്ടിലെ മതനായകൻ.

റീഡിംഗ് എന്ന നഗരം ബിസ്കററിനു ശ്രുതിപ്പെട്ടി രിക്കുന്നു.

വിൻസർ, രാജാക്കന്മാരുടെ നിവാസപ്രദേശമാണ്.

ഈററണിലെ സ്കൂൾ പ്രസിദ്ധമായതാണ്.

ബാത്ത് ഒരു സുഖവാസസ്ഥലമാണ്.

അബർഡീനിൽ ഒരു സൎവ്വകലാശാലയുണ്ട്.

എഡിൻബറൊ സർവ്വകലാശാലയ്ക്കു പ്രസിദ്ധപ്പെട്ടി രിക്കുന്നു.

# അദ്ധ്യായം 40.

## ബ്രിട്ടീഷ് ദ്വീപുകൾ.

### ഗവർമ്മെണ്ട്.

രാജാവും പാർലിയമേണ്ടും കൂടിയാണു ഭരണം നടത്തുന്നതു്. രാജസ്ഥാനം പാരമ്പര്യാവകാശവഴിക്കുള്ളതാണു്. രാജാവിന്റെ ശക്തിയെ പാർലിയമേണ്ടു നിയന്ത്രിക്കുന്നു. പാർലിയമേണ്ടിൽ രണ്ടു വിഭാഗങ്ങളുണ്ടു്. അവ പ്രഭുസഭയും പൊതുജനസഭയുമാണു്. പ്രഭുസഭയിലെ അംഗങ്ങൾക്കു പാരമ്പര്യാവകാശമുണ്ടു്. ബിഷപ്പുമാർ മുതലായവരും പ്രഭുസഭയിലെ അംഗങ്ങളാണു്. ബിഷപ്പുമാരേയും മററും ലോർഡ്സ് സ്പിരിച്ച്വലെന്നും, സാധാരണ പ്രഭുക്കന്മാരെ ലോർഡ സ് ടെംപൊറലെന്നും വിളിക്കുന്നു. പൊതുജനസഭയിൽ 615 അംഗങ്ങളുണ്ടു്. അവരെ ജനങ്ങൾ തിരഞ്ഞെടുക്കുന്നു. പണത്തെ സംബന്ധിച്ച സകല കാര്യങ്ങളിലും പൊതുജനസഭയ്ക്കാണധികാരം. പൊതുജനസഭ പാസ്സാക്കിയ ബില്ലിനെ പ്രഭുസഭയൊ, രാജാവൊ തള്ളാവമില്ല. പൊതുജനസഭയിൽ കോൺസർവേററിവ്, ലിബറൽ എന്നിങ്ങനെ പലേ കക്ഷികളുമുണ്ടു്. ഏതെങ്കിലും ഒരു കക്ഷിയിലെ അംഗങ്ങൾക്കു ഭൂരിപക്ഷമുണ്ടായിരിക്കും. ആ കക്ഷിയിലെ നേതാവിനെയാണു രാജാവു പ്രധാന മന്ത്രിയാക്കുന്നതു്. പ്രധാനമന്ത്രി രാജാവിന്റെ സമ്മതത്തോടുകൂടി മററു മന്ത്രിമാരെ തിരഞ്ഞെടുക്കുന്നു. അവരുടെ സ

ഭയ്ക്ക മന്ത്രിസഭ—കാബിനററ—എന്ന പേർ. അവരാണു വാസ്തവത്തിൽ ഭരണം നടത്തുന്നതു്.

രാജാവു ജോർജ് ആറാമനാണ്. അദ്ദേഹം-ഇന്ത്യാ ചക്രവർത്തിയും കൂടിയാണെന്നു ധരിക്കുക. പ്രധാനമന്ത്രി മിസ്റ്റർ വിൻസ്റ്റൻ ചർച്ചിലുമാകുന്നു.

## അദ്ധ്യായം 41.

### ബ്രിട്ടീഷ് ദ്വീപുകൾ.

#### ഐറിഷുഫ്രീസ്റ്റേററ.

അയർലണ്ടു എന്ന ദ്വീപിൽ അധികഭാഗവും ഈ രാജ്യത്തിലുൾപ്പെടുന്നു. വടക്കുകിഴക്കു ഭാഗം മാത്രമേ ഇന്നു ഗ്രേററ ബ്രിട്ടന്റെ അധീനത്തിലുള്ളൂ. ഐറിഷുഫ്രീസ്റ്റേററിനു ഏതാണ്ടു സിലോണിന്റെ വലിപ്പം കാണും. പക്ഷേ, അവിടെ സിലോണിലുള്ളത്ര ജനങ്ങളില്ല.

അയർലണ്ടിലെ മദ്ധ്യ മൈതാനവും മലകളും ഈ സ്റ്റേററിലുൾപ്പെടുന്നു. മദ്ധ്യ മൈതാനം ഷാനൻനദിയുടെ തടമാണ്. ഇതു താഴ്ന്ന ഒരു പ്രദേശമാകുന്നു. ഇവിടത്തെ പ്രധാന വിളവു ഉരുളക്കിഴങ്ങാണ്. പുല്ലു സമൃദ്ധിയാകയാൽ കന്നുകാലികളും ധാരാളമുണ്ടു്.

മലകളിൽ കിഴക്കുഭാഗത്തു ഒരു വിടവുമുണ്ടു്. അവിടെയാണു ഡബ്ളിൻ. ഡബ്ളിനിൽ ചെറുതരം വ്യവസാ

യങ്ങൾ നടക്കുന്നു. മലയുടെ ചരിവുകളിൽ യവം കൃഷി ചെയ്യുന്നു. കോൎക്ക എന്ന പട്ടണത്തിൽനിന്നു ഗവ്യങ്ങൾ കയററി അയയ്ക്കുന്നു.

ഈ രാജ്യത്തിനു അവിടത്തെ ജനങ്ങളുടെ ഭാഷയിൽ അയർ എന്നാണു പേർ. ഒരു പ്രസിഡണ്ടാണു ഭരണം നടത്തുന്നതു്.

അയർലണ്ടിന്റെ വടക്കുകിഴക്കു ഭാഗം ഗ്രെററ്ബ്രിട്ടന്റെ കീഴിലാണല്ലൊ. കിഴക്കെ അററത്തു ഫലവത്തായ മണ്ണുണ്ടു്. പടിഞ്ഞാറെ അററം ഫലപുഷ്ടി കുറഞ്ഞിരിക്കുന്നു. ഓട്സ്, ചണ എന്നിവ കൃഷി ചെയ്യുന്നു. ബെൽഫസ്റ്റിൽ ചണ വ്യവസായം നടക്കുന്നു. അയർലണ്ടിൽ കൽക്കരിയും ഇരിമ്പുമില്ലെങ്കിലും ബൽഫസ്റ്റിൽ കപ്പൽപ്പണി നടക്കുന്നു. വടക്കുകിഴക്കൻ അയർലണ്ടിന്റെ തലസ്ഥാനമാണു് ബെൽഫസ്ററ.

ശുഭം.

582